# ദീർഘദർശി

## ഡൺസ്റ്റനച്ചൻ

ഡബ്ല്യു. ജെ. തറയിൽ

Dharmaram Publications
No. 496

# ദീർഘദർശി ഡൺസ്റ്റനച്ചൻ

ഡബ്ല്യു. ജെ. തറയിൽ

പ്രേഷിത കമ്മ്യൂണിക്കേഷൻസ്
ലിറ്റിൽ ഫ്ളവർ മിഷൻ സെന്റർ
ഭാരതിയാർ യൂണിവേഴ്സിറ്റി പി.ഒ.
കോയമ്പത്തൂർ 641 046
&
ധർമ്മാരാം പബ്ലിക്കേഷൻസ്
ബെംഗളൂരു 560 029

ദീർഘദർശി: ഡൺസ്റ്റനച്ചൻ
Dheergadharsi: Dunstonachan
(Biography of Dunston Olakkengal)

W. J. Tharayil

First Published 2020

Fr. Dunston's Birth Centenary Edition
(27 November 1920-27 November 1920)

© Preshitha Communications, Coimbatore

Cover: David, Smriti, Thrissur
Layout & Printing: Viani Printings, Kochi

ISBN: 978-81-948836-2-3
Price: Rs. 60

Preshitha Communications
Little Flower Mission Centre
Bharathiar University P. O.
Coimbatore 641 046
&
Dharmaram Publications
Bengaluru 560 029 India

# ഉള്ളടക്കം

അവതാരിക: ഫാ. സാജു ചക്കാലയ്ക്കൽ സി.എം.ഐ. 07
മുഖമൊഴി 13
ഫാദർ ഡൺസ്റ്റൻ സി.എം.ഐ.: ജീവിതരേഖ 15

## ഒന്നാം ഭാഗം

1. ഉറവിടങ്ങൾ 18
2. നവസന്യാസാശ്രമം 23
3. ഡൺസ്റ്റനച്ചനോടൊപ്പം 27
4. പാവങ്ങളോടൊത്ത് 30
5. തീക്ഷ്ണതയുള്ള ഒരു മിഷനറി 34
6. അനുസരണം 36
7. പ്രകൃതിയിലൂടെ ദൈവത്തിങ്കലേക്ക് 38
8. സത്യവും നീതിയും 40
9. ശൂന്യവൽക്കരണം 44
10. മറവിയുടെ ആദ്ധ്യാത്മികത 47
11. ലളിത ജീവിതാന്വേഷി 49
12. വന്നു, കണ്ടു, കീഴടക്കി 52

## രണ്ടാം ഭാഗം

13. നിഷ്കളങ്കതയുടെ ഗുരുശ്രേഷ്ഠൻ 58
ഫാ. പോൾ ബ്ലെയിസ് കടിച്ചീനി സി.എം.ഐ.
14. ശ്രേഷ്ഠമാനസം ഭഗവാന്റെ വാസഗൃഹം 61
ഫാ. ഫ്രാൻസിസ് കണിച്ചിക്കാട്ടിൽ സി.എം.ഐ.

15. ആദ്ധ്യാത്മികതയുടെ കണക്കുപുസ്തകം 65
ഫാ. ടെന്നി പാറയ്ക്കൽ സി.എം.ഐ.
16. ദൈവവിളിയുടെ അടിസ്ഥാനം 69
ഫാ. ബെന്നി ബെനഡിക്ട് സി.എം.ഐ.
17. ന്യായത്തിന്റെ തത്വശാസ്ത്രം 71
ശ്രീ ജോസൻ കടവി
18. പുഞ്ചിരി, നിഷ്കളങ്കതയുടെ അടിസ്ഥാനം 74
ഫാ. പോൾ പൂവ്വത്തിങ്കൽ സി.എം.ഐ.
19. ഡൺസ്റ്റനച്ചനെന്ന പുണ്യസമ്പന്നനായ ദരിദ്രസന്യാസി 76
ഫാ. ജോബി തോമസ് തുറയ്ക്കൽ സി.എം.ഐ.
20. ദൈവൈക്യശ്രമങ്ങളും മാനുഷികബന്ധങ്ങളും 82
ഡൺസ്റ്റനച്ചന്റെ ജീവിതദർശനത്തിൽ
ഫാ. സാജു ചക്കാലയ്ക്കൽ സി.എം.ഐ.

# അവതാരിക

സെമിറ്റിക് പാരമ്പര്യങ്ങളിൽ പൊതുവെയും, ക്രിസ്തീയപാരമ്പര്യത്തിൽ പ്രത്യേകിച്ചും യഥാർത്ഥ ദീർഘദർശികളും പ്രവാചകരും ദൈവത്താൽ നിയോഗിക്കപ്പെടുന്നവരാണ്. ദൈവികമായ ഒരു ദൗത്യനിർവഹണത്തിനുവേണ്ടി തങ്ങളുടേതായ താൽപര്യങ്ങളും പദ്ധതികളും മാറ്റിവച്ച് ദൈവനിമന്ത്രണങ്ങളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന പദ്ധതികളെക്കുറിച്ചും ജീവിതശൈലികളെക്കുറിച്ചും ദൈവമക്കളാകുന്ന മനുഷ്യസമൂഹത്തിൽ അവതരിപ്പിച്ച്, അത് നിവർത്തിതമാക്കാൻ അവരെവരെയും പ്രോത്സാഹിപ്പിച്ച്, ആവശ്യമെങ്കിൽ നിർബന്ധിച്ച്, ദൈവാരാജ്യനിർമിതിയിൽ പങ്കുചേരുന്നവരാണ് ദീർഘദർശികളും പ്രവാചകന്മാരും. പലപ്പോഴും മനുഷ്യബുദ്ധിക്ക് അതീതമായ കാഴ്ചപ്പാടുകളാണ് അവർ വച്ചുപുലർത്തുക; എല്ലാവർക്കും ശരി എന്ന് തോന്നുന്നത് അവർ ശരിയായി കരുതണമെന്നില്ല. ചില കാഴ്ചപ്പാടുകളും ജീവിതശൈലികളും രൂപപ്പെടുത്തുന്നതിൽ അവർക്ക് പതിവിൽ കവിഞ്ഞ നിർബന്ധങ്ങളുമുണ്ടാകും. എന്നാൽ, വെറും വാക്കുകൾകൊണ്ട് മാത്രം തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുന്നവരോ, സന്ദേശവാഹകരോ ആകില്ല അവർ; മറിച്ച്, അവർ സമൂഹത്തിനു പകർന്നുകൊടുക്കുവാൻ ആഗ്രഹിക്കുന്ന തത്വങ്ങളും കാഴ്ചപ്പാടുകളും, അവ എത്ര ബുദ്ധിമുട്ടേറിയവ ആയിരുന്നാലും, തങ്ങളുടെ ജീവിതത്തിൽ പകർത്തുകയും, അതിലൂടെ ആ തത്വങ്ങളും കാഴ്ചപ്പാടുകളും തങ്ങളോടുകൂടെയുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്യുന്നവരായിരിക്കും. അവരുടെ കാഴ്ചപ്പാടുകൾക്കും ജീവിതശൈലികൾക്കും ഉറപ്പും സ്ഥായീഭാവവും ഉണ്ടാവുക സ്വാഭാവികം.

വരാനിരിക്കുന്ന ഒരു ജീവിതാവസ്ഥയെ സുവിശേഷമൂല്യങ്ങൾക്കനുസരണമായി വിഭാവനം ചെയ്യുവാനും, അത് നിവർത്തിതമാക്കുവാനുള്ള ആന്തരീക ആജ്ഞാശക്തി അവരിൽ ഉത്ഭൂതമാകുന്നത് അവർ കൈവരിച്ചിട്ടുള്ള ദൈവാനുഭവത്തിൽനിന്നുമാണ്, യേശു അനുഭവത്തിൽനിന്നുമാണ്. ഇത് സംജാതമാകുന്നതിന് കാരണമായിരിക്കുന്നത്

അവർ വച്ചുപുലർത്തിയ ദൈവവുമായുള്ള ആത്മാർത്ഥമായതും ആഴമേറിയതുമായ വ്യക്തിബന്ധമാണ്. ഈ വ്യക്തിബന്ധം അവരുടെ ജീവിതത്തെ അടിമുടി ഉടച്ചു വാർക്കുകയും, സുവിശേഷമൂല്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ രീതിയിൽ തങ്ങളുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും രൂപപ്പെടുത്തുകയും ചെയ്യും. തങ്ങളോട് ചേർന്ന് നിൽക്കുന്നവരും സമൂഹവും എത്രകണ്ട് തങ്ങളുടെ ജീവിതശൈലിയുമായി പൊരുത്തപ്പെടുന്നില്ലെങ്കിലും, അവരുടെ ഭാഗത്തുനിന്ന് തുടർച്ചയായി വെല്ലുവിളികൾ ഉയർന്നുവന്നാലും ഉലയുന്നതാകില്ല അവരുടെ തീരുമാനങ്ങളും കാഴ്ചപ്പാടുകളും. കാരണം, ദൈവത്തിൽ നങ്കൂരമിട്ടിരിക്കുന്ന അവരുടെ ജീവിതത്തിൽ മറ്റുസ്രോതസ്സുകളിൽനിന്നും ഉയിർകൊള്ളുന്ന യാതൊരു കാറ്റിനും കോളിനും അവരെ മാറ്റിമറിക്കാനുതകുന്ന തിരമാലകൾ സൃഷ്ടിക്കാനാകില്ല. ദൈവത്തിലും ദൈവവചനത്തിലും ഊന്നിയിരിക്കുന്നതുകൊണ്ട് പ്രതികൂല സാഹചര്യങ്ങളിൽ ഉലയാതെ ഒരു പാറ കണക്കെ അവർക്ക് ഉറച്ചുനിൽക്കാനാകും.

കൂടാതെ, ദൈവികതയിൽ ദൃഷ്ടികൾ ഉറപ്പിച്ച് ജീവിക്കുന്നതിനാൽ അവർക്ക് ദൈവികദർശനം സ്വന്തമാക്കാനാകും; അതുകൊണ്ടുതന്നെ ഒരു സാധാരണക്കാരൻ കാണുന്ന കാഴ്ചകൾക്കപ്പുറം ദൃഷ്ടികൾ എത്തിക്കുവാനും വരാനിരിക്കുന്നവയെ ദൈവീകമായ കാഴ്ചപ്പാടിൽ ദർശിക്കാനുമുള്ള പ്രാഭവം അവർക്ക് സ്വന്തമാകും; ദൈവികതയിൽ അടിസ്ഥാനമിട്ട ഒരു ഭാവിയെ വിഭാവനം ചെയ്യാനുമവർക്കാകും. ആയതിനാൽ, അവർക്ക് ആത്മാവിന്റെ ശക്തിയിൽനിന്നും ഉയർന്നുവരുന്ന ആത്മീയദർശനം, അല്ലെങ്കിൽ ദീർഘദൃഷ്ടി സ്വായത്തമാകുന്നു. അവർ ദീർഘദർശികളാകുന്നു; ദൈവത്തിന്റെ സ്വന്തം പ്രവാചകന്മാരാകുന്നു.

ഞാൻ കണ്ട്, പരിചയപ്പെട്ട്, അനുഭവിച്ചറിഞ്ഞ ഡൺസ്റ്റൻ ഒലക്കേങ്കലച്ചന്റെ  (27 നവംബർ 1920–20 ഒക്ടോബർ 2006) ജീവിതത്തെക്കുറിച്ച് വിചിന്തനം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ ജീവിതം തീർത്തും ഒരു ദീർഘദർശിയുടേതായിരുന്നു എന്ന് ഉറച്ച ബോധ്യത്തോടുകൂടെ പറയുവാനാകും. 1980 മുതൽ അദ്ദേഹത്തെ കണ്ടിട്ടുണ്ടെങ്കിലും, 1983ൽ ഡൺസ്റ്റനച്ചന്റെ കീഴിൽ ഒരു നവസന്ന്യാസിയായി പരിശീലനത്തിനെത്തിയ ദിവസം മുതലാണ് അദ്ദേഹത്തെ വളരെ അടുത്ത് അറിയാനായത്. തികഞ്ഞ ഒരു സാത്വികനായിരുന്ന ഡൺസ്റ്റനച്ചന് ഉയർന്ന ദൈവികഭാവവും ഏറ്റവും എളിയതായ മാനുഷീകഭാവവും സ്വതസി

ദ്ധമായിരുന്നു. ആധ്യാത്മീകശാസ്ത്രത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അറിവും അനുഭവജ്ഞാനവും ശിഷ്യരായ ഞങ്ങൾക്കു പങ്കുവച്ച് തരുമായിരുന്നു. എന്നാൽ, അദ്ദേഹം പകർന്നുതന്ന സൈദ്ധാന്തികമായ അറിവിനേക്കാൾ ഞങ്ങളെ കൂടുതൽ സ്വാധീനിച്ചിട്ടുള്ളത് ഡൺസ്റ്റനച്ചൻ പ്രാർത്ഥനാമുറിയിൽ ചിലവഴിച്ചിട്ടുള്ള മണിക്കൂറുകളും പ്രാർത്ഥനക്കു അദ്ദേഹം ജീവിതത്തിൽ നൽകിയിരുന്ന പ്രാധാന്യവുമാണ്. ജോലിത്തിരക്കോ യാത്രയോ അദ്ദേഹത്തിന്റെ പ്രാർത്ഥനക്കുള്ള നിഷ്ഠയിൽനിന്നും ഒരിക്കലും വ്യതിചലിപ്പിക്കുമായിരുന്നില്ല. നിർബന്ധപൂർവവും നിരന്തരവുമായി ധ്യാനാത്മകതയിൽ നിലനിൽക്കുവാനും, വളരുവാനുമായി ഡൺസ്റ്റനച്ചൻ സ്ഥിരോത്സാഹത്തോടെ പരിശ്രമിച്ചിരുന്നു. അങ്ങിനെ ദൈവവുമായി ഒരു ആത്മഐക്യം നേടിയ ഒരു വ്യക്തിയെയാണ് എന്റെ നവാസന്ന്യാസ ഗുരുവിൽ എനിക്ക് കാണാനായത്; അതുതന്നെയായിരുന്നു എന്റെ പരിശീലനപ്രക്രിയയിൽ എന്നെ ഏറ്റവും കൂടുതൽ സ്പർശിച്ചതും.

നവാസന്ന്യാസപരിശീലനത്തിനുശേഷം ഏതാണ്ട് നാലരവർഷത്തോളം തത്വശാസ്ത്രപഠനത്തിൽ ഏർപ്പെട്ട ഞാൻ, വീണ്ടും ഒരിക്കൽക്കൂടി ഡൺസ്റ്റനച്ചന്റെ സന്തതസഹചാരിയായി ചെന്നിമല എന്ന തമിഴ്നാട്ടിലെ ഒരു ഗ്രാമത്തിൽ ലളിതജീവിതത്തിനായി രണ്ടുമാസം താമസിക്കുകയുണ്ടായി. ശാന്തമായി ഇടപെടുന്നതും, ദീർഘനേരം പ്രാർത്ഥനയിൽ ആയിരിക്കുന്നതും ഡൺസ്റ്റനച്ചന്റെ മുഖമുദ്രയായിരുന്നു. ഒരു ശെമ്മാശ്ശനെന്ന നിലയിൽ കാണാതെ, എല്ലാ കാര്യങ്ങളിലും സ്വാതന്ത്ര്യം നൽകി, ശ്രദ്ധയോടുകൂടി എന്നെ വളർത്തുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന കരുതൽ ഒരു ഗുരുഭൂതന്റേതെന്നതിനേക്കാൾ കൂടുതലായി എന്നെ ആത്മാർഥമായി സ്നേഹിക്കുന്ന, വളർത്തുന്ന ഒരു പിതാവിന്റേതായിരുന്നു. ഉപനിഷത്തുകളിലെ ഋഷിവര്യന്മാരുടെ അരികിലെന്നപോലെ ഡൺസ്റ്റനച്ചന്റെ പാദാന്തികത്തിലിരുന്ന് അദ്ദേഹത്തെ ശ്രവിക്കുവാനും അദ്ദേഹത്തോടൊപ്പം തുടർച്ചയായി പ്രാർത്ഥിക്കുവാനും, അദ്ദേഹത്തിന്റെ ജീവിതദർശനങ്ങൾ പങ്കിടുവാനും ഈ ചുരുങ്ങിയ കാലയളവിലുള്ള താമസം വഴി ദൈവം ഇടവരുത്തി എന്നുള്ളതിൽ എനിക്ക് ഒത്തിരി സന്തോഷവും ചാരിതാർഥ്യവും തോന്നുന്നു. ഈ അനുഭവങ്ങൾ ഡൺസ്റ്റനച്ചനെ ഏറ്റവും കൂടുതൽ അടുത്തറിയുന്നതിനും അനുഭവിക്കുന്നതിനും എനിക്ക് അവസരം നൽകി.

രണ്ടുവർഷവും (നവസന്ന്യാസം) രണ്ടുമാസവും (ചെന്നിമലയിലെ ലളിതജീവിതം) ഞാൻ അടുത്തുകണ്ട ഡൺസ്റ്റനച്ചൻ തീർത്തും ഒരു ദീർഘദർശിയായിരുന്നു. വിശുദ്ധഗ്രന്ഥത്തിന്റെ താളുകളിൽ നാം കണ്ടുമുട്ടുന്ന പ്രവാചകന്മാർ കണക്കെ ദൈവത്തിന്റെ മനസ്സറിയാൻ കഴിഞ്ഞ ഒരു താപസശ്രേഷ്ഠനായിരുന്നു അദ്ദേഹം. സുവിശേഷത്തിലെ ഈശോയുടെ മനോഭാവങ്ങൾ പ്രത്യേകിച്ചും നീണ്ടമണിക്കൂറുകൾ പിതാവുമായി പ്രാർത്ഥനയിൽ ചിലവിടുന്നതും പാവങ്ങളുമായി താതാന്മ്യം പ്രാപിക്കുന്നതുമായ യേശുവിന്റെ ജീവിതശൈലി ഡൺസ്റ്റനച്ചന് സ്വന്തമാക്കാൻ കഴിഞ്ഞിരുന്നു. സത്യത്തിനും നീതിക്കുംവേണ്ടി നിലകൊണ്ട യേശുവിന്റെ കാഴ്ചപ്പാടുകൾ സ്വന്തമാക്കിയ ഡൺസ്റ്റനച്ചൻ വളരെ ഉറച്ച നിലപാടുകൾ ജീവിതത്തിൽ സ്വീകരിക്കുകയും, സത്യത്തിനും നീതിക്കുമെതിരായുള്ള പ്രവർത്തനശൈലികളോട് ശക്തിയുക്തം എതിർക്കുകയും ചെയ്യുമായിരുന്നു. താൻ അംഗമായിരിക്കുന്ന സന്ന്യാസ സമൂഹത്തിൽ ഒരു പ്രവാചകനായി തീരുവാനുള്ള ഉൾവിളിയും ഡൺസ്റ്റനച്ചന് സ്വന്തമായിരുന്നു; ദൈവം അതിനായി അദ്ദേഹത്തെ ഒരുക്കി. വളരെ പ്രത്യേകമായി, അനീതിയോട് സന്ധിയില്ലാസമരം ചെയ്യുകയും, പാവങ്ങളോട് പക്ഷം ചേരുകയും ചെയ്യുന്നത് ഡൺസ്റ്റനച്ചന്റെ രണ്ടാം സ്വഭാവമായിരുന്നു. കൈക്കൂലി കൊടുക്കുകയോ വാങ്ങുകയോ ചെയ്യുന്നത് സുവിശേഷാത്മകമായ ഒരു ജീവിതശൈലിക്ക് തീർത്തും വിപരീതമാണെന്ന് മനസ്സിലാകുകയും, അത്തരത്തിലുള്ള ശ്രമങ്ങൾക്കെതിരെ ഉറച്ച നിലപാട് എടുക്കുവാനും ഡൺസ്റ്റനച്ചൻ എന്നും മുൻനിരയിൽ ഉണ്ടായിരുന്നു.

സാധാരണക്കാരിൽ സാധാരണക്കാരനായി തനിക്കേല്പിക്കപെട്ട ദൗത്യത്തിൽ ഏർപ്പെടുകയും, സാധാരണക്കാരുമായി എളുപ്പത്തിൽ താദാത്മ്യം പ്രാപിക്കുകയും, പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള വളരെ ലളിതമായ ജീവിതശൈലി രൂപപ്പെടുത്തുകയും, നിതാന്തമായ ദൈവൈക്യത്തിൽ ജീവിക്കുകയും, അതോടൊപ്പം തന്റെ സഹജീവികളുടെ വേദനകളും കഷ്ടപ്പാടുകളും മനസ്സിലാക്കി, തന്നാൽ ആവും വിധം അവരുടെ ജീവിതങ്ങളിൽ ഒരു കൈത്താങ്ങാകുവാൻ ശ്രമിക്കുകയും, തന്റെ ശിക്ഷണത്തിനായി തന്നോട് ചേർത്തുവച്ചവരുടെ സമഗ്രമായ വളർച്ച നേടിയെടുക്കുവാൻ വേണ്ടി അഹോരാത്രം അധ്വാനിക്കുകയും, അവരുടെ ജീവിതങ്ങളിൽ ദൈവീകമായ അനുഭവം സ്വന്തമാക്കുവാൻവേണ്ടി തന്റെ ജീവിതമാതൃകവഴി അവരെ ഉൽബോധിപ്പിക്കുകയും ചെയ്ത ഡൺസ്റ്റനച്ചനിലൂടെ തിരിച്ചറി

ഞ്ഞ ഒരു സുവിശേഷാത്മക ദീർഘദർശിയെയാണ് അദ്ദേഹത്തിന്റെ ശിഷ്യനായ വിൽസൺ തറയിലച്ചനും (ഡബ്ള്യു. ജെ. തറയിൽ) അദ്ദേഹത്തോട് സഹകരിച്ച ഇതരവ്യക്തികളും കൂടെ 'ദീർഘദർശി' എന്ന ശീർഷകത്തിൽ നമുക്കായി അവതരിപ്പിക്കുന്നത്.

'ദീർഘദർശി: ഡൺസ്റ്റനച്ചൻ' ഒരു ജീവചരിത്രമല്ലെങ്കിലും, ഈ ചെറുഗ്രന്ഥത്തിന്റെ താളുകളിലൂടെ നമ്മുടെ മുമ്പിൽ അനാവരണം ചെയ്യപ്പെടുന്നത് ഗ്രന്ഥകർത്താവും ഇതര എഴുത്തുകാരും അനുഭവിച്ചറിഞ്ഞ ഡൺസ്റ്റനച്ചൻ എന്ന വ്യക്തിയുടെ ജീവിതത്തിലെ അനന്യമായ വിവിധ ഭാവങ്ങളാണ്. ശിഷ്യരും സഹപ്രവർത്തകരും ചേർന്ന് നടത്തിയിട്ടുള്ള ഈ സംരഭം തികച്ചും പ്രശംസാർഹവും വായനക്കാർക്ക് ഡൺസ്റ്റനച്ചനെക്കുറിച്ച് ആഴത്തിലുള്ള അറിവ് പകർന്നു നൽകുന്നതിന് ഉപയുക്തവുമാണ്.

ഡൺസ്റ്റനച്ചന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ അസുലഭമുഹൂർത്തത്തിൽ വിൽസൺ തറയിലച്ചൻ ഓർത്തെടുക്കുവാൻ ശ്രമിച്ച ഈ അമൂല്യനിമിഷങ്ങളിലൂടെ വ്യക്തിപരമായ അനുഭവങ്ങൾ പുതിയ തലമുറക്കായി പകർന്നുകൊടുക്കുവാൻ ഈ പുസ്തകത്താളുകൾക്കാകുമെന്ന് ഞാൻ തിരിച്ചറിയുന്നു. തന്റെ വ്യക്തിപരമായ അനുഭവങ്ങളോടൊപ്പം തന്റെ സതീർഥ്യരുടെയും ഗുരുഭൂതന്മാരുടെയും പങ്കുവെക്കലുകൾകൂടെ ചേർത്ത് വെക്കുമ്പോൾ ഈ പുസ്തകം ഒരു വിഭവസമൃദ്ധമായ വിരുന്നായി മാറുന്നു. തങ്ങളുടെ വ്യക്തിപരമായ അനുഭവങ്ങളിൽനിന്നും ഓർത്തെടുത്ത ഈ മുത്തുകൾ ഡൺസ്റ്റനച്ചന്റെ ജീവിതത്തെക്കുറിച്ചുള്ള അനുഭവസാക്ഷ്യങ്ങളും, അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിക്ക് നിദർശനങ്ങളുമാകുന്നു.

ഡൺസ്റ്റനച്ചന്റെ ശിഷ്യരുടേയും സഹപ്രവർത്തകരുടെയും കൂട്ടായ ഈ പുണ്യശ്രമം വിശുദ്ധിനിറഞ്ഞ അദ്ദേഹത്തിന്റെ ജീവിതത്തെ കാലികസമൂഹമദ്ധ്യത്തിൽ പുനരാവിഷ്ക്കരിക്കുമ്പോൾ വിൽസൺ തറയിലച്ചനെ പ്രത്യേകമായി അഭിനന്ദിക്കുന്നതിനോടൊപ്പം, ഇത്തരത്തിലുള്ള പരിശ്രമങ്ങൾവഴിയായി ദൈവത്തിന്റെ അമൂല്യനിധിയായ ഈ പുണ്യജീവിതം കൂടുതൽ അറിയപ്പെടുവാനും, അതുവഴിയായി നിരവധിപേർക്ക് അവരുടെ ജീവിതവഴിയിൽ, പ്രത്യേകിച്ചും സന്ന്യാസവൈദിക ദൈവവിളിയിൽ ദൈവികമാനങ്ങൾ തിരിച്ചറിയുന്നതിനും, ആത്മാവിന്റെ ഉൾവിളിയോട് സർഗാത്മകമായി പ്രതികരിക്കുന്നതിനും, സുവിശേഷാത്മകതയിൽ ഉത്തരോത്തരം വളരുന്നതിനും നിമിത്തമാകട്ടെയെന്ന് ആശംസിക്കുന്നു.

വിശുദ്ധി നിറഞ്ഞ ഒരു ജീവിതം നയിച്ച ഡൺസ്റ്റനച്ചൻ ക്രിസ്തീയ വിശുദ്ധിയുടെ ഒരു കണ്ണാടിയായി ഇരുപത്തൊന്നാം നൂറ്റാണ്ടിൽ വിരാജിക്കട്ടെ. ദൈവികമായ ഈ പരിശുദ്ധിയുടെ പരിമളം ഏവർക്കും അനുഭവവേദ്യമാകട്ടെ. ദൈവത്തിന്റെ ആത്മാവിൽ ഊന്നിയ ദീർഘ ദർശിയായ ഡൺസ്റ്റനച്ചന്റെ സുവിശേഷത്തിൽ അടിസ്ഥാനമിട്ട ജീവി തദർശനവും, ആത്മാവിൽ നങ്കൂരമിട്ട ജീവിതശൈലിയും ഇനിയും അനേകംപേരെ വിശുദ്ധിയുടെ ജീവിതപാതയിലേക്ക് നയിക്കട്ടെ; പ്രതീക്ഷയോടെ ക്രിസ്തുശിഷ്യത്വത്തിന്റെ പടവുകൾ കയറാൻ ഏവർക്കും കൂടുതൽ കരുത്തുലഭിക്കട്ടെ.

27 നവംബർ 2020 **ഫാ. സാജു ചക്കാലക്കൽ സി.എം.ഐ.**
കോയമ്പത്തൂർ പ്രൊവിൻഷ്യൽ, പ്രേഷിത പ്രോവിൻസ്

# മുഖമൊഴി

എണ്ണവിളക്കിലെ എണ്ണ കത്തിത്തീർന്നാൽ
പിന്നെ അതിൽ എണ്ണ പകർന്നു കൊടുത്തില്ലെങ്കിൽ
ആ വിളക്കണഞ്ഞുപോകും;
അതിൽ കരിന്തിരിയെരിഞ്ഞു തുടങ്ങും.
വഴിവക്കിലെ ദീപങ്ങളണഞ്ഞു പോയാൽ
അവിടെ അന്ധകാരമാകും;
ആ കൂരിരുട്ടിൽ മനുഷ്യർ വലഞ്ഞുപോകും.
സ്ഥല സൂചികകൾ മാഞ്ഞുപോയാൽ പിന്നെ
മനുഷ്യർ വഴിയറിയാതെ അലഞ്ഞു നടക്കും.
കാലങ്ങൾ കഴിയുന്തോറും പുതിയ പുതിയ
എണ്ണവിളക്കുകളും, വഴിവിളക്കുകളും,
സ്ഥലസൂചികകളും ഉയർന്ന് വന്നുകൊണ്ടിരിക്കണം.
ഇതുപോലെ 20-ാം നൂറ്റാണ്ടിൽ കത്തി
ജ്വലിച്ചുകൊണ്ടിരുന്ന ഒരു പ്രകാശഗോള
മായിരുന്നു ഡൺസ്റ്റനച്ചൻ.
മരണം കഴിഞ്ഞിട്ട് വർഷങ്ങളായെങ്കിലും ഇന്നും
പലരുടേയും മനസ്സിൽ അനശ്വരനായി
അദ്ദേഹം ജീവിച്ചുകൊണ്ടിരിക്കുന്നു.

ജീവിതത്തിൽ ചില ഏറ്റുമുട്ടലുകളും, ന്യായന്യായപരീക്ഷണങ്ങളും, സത്യാന്വേഷണങ്ങളുമുണ്ടാകുമ്പോൾ മാളത്തിൽ ഒളിച്ചിരിക്കുന്ന സർപ്പത്തെപ്പോലെ പത്തിവിടർത്തി ആ മനുഷ്യൻ ചൊല്ലിത്തന്നതും, ജീവിച്ചുകാണിച്ചുതന്നതുമായ ചില കാര്യങ്ങൾ മനസ്സിന്റെ ഉള്ളിൽ നിന്നും പുറത്തുവരുന്നു. ചിലരൊക്കെ അത് കണ്ട് ഓടി മറയുന്നു; ചിലർ ആ പാമ്പിൽ നിന്നും കൊത്തേല്ക്കാതിരിക്കുവാൻ വേണ്ടി കിണഞ്ഞു പരിശ്രമിക്കുന്നു. ഈ പ്രക്രിയ ഒരു മനുഷ്യനിൽ മാത്രമല്ല,

ഒരു സമൂഹത്തിൽ, ഒരു തലമുറയിൽ, ഒരു ദേശത്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെങ്കിലും, ആയതിന്റെ പ്രതിഫലനങ്ങൾ ഈ പ്രപഞ്ചത്തിൽ തെളിഞ്ഞു നിൽക്കുന്നത് നമുക്ക് ദർശിക്കാവുന്നതാണ്. അതു തന്നെയാണ് ഏതൊരു മനുഷ്യജന്മത്തിന്റെ കർത്തവ്യവും, കടമയുമെന്നതും ഇവിടെ വ്യക്തമാകുന്നു.

മൂല്യച്യുതിയിൽ വഴിയറിയാതെ വിഷമിച്ചു നിൽക്കുന്ന തലമുറയ്ക്ക് ഒരു ആശ്വാസമായി, ജീവിതത്തിൽ അർത്ഥം കാണാതെ പകച്ചു നിൽക്കുന്ന മനുഷ്യർക്ക് അത്താണിയായി ഈ ദീർഘദർശി നിലകൊള്ളുന്നു. ശരിയും തെറ്റും തിരിച്ചറിയാതെ പകച്ചു നിൽക്കുന്ന സാധാരണക്കാരായ മനുഷ്യർക്ക് ഒരു ദിശാബോധമുണ്ടാക്കുവാൻ ഈ സന്യാസിയുടെ ജീവിതത്തിനായിയെന്നു പറയുന്നതിൽ സത്യമുണ്ട്. ഭൂരിപക്ഷത്തിന്റെ ചലനങ്ങളെ സാകൂതം വീക്ഷിച്ചുകൊണ്ടിരിക്കുന്ന ആധുനിക തലമുറയോട് ഉത്തരം പറയുവാൻ പ്രപഞ്ചത്തിൽ ആളില്ലാത്തതിന്റെ വിടവ് ഈ മനുഷ്യൻ നികത്തികൊണ്ടിരിക്കുകയാണ്. പുണ്യം എന്നൊന്ന് തത്വചിന്തകൻമാരോടും, ദൈവശാസ്ത്രജ്ഞൻമാരോടും അടുത്തിരുന്ന് ചോദിക്കുന്ന ആധുനികതയോട് ജീവിച്ചു കാണിച്ചു തന്ന ഈ മഹാത്മാവ് ശരിയായ ഉത്തരം കൊടുക്കുമെന്നാണ് പ്രതീക്ഷ. ആ പ്രതീക്ഷയിലാണ് ഈ ചെറിയ പുസ്തകത്തിൽ ആരംഭം കുറിയ്ക്കുന്നത്. ഇനിയും ആ ജീവിതത്തെ അപഗ്രഥിക്കുകയും, ആയതിലേയ്ക്ക് കൂടുതൽ പ്രകാശം ചൊരിയുകയും ചെയ്ത് മറ്റുള്ളവർ സമാധാനവും സന്തോഷവും അനുഭവിയ്ക്കട്ടെയെന്ന് ആശംസിക്കുന്നു.

പ്രശസ്തിയും, സുഖഭോഗങ്ങളും, സ്ഥാനമാനങ്ങളും, ഒരു ഇരയുടെ മുന്നിലേക്ക് ചാടി വീഴുവാൻ കാത്തിരിക്കുന്ന മൃഗത്തെ പോലെ ഈ ലോകത്തിൽ പതിയിരിക്കുന്നുണ്ടെന്ന് ചുറ്റുമുള്ള ഓരോ ചലനങ്ങളും വെളിവാക്കുന്നുണ്ട്. പക്ഷെ അവിടെയും ഒരു ആത്മനിർവൃതിയും, മാനസീകകാശ്വാസവും ലഭിക്കാതെ ജീവിതത്തിനർത്ഥം കാണാതെ ഈ ലോകത്തു നിന്നും വിടചൊല്ലി പോകുന്ന മനുഷ്യവർഗ്ഗത്തിന് എന്നും ഒരു സൂര്യതേജസ്സായി ഈ ദീർഘദ്ദർശി ഉണ്ടാകട്ടെയെന്ന് പ്രർത്ഥിക്കുന്നു. ലോകത്തിന്റ ചില വ്യവസ്ഥകളുടെ പുറകെ പോകാതെ ദൈവത്തിലും, ദൈവത്തിന്റെ വചനത്തിലും, ദൈവവഴിയിലും ജീവിച്ച ആ യോഗീവര്യന്റെ ജീവിത്തിനു മുൻപിൽ പ്രണമിച്ചുകൊണ്ട് ഈ പുസ്തകം ജനമധ്യത്തിൽ സമർപ്പിക്കുന്നു.


**ഡബ്ള്യൂ. ജെ. തറയിൽ**

# ഫാദർ ഡൺസ്റ്റൻ സി.എം.ഐ.
# ജീവിതരേഖ

തൃശൂർ അതിരൂപതയിൽ പാവറട്ടി ഇടവകയിൽ പുതുമനശ്ശേരിയിൽ പൗലോസ്, മറിയം ദമ്പതിമാരുടെ മകനായി 1920 നവംബർ 27-ാം തിയതി ഡൻസ്റ്റനച്ചൻ ജനിച്ചു. പാലയൂരിൽ വി. തോമാശ്ലീഹായുടെ ദേവാലയത്തിൽ മാമ്മോദീസാ മുങ്ങി, മത്തായിയെന്ന് പേര് സ്വീകരിച്ചു. പുതമനശ്ശേരി സെന്റ് മേരീസ് എലമെന്ററി സ്കൂളിലും, പാവറട്ടി സെന്റ് ജോസഫ് ഹൈസ്ക്കൂളിലും പ്രാഥമിക വിദ്യാഭ്യാസം നേടി. 1935 സെപ്റ്റംബർ 22-ാം തിയതി പാവറട്ടി യോഗാർത്ഥീ ഭവനത്തിൽ ഡൺസ്റ്റനച്ചൻ വൈദീക പരിശീലന പഠനത്തിന് ചേർന്നു. 1938 ജൂലൈ 20-ന് നവസന്ന്യാസ പരിശീലനത്തിനായി തുടക്കം കുറിച്ച്, 1938 നവംബർ 23-ാം തിയതി അമ്പഴക്കാട് നവസന്ന്യാസ ഭവനത്തിൽ വച്ച് സഭാവസ്ത്രം സ്വീകരിച്ചു. 1942 നവംബർ 24-ാം തിയതി നിത്യവ്രതമനുഷ്ഠിച്ച്, 1947 ജൂൺ 2-ാം തിയതി പാവറട്ടി ആശ്രമദേവാലയത്തിൽ നവപൂജാർപ്പണം നടത്തി. 1953-ൽ സി.എം.ഐ. സഭ മൂന്നു പ്രവിശ്യകളായി തിരിഞ്ഞപ്പോൾ അദ്ദേഹം ദേവമാതാപ്രവശ്യയിൽ അംഗമായി. 1978 ജൂൺ 22-ന് പുതുതായി രൂപംകൊള്ളാനിരുന്ന കോയമ്പത്തൂർ ഉപപ്രവശ്യയിൽ ചേരുവാൻ നിശ്ചയിച്ചു.

സെന്റ് പയസ് X ആസ്പിരന്റ്സ് ഹൗസ് വരന്തരപ്പിള്ളി, സെന്റ് ബർക്കുമാൻസ് ആസ്പിരന്റ്സ് ഹൗസ് എൽത്തുരുത്ത്, ജോതി നിവാസ് റാഞ്ചി, സെന്റ് തെരേസാസ് നൊവിഷ്യേറ്റ് അമ്പഴക്കാട്, പ്രേഷിത കോളേജ് ശരവണംപെട്ടി, സെന്റ് തോമാസ് ആശ്രമം കൊഴിഞ്ഞാമ്പാറ, ദേവമാത പ്രൊവിഷ്യൾ ഹൗസ് തൃശൂർ, സി.എം.ഐ. ഭവൻ പാലക്കാട്, ലിറ്റിൽ ഫ്ളവർ സെമിനാരി കൗണ്ടൻപാളയം, സെന്റ് പോൾസ് കടലുണ്ടി (ബ്രദേഴ്സിന്റെ അദ്ധ്യാത്മിക ഗുരു), സെന്റ് ജോസഫ് ഹോം അട്ടപ്പാടി, ലിറ്റിൽ ഫ്ളവർ സെന്റർ കോയമ്പത്തൂർ, ഭാരതമാത ആശ്രമം പാലക്കാട്, എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ലളിത ജീവിതത്തിനായി ചെന്നിമലൈ, കുളക്കാട്ടുക്കുറിശി എന്നിവിടങ്ങളിലും, സഹവികാരിയായി ചെത്തിപ്പുഴ, മണിമല, അയിരൂർ, എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2006 ഒക്ടോബർ 20-ാം തിയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

# ഒന്നാം ഭാഗം



സന്യാസി, സന്യാസം അന്വേഷിച്ചു നടന്നു. (അന്വേഷിച്ചന്വേഷിച്ച് തേടിത്തേടി നടന്നു...) പക്ഷേ കണ്ടെത്തിയില്ല. അവസാനം ഒരു വെള്ളി വെളിച്ചം. അദ്ദേഹം തന്റെ ജീവിതത്തിലൂടെ കാണിച്ചു തന്നവ ഓർത്തെ ടുത്തു. കൃതാർഥനായി... ആ തിരിനാളങ്ങൾ ഇന്നും അണയാതെ ജ്വലിച്ചു നിൽക്കുന്നു. അനേകർക്ക് വെളിച്ചമായി, തണലായി, ആശ്വാ സമായി... ഡൺസ്റ്റനച്ചൻ...

# 1

# ഉറവിടങ്ങൾ

"Don't tell me; show me!" ആധുനിക ലോകത്തിന്റെ ആപ്തവാക്യമാണിത്. സംസാരിക്കാനേറെ പേരുണ്ട്, ജീവിച്ചുകാണിയ്ക്കുവാൻ ആരുമില്ല എന്നർത്ഥം.

എന്താണ് സന്യാസം? (What is religious life?) ഈ ചോദ്യം സന്യാസം ആരംഭിച്ച കാലം മുതൽ ചോദിക്കുന്നതാണ്. സിറിയക് കണിച്ചായ് അച്ചന്റെ അഭിപ്രായത്തിൽ സന്യാസം എന്ന പദത്തിന്റെ വാച്യാർത്ഥം, പൂർണ്ണമായ (സം) എടുത്തുവയ്പ്പ് (ന്യാസം) എന്നാകുന്നു. സന്യാസത്തിന് ഇപ്പോൾ മറ്റൊരു പേരു കൂടിയുണ്ട്: consecrated life അല്ലെങ്കിൽ പ്രതിഷ്ഠിത ജീവിതം. ദൈവത്തിനും, ദൈവജനത്തിനും വേണ്ടിയുള്ള പ്രവൃത്തികൾക്കായി മാറ്റിവെയ്ക്കപ്പെട്ട ജീവിതം.

സന്യാസത്തെ രണ്ടാം വത്തിക്കാൻ കൗൺസിലിൽ വച്ച് പോൾ ആറാമൻ മാർപ്പാപ്പ അംഗീകരിച്ചുകൊണ്ട് സംസാരിച്ചു: "Those who bind themselves by vows or other sacred bonds similar to a vow" (ലുമെൻ ജെൻസിയും, അദ്ധ്യായം 6). വ്രതബദ്ധമായി, ഒരുമിച്ച് ജീവിക്കുന്ന ഒരു സമൂഹമാണ് സന്യാസം.

“A form of new and original consecration, spinging forth from the Holy spirit, to be lived amidst temporal reality” ( Pope Paul VI).

പക്ഷേ പ്രത്യക്ഷത്തിൽ ഇതൊന്നും സന്യാസജീവിതം എന്തെന്ന് പറയുവാൻ പര്യാപ്തമല്ല. സന്യാസം അന്വേഷിച്ച് ഞാൻ പല ആശ്രമങ്ങളിലും പോയി, അവിടെയെല്ലാം സന്യാസജീവിതങ്ങളുണ്ട്, പക്ഷേ വ്യക്തമായി ഒന്നും ഗ്രഹിക്കുവാൻ സാധിച്ചില്ല. ഹിമാലയത്തിലെ ഋഷികേശിൽ ചെന്നാൽ അവിടെ സന്യാസികളുണ്ടെന്നും, അവരോടൊപ്പം കുറച്ചു ദിവസം ചിലവഴിച്ചാൽ നമുക്ക് സന്യാസമെന്തെന്നു മനസ്സിലാക്കാമെന്നും പറഞ്ഞ് ഞാൻ അങ്ങോട്ടു പോയി. അവിടെ ചെന്ന് അവരോട് പലതും സംസാരിച്ചു. പ്രധാനമായും സന്യാസത്തെ

ക്കുറിച്ച്, ഭാരതീയ സന്യാസ സംസ്ക്കാരത്തെക്കുറിച്ചൊക്കെ സംസാരിച്ചു. അവരുടെ കൂടെ കുറച്ചു ദിവസം സന്യാസിയായി, ഏകാന്തതയിൽ ഏകാഗ്രതയോടെ, ധ്യാനത്തിലിരുന്നു. എങ്കിലും 'സന്യാസജീവിതം' എന്തെന്ന് മനസ്സിലാക്കാൻ സാധിച്ചില്ല.

അങ്ങനെയിരിക്കെ ഒരാശ്രമത്തിൽ ഞാൻ അംഗമായിവന്നു. അന്നുമുതൽ ആശ്രമത്തിൽ എഴുതിയിട്ടിരിക്കുന്ന സമയപ്പട്ടികയനുസരിച്ച് ഞാൻ ജീവിച്ചുതുടങ്ങി. രാവിലെ 5.30-ന് എഴുന്നേറ്റ് പ്രഭാതകർമ്മങ്ങൾ നടത്തി, ദേവാലയത്തിൽ ചെന്ന് ധ്യാനം, ദിവ്യബലി തുടങ്ങിയ ദിനചര്യകൾ, രാത്രി 9.30-ന് കഠിനമിണ്ടടക്കത്തിൽ ചെന്നവസാനി ക്കുമായിരുന്നു. ഒരുമിച്ചുള്ള പ്രാർത്ഥനയും, ഭക്ഷണവും, ഉല്ലാസവുമൊക്കെ പതിവുപോലെ നടന്നുകൊണ്ടിരുന്നു. ഞാൻ വിചാരിച്ചു ഈ അനുദിനമുള്ള സമയബന്ധിതമായ ജീവിതമാണ് സന്യാസമെന്ന്. പക്ഷേ കുറച്ച് കഴിഞ്ഞപ്പോൾ മനസ്സിലായി ഇതൊന്നും സന്യാസമല്ല, സന്യാസത്തിന്റെ  ചില മാർഗ്ഗങ്ങൾ മാത്രമാണെന്ന്.

ഇതിനിടെ അങ്ങകലെ കുരിശുമലയിൽ ഫ്രാൻസിസ് ആചാര്യയുടെ ആശ്രമത്തിൽ പോയാൽ യഥാർഥമായ സന്യാസം എന്തെന്ന് മനസ്സിലാക്കാൻ സാധിക്കുമെന്ന് കേട്ട്, അവിടേക്ക് ഒരു മാസത്തെ ജീവിതത്തിനായി പോയി. അവിടെ അവരുടെ ആശ്രമത്തിൽ പ്രാർഥിച്ച്, ജോലിചെയ്ത് ഒരു മാസം ചിലവഴിച്ചു. അവരുടെ ജീവിതം വല്ലാതെ ആകർഷിച്ചു. അവരുടെ പ്രാർഥനയും, ജോലിയും സമന്വയിപ്പിച്ചു കൊണ്ടുള്ള ആ ജീവിതം എന്നെ ഹഠാദാകർഷിച്ചു. സന്യാസം എന്തെന്നും എങ്ങനെയെന്നുമുള്ള എന്റെ അന്വേഷണത്തിൽ എന്തോ കുറച്ചൊക്കെ ലഭിച്ചു തുടങ്ങി എന്ന് എന്റെ മനസ്സ് പറഞ്ഞു. എന്നാൽ  ഈ അറിവ് അല്പസ്വല്പം സ്വാർഥതയും എന്നിൽ ജനിപ്പിച്ചില്ലേ?

അങ്ങനെയിരിക്കെ അജപാലന ശുശ്രൂഷയ്ക്കായി ഒരിടത്ത് സേവനമനുഷ്ഠിക്കുവാൻ എന്നെ നിയോഗിച്ചു. അവിടെ നല്ല ഒരാരാധനാലയമില്ലാതെ  വിഷമിക്കുന്ന ജനത്തെ കണ്ടപ്പോൾ, അവരെയെല്ലാം ഒരുമിച്ചു കൂട്ടി ഒരു നല്ല ദേവാലയം പണിയിപ്പിച്ചു. ദൈവത്തിന്റെ ആലയമാണല്ലോ പണിചെയ്യിപ്പിച്ചത് എന്നുള്ള ഒരു മനസ്സമാധാനവും, ചാരിതാർഥ്യവുമുണ്ടായി. ദൈവജനം ആ ദേവാലയ നിർമ്മാണത്തിലൂടെ എന്നെ വലിയവനായി കണക്കാക്കുകയും, അതിൽ ഞാൻ അഭിമാനവും, സന്തോഷവും കണ്ടെത്തുകയും ചെയ്തു. എങ്കിലും സന്യാസിയായ എനിയ്ക്ക് എന്താണ് യഥാർത്ഥത്തിൽ സന്യാസമെന്നും,

എന്താണ് യഥാർഥ സന്തോഷമെന്നുമുള്ള ചില ചോദ്യങ്ങൾക്ക് ഇനിയുംഉത്തരം കണ്ടെത്തുവാൻ കഴിയാത്തതിനാൽ ഞാൻ വീണ്ടും ആശ്രമത്തിലേയ്ക്ക്, സമയബന്ധിതമായ ജീവിതത്തിലേക്ക് തിരികെ പോയി.

ദേവാലയനിർമ്മാണ വൈഭവം മനസ്സിലാക്കി, അധ്യാപനപ്രേഷിതശുശ്രൂഷയിലേക്ക് എന്നെ വഴിതിരിച്ചുവിട്ടു. അത്യാവശ്യത്തിനുള്ള യോഗ്യതകളൊക്കെ ഉണ്ടായിരുന്നതിനാൽ ഞാൻ അതിന് യുക്തനാണെന്നും ബോധ്യപ്പെട്ടിരുന്നു. അവിടെയും കുട്ടികൾക്ക് ഇരുന്ന് പഠിയ്ക്കുവാൻ വേണ്ടത്ര സ്ഥലവും സൗകര്യങ്ങളും പോരാ എന്നു കണ്ടെത്തുകയാൽ എനിയ്ക്ക് കെട്ടിടം പണിയേണ്ട ചുമതലയും ഏൽക്കേണ്ടി വന്നു. അധ്യാപകരുടേയും, നാട്ടുകാരുടേയും, ബാങ്കിന്റേയുമൊക്കെ സഹായം കൊണ്ട് അതിഗംഭീരമായ ഒരു വിദ്യാലയകെട്ടിടം അവിടെ പണിതുയർത്താൻ കഴിഞ്ഞു. കുട്ടികൾക്ക്, അവരുടെ മാതാപിതാക്കൾക്ക്, നാട്ടുകാർക്ക്, സന്യാസസമൂഹത്തിന് മൊത്തം സന്തോഷം. പക്ഷേ എനിക്കുമാത്രം സന്തോഷിക്കാനായില്ല. കാരണം സന്യാസിയായ ഞാൻ വെറും ഒരു കെട്ടിടപ്പണിക്കാരനായി മാറുന്നുണ്ടോയെന്ന സംശയം മനസ്സിൽ ഉദിച്ചു. കൂടാതെ ഇനി ഏത് കെട്ടിടപ്പണിയിലേയ്ക്കാണ് ഞാൻ നിയോഗിക്കപ്പെടുക എന്ന് ആകുലചിത്തനാകാനും തുടങ്ങി.

ഇതിനകം എന്റെ മനസ്സും, ശരീരവും ദൈവത്തിൽ നിന്ന് അല്പാല്പമായി അകലുന്നുണ്ടോയെന്ന് സംശയിച്ചു തുടങ്ങി. ഈ വിശ്രമമില്ലാത്ത പണികൾക്കിടയിൽ (യാത്രാസൗകര്യങ്ങളായി, പണമായി, വളരെപേർക്ക് ഞാൻ ഒരാവശ്യക്കാരനായി) ഞാനും മറ്റുള്ളവരുടെ മുന്നിൽ ഒരു പ്രമുഖനും, കഴിവുള്ളവനും, മറ്റ് സന്യാസികളിൽ നിന്നും വ്യത്യസ്തനുമായിത്തീർത്തു. ബാങ്ക് ഡിപ്പോസിറ്റ് വർദ്ധിച്ചുവരുന്തോറും, വിദ്യാലയങ്ങളിൽ ആഘോഷങ്ങളും, സൗന്ദര്യവൽക്കരണപ്രക്രിയയും ഒന്നിനൊന്ന് വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. പത്രങ്ങളിലൂടെയും, വാർത്താമാധ്യമങ്ങളിലൂടെയും വിദ്യാലയത്തിന്റെ പ്രശസ്തി പുറംലോകത്തെ അറിയിക്കുവാനായി പിന്നെ ശ്രമം തുടങ്ങി. അതിലൂടെ 'ഞാൻ' എന്ന വ്യക്തിയും.

പക്ഷെ ഉള്ളിന്റെ ഉള്ളിൽ സന്യാസത്തെക്കുറിച്ച് വ്യക്തമായ ഒരു രൂപവും ലഭിച്ചില്ല. ലഭിക്കാത്തിടത്തോളം കാലം, മനസ്സാക്ഷി സ്വന്തമായ ചില നിഗമനങ്ങൾക്കും, ബോധ്യങ്ങൾക്കും അടിമയായി എന്നത് ഇവിടെ വിസ്മരിക്കുന്നില്ല. എങ്കിലും മനസ്സിൽ എന്തോ ഒന്ന് നഷ്ട

പ്പെടുന്നപോലെ, ഒരു ആത്മസന്തോഷം, നിർവൃതി, ലഭിക്കാത്ത അവസ്ഥ.

അങ്ങനെയിരിക്കെ സാമൂഹികമേഖലയിലേക്ക് ഒരു മാറ്റം ലഭിച്ചു. എന്റെ ശ്രേഷ്ഠൻ പറഞ്ഞതിങ്ങനെയാണ്: "കൈവയ്ക്കുന്നതൊക്കെ പൊന്നാക്കി ശീലമുള്ള താങ്കൾക്ക് ഇത് നന്നായി ചെയ്യുവാൻ സാധിക്കും." ഇത് കേട്ടമാത്രയിൽ ഞാൻ വളരെ സന്തോഷിച്ചെന്നു മാത്രമല്ല, സ്വല്പം നിഗളിച്ചുപോയെന്നുകൂടി പറയാം.

പാർശ്വവത്ക്കരിക്കപ്പെട്ടവരിലേക്ക്, തെരുവിന്റെ അരികുകളിലേക്ക് എന്റെ സേവനം പറിച്ചു നടപ്പെട്ടു. അങ്ങനെ സാമൂഹ്യമേഖലയിൽ പ്രവർത്തിച്ചുതുടങ്ങി. ആരുമാരുമില്ലാത്ത, തെരുവിലെ മക്കൾക്കായി സേവനം ചെയ്തുതുടങ്ങി. അവരെ കുളിപ്പിക്കുക, വസ്ത്രങ്ങൾ അണിയിപ്പിക്കുക, മരുന്ന് കൊടുക്കുക എന്നീ ശുശ്രൂഷയിൽ ഞാൻ മുഴുകിത്തുടങ്ങി. മറ്റുള്ളവർക്കുവേണ്ടി ചെയ്യുമ്പോൾ ഉണ്ടാകുന്ന ആത്മസംതൃപ്തി എന്നെ കൂടുതൽ സന്തോഷവാനാക്കി. എങ്കിലും എല്ലാദിവസവും ചെയ്യുന്ന ജോലിയായതുകൊണ്ട് അതിലും ഒരു വിരസത അനുഭവിച്ചു തുടങ്ങി. എന്തിന്? ആർക്കുവേണ്ടി? എന്നൊക്കെ ചിലപ്പോൾ ചിന്തിച്ചുതുടങ്ങി. അജപാലനശുശ്രൂഷയിലും, അധ്യാപനശുശ്രൂഷയിലും ലഭിക്കുന്ന അഭിനന്ദനവും, ജനങ്ങളുടെ ഇടയിൽ എന്നെക്കുറിച്ചുള്ള മതിപ്പും താഴ്ന്ന് പോകുന്നുണ്ടോയെന്ന് ഞാൻ ചിന്തിച്ചുതുടങ്ങി. അതിനേക്കാളേറെ സന്യാസത്തെക്കുറിച്ച് ഞാൻ ചിന്തിക്കുന്നതിൽ തെറ്റ് പറ്റിയോയെന്ന് ഒരു സംശയവും.

സന്യാസത്തിലെ അംഗങ്ങളുടെ ഇടയിൽ ഞാനൊരു സംസാരവിഷയമായി. അവൻ കഴിവുള്ളവനായിരുന്നെങ്കിൽ ഒരു ആശ്രമാധിപനോ, സഭയുടെ ഭരണകർത്താവോ ആകാമായിരുന്നില്ലേയെന്ന് ചിലർ ചോദിച്ചുതുടങ്ങി. അതുമാത്രമല്ല, വീട്ടുകാർ പരിഹാസത്തോടെ 'ഇപ്പോൾ അനാഥാലയത്തിലാണ് ജോലി അല്ലേ?' എന്ന് കാണുമ്പോൾ ചോദിക്കും. നാട്ടിൽ ചെല്ലുമ്പോൾ നാട്ടുകാർക്കിടയിലും ഒരു വൈദികനെന്ന നിലയിൽ ഒരു വലിയ ഇടിവ് സംഭവിച്ചോയെന്ന് സംശയം.

ആ ഇടയ്ക്കാണ് അച്ചന്മാരുടെ വാർഷികസമ്മേളനം നാട്ടിൽ നടന്നത്. എല്ലാവരേയും വിളിച്ചിരുന്നു. വൈദീകരിൽ ഒരാൾ രൂപതയുടെ വികാരി ജനറാൾ ആശംസകളർപ്പിച്ച് സംസാരിച്ചു. മറ്റൊരു സന്യാസവൈദികൻ പ്രൊവിൻഷ്യൽ അഭിനന്ദനങ്ങൾ അർപ്പിച്ചു. ഒരു കന്യാസ്ത്രിയ്ക്ക് ഡോക്ടറേറ്റ് ലഭിച്ചതിൽ അഭിനന്ദനം; മറ്റൊരു

കന്യാസ്ത്രി സഭയുടെ കൗൺസിലറായതിന്റെ സ്വീകരണം, ഇങ്ങനെ തുടങ്ങി പലതും. ഞാൻ എന്റെ ഇരിപ്പിടത്തിൽ വളരെ കുഞ്ഞായി ത്തീരുന്നുണ്ടോയെന്ന് തോന്നിത്തുടങ്ങി. സമ്മേളനം കഴിഞ്ഞ് ഭക്ഷ ണത്തിനിടയിൽ ഒരു നല്ല കന്യാസ്ത്രി അടുത്തുവന്ന് തമാശരൂപത്തിൽ 'എന്തേ ഇത്ര കാലമായിട്ടും സഭയിൽ ഒരംഗീകാരവും ലഭിക്കാതെ ഈ അനാഥാലയത്തിലേയ്ക്ക് തട്ടിക്കളഞ്ഞത്' എന്നൊരു ചോദ്യവും. ഞാൻ അതിനുത്തരം പറയാൻ സാധിക്കാതെ ഇങ്ങനെ ഇരുന്നു. ഭക്ഷണം കഴിച്ച് തിടുക്കത്തിൽ അവിടെ നിന്നും സ്വന്തം ശുശ്രൂഷാ സ്ഥാപനത്തിലേയ്ക്ക് ബസ്സുകയറി സ്ഥലം വിട്ടു. ആ ചോദ്യം മന സ്സിൽ കുപ്പിച്ചില്ല് പോലെ തറച്ചുകയറിയിരുന്നു. ഇത്രയും കാലം ജീ വിച്ച ജീവിതത്തിന് ഒരർഥവും കാണുന്നില്ലല്ലോ; സഭയുടെ മുന്നിൽ ഒരു അനാഥാലയത്തിന്റെ ശുശ്രൂഷകൻ; നാട്ടിൽ കഴിവില്ലാത്ത ഒരു വൈദികൻ; കന്യാസ്ത്രീകളുടെ മുന്നിൽ ഒന്നിനും കൊള്ളാത്തവൻ. ഈ ചിന്തകൾകൊണ്ട് ജീവിതം വീർപ്പുമുട്ടി. ജീവിതത്തിന് ഇനി മുന്നോട്ടുപോകുവാനുള്ള ത്രാണിയില്ലായെന്ന് ചിലപ്പോഴെങ്കിലും തോന്നിത്തുടങ്ങി.

ദൈവസന്നിധിയിൽ കൂടുതൽ ഇരിക്കാൻ സമയം കണ്ടെത്തി. 'ആരോരുമില്ലാത്തവർക്ക് ദൈവം തുണയെന്ന്' അമ്മ പറഞ്ഞു തന്നി ട്ടുള്ളത് ഞാൻ മനസ്സിൽ ഓർത്തു. അവിടെ ദൈവസന്നിധിയിൽ ഹൃദയം വെന്തുരുകി പ്രാർത്ഥിക്കുവാൻ ഇരുന്നപ്പോൾ എന്റെ മനസ്സി ലേയ്ക്ക് ഓടിവന്നത് നവസന്യാസത്തിലെ ഞങ്ങളുടെ ആധ്യാമികനി യന്താവായി, രണ്ടുകൊല്ലം ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ഒരു വൈ ദികനെയാണ്: ഡൻസ്റ്റനച്ചൻ. അമ്പഴക്കാട് കൊവേന്തയുടെ ഒരു ഇരു ണ്ട മുറിയിൽ ഞങ്ങൾക്കായി ജീവിച്ച ഒരു സാധാരണ വൈദികൻ. അവിടെവച്ച് ഒരു തീരുമാനമെടുത്തു: അദ്ദേഹം ഇഹലോകവാസം വെടിഞ്ഞെങ്കിലും, ആ ആശ്രമത്തിലേയ്ക്ക് ഒന്നു പോവുക; അവിടെ ഒരാഴ്ച ചെലവഴിക്കുക. അദ്ദേഹത്തിന്റെ കഴിഞ്ഞ കാലസാന്നിധ്യം ഒന്നനുഭവിക്കുക. ഞാൻ പിറ്റേദിവസം എന്റെ ശുശ്രൂഷാലയത്തിൽ നിന്നും അമ്പഴക്കാട് വി. അമ്മത്രേസ്യയുടെ ആശ്രമത്തിലേയ്ക്ക് യാത്രയായി. കന്യാസ്ത്രീയുടെ കമന്റിന് ഞാൻ വലിയ പ്രസക്തികാ ണുന്നില്ല. അവർ വല്ല ജനറാളോ മറ്റോ ആണോ? സ്ഥാനമാനത്തിന് ഇത്ര വലിപ്പം കാണാൻ. ഇത്രയും കഴിവുള്ള അഭിഷിക്തൻ കമന്റുക ളിൽ കുനിഞ്ഞു പോയോ?

## 2

# നവസന്യാസാശ്രമം

അമ്പഴക്കാട് ആശ്രമം, ചാവറയച്ചന്റെ രണ്ടാമത്തെ ആശ്രമമാണ്. അതിന്റെ പഴമയും, അസ്തിത്വവുമൊക്കെ ഇന്നും ഒളിമങ്ങാതെ എവിടെയും കാണാൻ കഴിയുന്നതാണ്. മുൻകൂട്ടി വിളിച്ചുപറഞ്ഞതിനാൽ ആശ്രമശ്രേഷ്ഠൻ ഒരു മുറി ഒരുക്കിവച്ചിട്ടുണ്ടായിരുന്നു. വളരെ വിനയത്തോടെയാണ് അദ്ദേഹം എന്നോട് പറഞ്ഞത്: “മുറികളൊക്കെ പഴയതും, ഇരുട്ടുനിറഞ്ഞതുമാണ്. അച്ചന് ഒരു മുറി ഒരുക്കിവച്ചിട്ടുണ്ട്; അങ്ങോട്ട് പൊയ്ക്കോളൂ.” സ്വീകരണമുറിയിൽ ജോലിചെയ്യുന്ന ബാലൻ എന്നെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ചെന്നുകഴിഞ്ഞപ്പോൾ എനിക്ക് മനസ്സിലായി ഇത് ഡൺസ്റ്റനച്ചൻ പണ്ട് ഉപയോഗിച്ചിരുന്ന മുറിയാണെന്ന്. മനസ്സിൽ വലിയ സന്തോഷമായി: വൈദ്യൻ കല്പിച്ചതും, രോഗി ഇച്ഛിച്ചതും പാല്. മുറിയുടെ ജനാലകൾ എല്ലാം തുറന്നിട്ട് ഞാൻ ഒന്ന് വിശ്രമിക്കാമെന്ന് കരുതി കട്ടിലിൽ കിടന്ന് ഒന്ന് മയങ്ങി.

അതാ ഡൺസ്റ്റനച്ചൻ, എന്റെ അടുത്തേയ്ക്ക് വന്നിരിക്കുന്നു. കാപ്പികളറ് ളോഹയും, കറുത്ത ഫ്രെയിമുള്ള കണ്ണടയും വച്ച് എന്റെ അടുത്ത് വന്നിരുന്നു. എന്തേയെന്നു ചോദിച്ചു? അതോടൊപ്പം എല്ലായ്പ്പോഴും ചോദിക്കാറുള്ള ഒരു ചോദ്യവും ചോദിച്ചു. 1. ‘പണ്ടത്തെ തീക്ഷണതയൊക്കെ ഇപ്പോഴുമില്ലേ?’ ഞാൻ അദ്ദേഹത്തെനോക്കി ഒന്ന് ചിരിച്ചു.  എന്റെ ളോവ അലക്കിയിട്ടിട്ടുണ്ട്, അത് എടുത്ത് മടക്കിവച്ചിട്ട് വരാമെന്ന് പറഞ്ഞ് അദ്ദേഹം പോയി. അതേ, അദ്ദേഹത്തിന് രണ്ടുജോടി ളോവയെ ഉണ്ടായിരുന്നുള്ളൂ. അതും തയ്ച്ച് തയ്ച്ച് ഏകദേശം ഒരു അവസാനമായിട്ടുണ്ട്. ഒന്നു ധരിക്കുമ്പോൾ അദ്ദേഹം തന്നെ മറ്റൊന്ന് അലക്കിയിടും. അടിവസ്ത്രമായിട്ട്, രണ്ട് കളസ്രായി ഉണ്ടെന്ന് തോന്നുന്നു. കൂടാതെ കോളറില്ലാത്ത രണ്ട് ഷർട്ടും, തോർത്തുമുണ്ടും. ഇതാണ് വസ്ത്രങ്ങളെന്ന് പറയാവുന്നവ. ഇതിൽ ഒന്നും കൂടുതലോ കുറവോ ഇല്ല. അദ്ദേഹം വസ്ത്രങ്ങളുടെ കാര്യത്തിൽ

സന്തുഷ്ടനാണ്. ഈ പ്രകൃതി കാണുമ്പോൾ ഞാൻ ക്രിസ്തുവിന്റെ മനോഭാവത്തിലേയ്ക്കും, പ്രബോധനങ്ങളിലേയ്ക്ക് ചെന്നെത്തും: "ഞാൻ നിങ്ങളോട് പറയുന്നു, എന്തു ഭക്ഷിയ്ക്കും, എന്തു പാനംചെയ്യും എന്നു ജീവനെക്കുറിച്ചോ, എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്ക്കണ്ഠാകുലരാകേണ്ട. ഭക്ഷണത്തെക്കാൾ ജീവനും, വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ?" (Lk 6:25).

യേശുവിന്റെ ഈ ചിന്ത ഏറ്റവും എളുപ്പത്തിൽ ഡൻസ്റ്റനച്ചന്റെ ജീവിതം നമ്മെ പഠിപ്പിച്ചുതരും. ഒരിക്കൽപോലും വസ്ത്രത്തിന്റെ കുറവുകളേക്കുറിച്ചോ, ഭംഗിയേക്കുറിച്ചോ, പറഞ്ഞതായി കേട്ടിട്ടില്ല.

അദ്ദേഹം ധരിച്ചിരുന്ന വള്ളിച്ചെരുപ്പ്: ചിലപ്പോൾ മാത്രമേ അദ്ദേഹമത് ധരിച്ചിരുന്നുള്ളൂ. ആശ്രമത്തിന് വെളിയിൽ യാത്രക്കായി പോകുമ്പോൾ, അതുമല്ല ഒരാശ്രമത്തിൽനിന്നും മറ്റൊരാശ്രമത്തിലേയ്ക്ക് സ്ഥലം മാറിപോകുമ്പോൾ മാത്രം ധരിക്കുന്ന വസ്തുവാണ് ഈ ചെരുപ്പ്. ആയതുകൊണ്ട് ആ ചെരുപ്പിന്റെ ആയുസ്സ് എത്ര കൊല്ലമായിരിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. ജീവിതത്തിൽ ചിലപ്പോൾ പത്തെഴുപത് കൊല്ലം കൊണ്ട് ഒരു പത്ത് ജോടി ചെരുപ്പ് ധരിച്ചിട്ടുണ്ടാകാം. അദ്ദേഹം ധരിച്ചിരുന്ന കണ്ണട: അതിന്റെ ഫ്രെയിം കറുപ്പാണ്. കണ്ണട എപ്പോഴും എടുത്ത് തുടയ്ക്കുന്നത് കാണാം. പക്ഷേ, ഒരിക്കൽ പോലും വിലപിടിപ്പുള്ള ഒരു കണ്ണട ധരിച്ചിരുന്നത് കാണുവാൻ സാധിച്ചിട്ടില്ല.

മുറിയിൽ സാധാരണയായി ഒരു പുസ്തകം എന്നുമുണ്ടാകും. അതും ആശ്രമ ലൈബ്രറിയിൽനിന്നുമെടുത്തതായിരിക്കും. ആ പുസ്തകത്തിന്റെ കൂടെ ഒരു പെൻസിലും ഉണ്ടാകും. അടിവരയിടുവാനോ, അടയാളം വെയ്ക്കുവാനോ ആയിരിക്കാം. യാത്രയിലും ഈ പുസ്തകം അദ്ദേഹത്തിന്റെ സന്തതസഹചാരിയായിരിക്കും. ആധുനിക ദൈവ-തത്വശാസ്ത്രജ്ഞന്മാരുടെ പുസ്തകങ്ങൾ അദ്ദേഹം വായിക്കാറുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു. ഏത് ആശ്രമത്തിൽ ചെന്നാലും അവിടുത്തെ ലൈബ്രറി അദ്ദേഹം സന്ദർശിച്ചിരിക്കും. പുസ്തകങ്ങളിലൂടെ ഒന്ന് കണ്ണോടിക്കും. ഈ വായനാശീലം അദ്ദേഹം ഞങ്ങൾക്കും പകർന്ന് തന്നിട്ടുണ്ട്. അതുപോലെതന്നെ അദ്ധ്യാത്മിക ഗ്രന്ഥങ്ങൾ പ്രത്യേകിച്ച് അമ്മത്രേസ്യയുടേയും, യോഹന്നാൻ ക്രൂസ് പുണ്യവാന്റേയും പുസ്തകങ്ങൾ ഞങ്ങളെ കാണിച്ചുതരുകയും, വായിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. പ്രാർത്ഥന

കഴിഞ്ഞാൽ മിക്കവാറും വായനയ്ക്കാണ് അദ്ദേഹം സമയം ചെലവഴിച്ചത്.

ശരീരത്തെ മനോഹരമാക്കാൻ അദ്ദേഹം എന്തെങ്കിലും ചെയ്യുന്നത് കണ്ടിട്ടില്ല. തലയിലെയും, മുഖത്തേയും മുടി ഏതോ അസുഖം കാരണമെന്ന് തോന്നുന്നു കൊഴിഞ്ഞുപോയിരുന്നു. മുഖത്തെ രോമം മാത്രം ചിലപ്പോഴൊക്കെ ഷേവിങ് സെറ്റും, കൈ കഴുകുവാനുള്ള സോപ്പും ഉപയോഗിച്ച്, മുഖം കഴുകുന്ന പൊതുസ്ഥലത്തെ കണ്ണാടിയിൽ നോക്കി ഷേവ് ചെയ്ത് എപ്പോഴും വൃത്തിയാക്കി സൂക്ഷിക്കാൻ പരിശ്രമിച്ചിരുന്നു. തലയിൽ മുടി ഒട്ടുംതന്നെ ഇല്ലാതിരുന്നിട്ടും, സ്വന്തം സൗന്ദര്യത്തിലുള്ള കുറവോ, ആയതുകൊണ്ടുള്ള വൈകൃതമോ അദ്ദേഹത്തെ ഒരിക്കലും ബാധിച്ചിരുന്നില്ല. മനസ്സും ഹൃദയവും സൗന്ദര്യംകൊണ്ട് നിറഞ്ഞവർക്ക് എന്തിനാണ് മറ്റുസൗന്ദര്യങ്ങൾ. ദൈവം എന്തുകൊണ്ടോ അദ്ദേഹത്തെ ഇങ്ങനെയാക്കി. അൽഫോൻസാമ്മ അനുഭവിച്ചിരുന്ന സൗന്ദര്യത്തിന്റെ കൂടുതലൊന്നും ഡൺസ്റ്റനച്ചന് ഉണ്ടായിരുന്നില്ല.

അദ്ദേഹത്തിന് അസുഖം വന്നത് ഞങ്ങൾ കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. പനിയെങ്ങാനും വന്നാൽ കുറച്ച് കൂടുതൽ വിശ്രമിച്ച്, സ്വന്തമായ മരുന്നുകൾ കഴിച്ച് സ്വയം സുഖപ്പെടുത്തിയിരുന്നു. പക്ഷേ തന്നോട് കാണിക്കുന്ന മനോഭാവമല്ലായിരുന്നു മറ്റുള്ളവരോട്; രോഗം വന്നാൽ ഏതൊരുവനേയും ആശുപത്രിയിലോ, വൈദ്യരുടെയടുത്തോ കൊണ്ടുപോകുവാൻ മുൻകൈ എടുത്തിരുന്നു.

മുറിയിൽ ഒരു കട്ടിൽ, ഒരു മേശ, ഒരു കസേര എന്നിവകൂടാതെ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. മുറിയിൽ കെട്ടിയിരിക്കുന്ന അഴയിൽ ഒരു ജോടി ളോവ, അടിവസ്ത്രങ്ങൾ, ഒരു തോർത്ത്മുണ്ട്. മൂലയിൽ ഒരു ജോടി റബ്ബർ ചെരുപ്പ്, മേശപുറത്ത് ഒരു പുസ്തകം, ഒരു പെൻസിൽ ഇതായിരുന്നു അദ്ദേഹം ജീവിച്ചിരുന്ന മുറിയുടെ ഒരു ചെറിയ ചിത്രം. ചർക്കയ്ക്ക് മുമ്പിലിരിക്കുന്ന മഹാത്മഗാന്ധിയെപ്പോലെ അദ്ദേഹവും ദരിദ്രനായി, ഒന്നുമില്ലാത്തവനായി ഇരിക്കുന്ന ആ മനോഹരദൃശ്യം ഇന്നും നമ്മെ ചിന്തിപ്പിക്കുന്നതാണ്. ലാളിത്യത്താൽ ജീവിതം ധന്യമാക്കിയ ഒരു മനുഷ്യൻ. ജീവിതം ഒരിക്കലും അദ്ദേഹത്തിന് ഒരു ഭാരമായിരുന്നില്ല. അതുകൊണ്ടുതന്നെ സ്ഥലകാലചലനങ്ങൾ എളുപ്പമായിരുന്നു.

സ്വന്തമായി ഒന്നും ഉണ്ടായിരുന്നില്ല. ശൂന്യവൽക്കരണം എന്നൊക്കെ വലിയ വലിയ ചിന്തകൾ നാം പഠിച്ചിട്ടുണ്ട്, കേട്ടിട്ടുണ്ട്. ഇവിടെ

ഈ മനുഷ്യന്റെ ജീവിതം, ഈ പദത്തിന് ഒരർത്ഥം നൽകുന്നുണ്ടെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. 'ഒന്നുമില്ലായ്മ'യുടെ ഒരു ദൈവ ശാസ്ത്രം. അതിലുള്ള ആത്മനിർവൃതി. ദൈവാശ്രയത്തിന് ഉതകുന്ന മനസ്സിന്റെ ഉടമസ്ഥാവകാശം തുടങ്ങി പലതും അദ്ദേഹം നൽകുന്ന ജീവിതപാഠങ്ങളാണ്.

ഞാൻ എന്നിലേയ്ക്ക് ഒന്നു തിരിഞ്ഞുനോക്കി. Positions and Possessions എന്തുമാത്രം - ഭാരമായി ജീവിതം - എല്ലാം കൂടെ കൊണ്ടു നടക്കേണ്ടെ? സ്വന്തം ശരീരം തന്നെ കൊണ്ടുനടക്കാൻ ബുദ്ധിമുട്ടു മ്പോൾ ലോകത്തിലുള്ള വസ്തുക്കൾകൊണ്ട് ജീവിതം നിറച്ചാലുള്ള വൈഷമ്യം എന്തുമാത്രമായിരിക്കും! കംപ്യൂട്ടർ ഭാഷയിൽ പറഞ്ഞാൽ, എത്രമാത്രം Delete ചെയ്യേണ്ടിവരും. അറിയില്ല, ഓരോരുത്തർക്കും വ്യത്യസ്തമായിരിക്കും. എന്തുതന്നെയായാലും എന്റെ കാര്യം ആദ്യ മെടുക്കാം; പിന്നീട് മറ്റുള്ളവരിലേയ്ക്ക് പോകണമെങ്കിൽ പോകാം. ഡൻസ്റ്റനച്ചൻ സ്വതന്ത്രനാണ്. ഒന്നുംതന്നെ കയ്യിലില്ല.

## 3

# ഡൺസ്റ്റനച്ചനോടൊപ്പം

ഓരോദിവസവും ഡൻസ്റ്റനച്ചനെക്കുറിച്ചുള്ള ഓർമ്മകളുമായി കുറച്ചു സമയം ദൈവസന്നിധിയിൽ ചെന്നിരുന്നു. വിശുദ്ധഗ്രന്ഥവിചിന്തനത്തോടൊപ്പം, ഓർത്ത് പ്രാർത്ഥിച്ചുതുടങ്ങി. അങ്ങനെ കുറിച്ചകാര്യങ്ങളാണിവിടെ പ്രതിപാദിക്കുന്നത്. രണ്ടുകൊല്ലക്കാലം, ഒരുമിച്ച് പ്രാർത്ഥിച്ച്, ഒരുമിച്ച് ജോലിചെയ്ത്, ഹൃദയങ്ങൾ കൈമാറി ഒരുമിച്ച് ജീവിച്ച ജീവിതത്തിൽനിന്നും മനസ്സിൽ തങ്ങിനിൽക്കുന്ന ഓർമ്മകൾ മാത്രമാണ് ഇവിടെ കുറിച്ചത്. ഇതുപോലും കുറിക്കുന്നത് ഡൻസ്റ്റനച്ചന് താൽപര്യം ഉണ്ടാകുമോയെന്ന് തോന്നുന്നില്ല. ആരും അറിയപ്പെടാതെ, ദൈവത്തോടൊത്ത് ജീവിച്ച്, ദൈവത്തിങ്കൽ വിലയം പ്രാപിക്കുവാൻ മാത്രം ആഗ്രഹിക്കുന്ന ഒരു പുണ്യവാനാണദ്ദേഹം.

ഡൺസ്റ്റനച്ചനെക്കുറിച്ചാകുമ്പോൾ ഏറ്റവുമാദ്യം പ്രതിപാദിക്കേണ്ട ഒരു പ്രധാന കാര്യമാണ് അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം. മുട്ടിന്മേൽനിന്ന് ദൈവവുമായി, അനേകം മണിക്കൂറുകൾ അദ്ദേഹം ചിലവഴിച്ചിരുന്ന കാഴ്ച ഞങ്ങൾക്കെന്നും മാതൃകയായിരുന്നു. നിശയുടെ നിശബ്ദയാമങ്ങളിൽ നവസന്യാസ ചാപ്പലിൽ ഏറെനേരം സന്ധ്യാപ്രാർത്ഥനയ്ക്കും, യാമപ്രാർത്ഥനയ്ക്കും, ആത്മശോധനയ്ക്കും ശേഷം മുട്ടിന്മേൽനിന്ന് പ്രാർത്ഥിച്ച നിമിഷങ്ങളെ ഓർക്കുകയാണ്. അതുപോലെതന്നെ ദേവാലയത്തിൽ, അൾത്താരയോടുചേർന്ന് അതിശക്തമായ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്ന കാഴ്ച ഞങ്ങളെ അതിശയപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മുഖം എന്നും പ്രശോഭിതമായിരിക്കുവാൻ കാരണവും ഇതാകാം. ഡൻസ്റ്റനച്ചൻ ഞങ്ങൾക്ക് എന്നും മാർഗ്ഗദർശിയായിരുന്നു; ആത്മനിയന്താവായിരുന്നു. മിക്കവാറും ദീർഘമായ പ്രാർത്ഥനയ്ക്കുശേഷമായിരിക്കും Spiritual Conference (ആത്മീയ കൂടിക്കാഴ്ച്ച) നടത്തുക. അദ്ദേഹം ഞങ്ങളെ ആത്മീയതയുടെ സന്തോഷങ്ങളുടെയും വേദനകളുടേയും ജീവിതദർശനങ്ങൾ, ക്രിസ്തുജീവിതത്തിലൂടെയാണ് പകർന്നുതന്നിരുന്നത്. ഇതാണ് ഞങ്ങളുടെ ജീവിതത്തിന്റെ അടിത്തറയായി, ആവേശമായി മാറിയത്.

എല്ലാ മനുഷ്യരും അന്വേഷിക്കുന്നത് സന്തോഷമാണ്. എല്ലാം കീഴടക്കുവാൻ അവൻ വെമ്പുന്നതും, ഈ സന്തോഷത്തിനുവേണ്ടിയാണ്. അവന് ഈ പൂർണ്ണതയുള്ള സന്തോഷം, സമ്പത്തിലോ, പ്രശസ്തിയിലോ, അധികാരത്തിലോ, ആരോഗ്യത്തിലോ, സൗന്ദര്യത്തിലോ, ശാരീരിക, മാനസിക സന്തോഷങ്ങളിലോ, പ്രവൃത്തികളിലോ കണ്ടെത്തുവാൻ കഴിയുന്നില്ല, എന്നു പറഞ്ഞാൽ സൃഷ്ടവസ്തുക്കൾക്ക് ഒരിക്കലും ഈ പരിപൂർണ്ണസന്തോഷം കൊടുക്കാൻ സാധിക്കുകയില്ല. സൃഷ്ടിയ്ക്കപ്പെടാത്ത ഒന്നിനുമാത്രമേ ഇത് കഴിയുകയുള്ളൂ. അത് ദൈവമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം, ഈ ലോകജീവിതം ഒരു യാത്രയാണ്. സ്വർഗ്ഗത്തിലെത്തുവോളമുള്ള യാത്ര. ദൈവത്തിന്റെ സന്നിധിയിലേയ്ക്കുള്ള യാത്ര. അവിടെ മൂന്നുകാര്യങ്ങളിൽ മനുഷ്യന് സന്തോഷം ലഭിക്കും. ദൈവത്തെ കാണാൻ സാധിക്കുമ്പോൾ, ദൈവത്തെ പ്രാപിക്കുവാൻ സാധിക്കുമ്പോൾ ദൈവികമായ ആനന്ദം അനുഭവിക്കാൻ സാധിക്കുമ്പോൾ, ഇവ സെന്റ് തോമസ് അക്വീനാസിന്റെ ചിന്തകളും, പഠനങ്ങളുമാണ്. ഈ സത്യങ്ങൾ ഡൺസ്റ്റനച്ചന് കൃത്യമായി അറിയാമായിരുന്നു. അത് ജീവിതത്തിൽ പകർത്തിയിരുന്നു. ലോകത്തിന്റെ, സൃഷ്ടിജാലങ്ങളുടെ പുറകെ പോകാതെ, ദൈവത്തിന്റെ സന്നിധിയിലേയ്ക്ക് അദ്ദേഹം സ്വജീവിതത്തിലൂടെയും, പ്രാർത്ഥനയിലൂടെയും പോയിരുന്നത്, പ്രയാണം ചെയ്തിരുന്നത് അതുകൊണ്ടായിരുന്നു.

സന്യാസികളുടെ പ്രാർത്ഥനകൾക്കും, കുർബ്ബാനയ്ക്കും ഒരിക്കലും വീഴ്ചവരുത്താതെ, മുടക്കം കൂടാതെ, അതിനേക്കാളുപരി തീക്ഷ്ണതയോടെ ഇതൊക്കെ ചെയ്തിരുന്ന ഒരു യോഗീവര്യനായിരുന്നു ഡൺസ്റ്റനച്ചൻ. പിതാവിന്റെ സന്നിധിയിൽ, പിതാവിനോടൊത്ത്, രാത്രിയുടെ യാമങ്ങളിൽ കഴിഞ്ഞിരുന്ന ക്രിസ്തുവിനെപ്പോലെ, ഈ വൈദികൻ ദൈവസന്നിധിയിൽ ധാരാളം സമയം ചിലവഴിച്ചിരുന്നു. അവസാനനാളുകളിൽ ദൈവപിതാവിനോടൊത്ത് ശയിച്ചിരുന്നു. ചുങ്കക്കാരന്റെയും, ഫരിസേയന്റെയും പ്രാർത്ഥനകൾ പോലെയായിരുന്നില്ല, കതകടച്ചിട്ടിരുന്ന് ദൈവപിതാവുമായി ഒത്തുചേർന്ന് ഡൺസ്റ്റനച്ചൻ പ്രാർത്ഥിച്ചിരുന്നു. വളരെ നിശബ്ദനായി അയൽക്കാരെയും അടുത്തുനിൽക്കുന്നവരെയും ശല്യപ്പെടുത്താതെ ഹൃദയത്തിന്റെ അന്തരാളത്തിൽ നിന്നുമുള്ള അണമുറിയാത്ത രോദനമായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. തന്നെ ഏല്പിച്ചിരിക്കുന്ന സന്യാസാർത്ഥികൾക്കു

വേണ്ടിയും, അവരുടെ ശുഭമായ ഭാവിക്കുവേണ്ടിയും, സഭയ്ക്കുവേണ്ടിയുമുള്ള ആത്മാർത്ഥമായ പ്രാർത്ഥനയായിരുന്നു ഈ യോഗീവര്യന്റേത്.

Holiness (പരിശുദ്ധി) ക്രിസ്തീയതയുടെ ആത്യന്തികമായ ലക്ഷ്യമാണ്. ദൈവത്തിന് നമ്മുടെ മേലുള്ള ഒരു പ്രവൃത്തിയാണിതെന്ന് പറഞ്ഞാൽ തെറ്റില്ല. ദൈവം ഒരിക്കലും നമ്മെ നിർബ്ബന്ധിക്കാതെ, ദൈവികതയിൽ ഭാഗഭാക്കാകുവാൻ ക്ഷണിക്കുന്നു. നീതിസൂര്യനായി നിലകൊള്ളുന്ന ദൈവത്തിന്റെ അടുത്തേക്ക്, ഒരിക്കലും മാറ്റമില്ലാത്ത ആ സത്യത്തിലേയ്ക്ക്, നാം ഓരോരുത്തരുമാണ് കടന്നുചെല്ലേണ്ടത്.

പരിശുദ്ധിയിൽ ജീവിക്കുകയെന്നു പറയുന്നത്, ദൈവിക പ്രചോദനങ്ങൾക്കനുസരിച്ച് ജീവിക്കുകയെന്നർത്ഥം. അനുനിമിഷം ദൈവിക പ്രബോധനങ്ങൾക്കും, പ്രചോദനങ്ങൾക്കുമനുസരിച്ച് ജീവിക്കുകയെന്നതാണ് പരിശുദ്ധിയെന്ന് പറയുന്നത്. എല്ലായ്പ്പോഴും ദൈവത്തിന് കീഴ്വഴങ്ങി, അവിടത്തെ ഹിതം നിറവേറ്റുകയെന്നു പറയുന്നതും, ഈ ദൈവികപ്രചോദനങ്ങളെ അനുസരിക്കലാണ്. അനുദിനം നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും ഈ പ്രചോദനങ്ങൾക്കനുസരിച്ചായാൽ നമുക്ക് കൂടുതൽ ആത്മസംതൃപ്തി അനുഭവപ്പെടും. അനുദിനവും അനുനിമിഷവും ഈ ദൈവീകപ്രചോദനങ്ങൾക്കനുസരിച്ച് ജീവിച്ച പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു ഡൺസ്റ്റനച്ചൻ.

# 4

# പാവങ്ങളോടൊത്ത്

യേശുവിനെക്കുറിച്ച് ചിന്തിയ്ക്കുമ്പോൾ എന്നും പറയാറുള്ള ഒരു കാര്യമുണ്ട്: യേശു എന്നും ദരിദ്രരോട് പക്ഷം ചേരുന്നവനായിരുന്നു. ഈ പക്ഷം ചേരലിന്റെ മറ്റ് പേരുകളാണ് കാരുണ്യം, അലിവ്, സഹോദരസ്നേഹം എന്നിവ. യേശുവിന്റെ പിൻഗാമിയ്ക്ക് ഇത്തരം ഗുണങ്ങളുണ്ടാവണമെന്ന് സഭയെന്നും ആഗ്രഹിക്കുന്നുണ്ട്, പരിശീലിക്കപ്പിക്കുന്നുമുണ്ട്. ഫ്രാൻസിസ് പാപ്പ 'ആനന്ദിച്ച്, ആഹ്ലാദിക്കുവിൻ' എന്ന ചാക്രികലേഖനത്തിൽ വ്യക്തമായി പ്രതിപാദിക്കുന്ന കാര്യവും ഇതു തന്നെയാണ്. "ഒരു തണുത്ത രാത്രിയിൽ തുറസ്സായ സ്ഥലത്ത് ഒരാൾ ഉറങ്ങുന്നതായി കണ്ടുമുട്ടിയാൽ അവനെയോ അവളെയോ എനിക്ക് ഒരു ശല്യമായി കാണാം. ഒരു മടിയനായോ, ഒരു മാർഗ്ഗ തടസ്സമായോ, ബുദ്ധിമുട്ടിക്കുന്ന കാഴ്ചയായോ, രാഷ്ട്രീയക്കാർ പരിഹരിക്കേണ്ട വിഷയമായോ പൊതു സ്ഥലത്ത് കിടക്കുന്ന ചപ്പുചവറായോ അവനെ അല്ലെങ്കിൽ അവളെ എനിക്ക് കണക്കാക്കാം. മറിച്ച്, എനിയ്ക്ക് വിശ്വാസത്തോടും ഉപവിയോടും കൂടി പ്രതികരിക്കാം. എന്നെപ്പോലെ അന്തസ്സുള്ള ഒരു മനുഷ്യവ്യക്തിയായി കണക്കാക്കാം. സ്വർഗ്ഗസ്ഥനായ പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന, ദൈവത്തിന്റെ ഛായയിലുള്ള സൃഷ്ടിയായി, യേശു ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ട സഹോദരനോ, സഹോദരിയോ ആയി കണക്കാക്കാം. ക്രൈസ്തവനാവുക എന്നാൽ അതാണ്" (98).

ക്രിസ്തുവിന്റെ അനുയായി ആവുക എന്നുപറഞ്ഞാൽ ക്രിസ്തുവിന്റെ സുവിശേഷം ജീവിക്കുക, ക്രിസ്തുവിനേപ്പോലെ ആവുകയെന്നൊക്കെയാണ് അർത്ഥം. ഈ നമ്മിൽ നിന്നും, ക്രിസ്തുവിലേക്കുള്ള വിപ്ലവകരമായ മാറ്റത്തെയാണ് ക്രിസ്തീയതയുടെ അന്തഃസത്തയെന്ന് പറയുന്നത്. യോഹന്നാൻ ശ്ലീഹയുടെ സുവിശേഷത്തിൽ പറയുന്നതു പോലെ ശാരീരികമായും, ആത്മീയമായും, വൈകാരീകമായും,

ബുദ്ധിപരമായും ഉള്ള ഒരു മാറ്റമാണ് ക്രിസ്തീയതകൊണ്ട് വിവക്ഷിക്കുന്നത്.

ഞാൻ നിങ്ങൾക്കൊരു പുതിയ കല്പന തരുന്നു: “നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ; ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങളുടെ സ്നേഹം കണ്ട്, നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് മറ്റുള്ളവർ മനസ്സിലാക്കട്ടെ” (Jn 13: 34-35).

യേശുവിന്റെ ഈ കല്പനയെ നമ്മുടെ ജീവിതത്തിലേയ്ക്ക് പകർത്തുന്നത്, നാം മറ്റുള്ളവരിൽ യേശുവിനെ ദർശിച്ചു കൊണ്ട് അവരെ സ്നേഹിക്കുമ്പോഴാണ്. ഈ സുവിശേഷ വാക്യങ്ങൾ ഡൺസ്റ്റനച്ചൻ തന്റെ ജീവിതത്തിൽ പകർത്തുവാൻ പരിശ്രമിച്ചിരുന്നുവെന്ന് നമുക്ക് കാണാവുന്നതാണ്.

ഡൺസ്റ്റനച്ചനിൽ മുന്നിട്ടു നിന്നിരുന്ന മനോഭാവം ഈ സഹോദര സ്നേഹം തന്നെയാണ്. മറ്റുള്ളവരിൽ യേശുവിനെ കണ്ടിരുന്നു. ഒരു പക്ഷെ സുവിശേഷം, യേശുവിന്റെ ജീവിതം, അദ്ദേഹത്തെ കൂടുതൽ നയിച്ചിരുന്നത് ഈ വഴികളിലൂടെയായിരുന്നു. അട്ടപ്പാടിയിലെ ആദിവാസികളും, തൃശൂരിലുള്ള അനാഥാലയങ്ങളും, ആതുരശുശ്രൂഷാലയങ്ങളും അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട പ്രവർത്തനമേഖലകളായിരുന്നു.

ഒരു പാവപ്പെട്ടവനോട് താതാത്മ്യം പ്രാപിക്കാൻ, ഇടപഴകുവാൻ, അവന് എന്തെങ്കിലും ചെയ്തു കൊടുക്കുവാൻ സാധിക്കണമെങ്കിൽ ആ വ്യക്തിക്ക് മനസ്സുണ്ടായാൽ മാത്രം പോരാ, ബാഹ്യമായിട്ടും അതിന് യോഗ്യമാകണം. ചുരുക്കിപറഞ്ഞാൽ ചെളിപുരളുവാൻ തയ്യാറാവാതെ പാവപ്പെട്ടവന്റെ അടുത്തേയ്ക്ക് ചെല്ലുവാനോ, അവന് കൈത്താങ്ങാവാനോ സാധ്യമല്ലായെന്ന് ഡൺസ്റ്റനച്ചൻ ആദ്യമേ മനസ്സിലാക്കിയിരുന്നു.

മനുഷ്യരിലേയ്ക്ക് അലിഞ്ഞു ചേരാൻ അദ്ദേഹത്തിന് എളുപ്പം കഴിയുമായിരുന്നു. അദ്ദേഹത്തിന്റെ സംസാരവും, പെരുമാറ്റവും, ബാഹ്യചേഷ്ഠയും വസ്ത്രാധാരണവും അതിന് അനുപതമായിരുന്നു. ദരിദ്രരിൽ ദരിദ്രനായിരുന്നു അദ്ദേഹം. ഇവിടെ ളോവ അവിടവിടങ്ങളിൽ കീറി കളഞ്ഞും, വാഹനം ചേരിക്ക് പുറത്തിട്ടും, കയറി വന്ന്, ദരിദ്രരോട് സുവിശേഷം പ്രസംഗിക്കേണ്ട ഗതികേട് അദ്ദേഹത്തിനാ

യിരുന്നു. നാല് നേരവും വയറുനിറയെ ഭക്ഷണം കഴിച്ച് ചേരിയിൽ ചെന്ന്, "ദരിദ്രരെ ഭാഗ്യവാന്മാരെന്ന്" പറയുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പലപ്പോഴും ഭക്ഷണത്തിലായാലും, സ്വന്തം സുഖസൗകര്യങ്ങളിലായാലും, വസ്ത്രങ്ങളിലായാലും, ദരിദ്രരിലേക്കിറങ്ങിച്ചെല്ലുവാൻ അദ്ദേഹത്തിന്റെ അനുദിനജീവിതം കൊണ്ട് എളുപ്പമായിരുന്നു.

അതിനേക്കാളേറെ, സുവിശേഷത്തിലെ ദരിദ്രനായ ക്രിസ്തുവിനെ അദ്ദേഹം പഠിച്ചിരുന്നു, മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് പാവങ്ങളോട് പക്ഷംചേരുക, താതാത്മ്യപ്പെടുകയെന്നൊക്കെയുള്ള ആശയങ്ങൾ അദ്ദേഹം എളുപ്പം മനസ്സിലാക്കി അതിൽ ജീവിച്ച്, തന്നെ സന്യാസ പരിശീലനത്തിന് ഏല്പിച്ചിരിക്കുന്ന യുവ സന്യാസികളെ അതിനായി ഒരുക്കിയിരുന്നു. അദ്ദേഹത്തിന്റെ താമസ സ്ഥലവും, അദ്ദേഹത്തിന്റെ ഭക്ഷണക്രമവും, വസ്ത്രങ്ങളും, യാത്രകളും, എല്ലാം എല്ലാം ഇതിന്റെ മകുടോദാഹരണങ്ങളാണ്. വസ്ത്രങ്ങൾ എല്ലാം കീറിയതിനാൽ തുന്നൽ കൊണ്ട് നിറഞ്ഞിരുന്നു. ദരിദ്രരോട് പക്ഷംചേരണമെങ്കിൽ ഓരോരുത്തരും ദാരിദ്ര്യം എന്താണെന്നും, അവരുമായി ഒത്തുചേരുവാൻ എങ്ങനെ സജ്ജമാകണമെന്നും ഞങ്ങളെ പഠിപ്പിച്ചു തന്നത് അദ്ദേഹമായിരുന്നു. ആയതിനാൽ എവിടേയും കടന്നുചെല്ലുവാൻ ഞങ്ങൾക്ക് എളുപ്പമായിരുന്നു. ഈ എളുപ്പവഴികളെ താത്വികമായും, ദൈവികമായും എന്താണ് വിളിക്കേണ്ടതെന്നറിയില്ല.

The way of adaptability, adjustability, എന്നിങ്ങനെയുള്ള വാക്കുകൾ കൊണ്ട് അദ്ദേഹത്തിന്റെ ഈ ദൈവവരത്തെ നാമധേയം ചെയ്യാവുന്നതാണ്. ഈ തത്വശാസ്ത്രം ഒരു വലിയ പഠനമാക്കിയാൽ, ഡൻസ്റ്റനച്ചനെക്കുറിച്ച് മാത്രം വ്യക്തിപരമായി പഠിച്ചാൽ പലതും നൂതനമായി മനസ്സിലാക്കുവാൻ കഴിയും. ഒരിക്കലും മാഞ്ഞു പോകാത്ത, ഒരിക്കലും വേർതിരിക്കാനാവാത്ത ഹൃദയ ഐക്യം ആരുമായും വളർത്തിയെടുക്കാനുള്ള ആ വലിയ കഴിവിനെ എന്തു നാമധേയമാണ് കൊടുക്കേണ്ടത് എന്നറിയില്ല. അത് ദൈവസന്നിധിയിൽ നിന്നും പ്രാർത്ഥനയിലൂടെയും, ധ്യാനത്തിലൂടേയും, പഠനത്തിലൂടേയും നേടിയെടുത്തതാണ്. ഇത് അനുകരിക്കാൻ സാധിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ആധ്യാത്മികത ആദ്യം നാം സ്വായത്തമാക്കണം.

ഒരു നല്ല മനുഷ്യൻ ഒരിക്കലും നമ്മോട് വാതോരാതെ ദൈവവചനം പ്രസംഗിക്കണമെന്നില്ല. അവന്റെ ആശയങ്ങളും, ചിന്തകളും

നമ്മിൽ കുത്തി നിറയ്ക്കണമെന്നില്ല. പക്ഷെ അവൻ നമ്മെ പ്രചോദിപ്പിക്കും, ധൈര്യപ്പെടുത്തും, വെല്ലുവിളികൾ സൃഷ്ടിക്കും; വേണ്ടിവന്നാൽ അവൻ അവന്റെ ജീവിതം നമുക്ക് വേണ്ടി സമർപ്പിക്കും. ജീവിച്ചിരിക്കുന്നവർ നമ്മെ മരണത്തിലേയ്ക്ക് നയിക്കുന്നതിനേക്കാൾ നല്ലത്, മരിച്ചവർ നമ്മെ ജീവിതത്തിലേയ്ക്ക നയിക്കുന്നതാണ്. ചില പുസ്തകൾ വായിച്ചാൽ ലഭിക്കുന്നതിനേക്കൾ അറിവും പ്രചോദനവും ചില മഹത്തുക്കളിൽ നിന്നും ലഭിക്കും. ചിലരുടെ മുഖചിത്രങ്ങൾ തന്നെ നമ്മെ വലിയ ചിന്തകളിലേയ്ക്കും, പ്രവർത്തനങ്ങളിലേയ്ക്കും നയിക്കാറുണ്ട്. ഒരിക്കൽ അബ്രാഹം ലിങ്കനോട് ഒരു പടയാളി പറഞ്ഞു: "താങ്കൾക്ക് വേണ്ടി ഞാൻ മരിക്കുവാൻ തയ്യാറാണ്." അബ്രാഹം ലിങ്കൻ മറുപടിയായി പറഞ്ഞതിങ്ങനെയാണ്: "എനിക്ക് വേണ്ടി ഇരുപത്തയ്യായിരം പടയാളികൾ മരിക്കുവാൻ തയ്യാറുണ്ട്; പക്ഷെ എന്റെ ആവശ്യം ഒരാളെങ്കിലും എനിക്കുവേണ്ടി ജീവിക്കുവാനാണ്." ഡൺസ്റ്റനച്ചൻ യേശുവിനു വേണ്ടി ജീവിക്കുവാൻ ഒരാളെയല്ല, ആയിരക്കണക്കിന് മനുഷ്യരെ ഒരുക്കിയവനാണ്. "ലോകമെങ്ങു പോയി നിങ്ങൾ സുവിശേഷമറിയിക്കുവിൻ" എന്ന വ്യക്തമായ ദൈവവചനം സ്വന്തമാക്കിയവനായിരുന്നു ഡൺസ്റ്റനച്ചൻ. അദ്ദേഹത്തിന്റെ മനസ്സും, ഹൃദയവും ഒരു തീപന്തമായിരുന്നു. അത് എന്നും ജ്വലിച്ചു കൊണ്ടിരിക്കുന്നത് ഞങ്ങൾക്ക് കാണാമായിരുന്നു. ഞങ്ങളെ വളർത്തിയത് ഇതിനു വേണ്ടി തന്നെയായിരുന്നു. ഭാഷാ പഠനവും, സാമൂഹ്യസേവനവും, ആദിവാസികളുടെ ഇടയിലുള്ള പരിശീലനവുമൊക്കെ ഇതിന്റെ ഉദാഹരണങ്ങളായിരുന്നു. ആയതുകൊണ്ടു തന്നെയാണ് അവസാന വർഷത്തിൽ ഞങ്ങളുടെ ഗ്രൂപ്പ് മൂന്നായി തിരിഞ്ഞു മധ്യപ്രദേശിലേയ്ക്കും, തമിഴ്നാട്ടിലേയ്ക്കും, കേരളത്തിലേയ്ക്കുമായി പ്രേഷിതവൃത്തിയ്ക്ക് പോയത്. എവിടെ ചെന്നാലും ജീവിയ്ക്കാവുന്നവരാക്കി അദ്ദേഹം ഞങ്ങളെ മെനഞ്ഞെടുത്തു. ഞങ്ങളെ കഠിനാധ്വാനത്തിന്റേയും, ദൈവവചന പ്രഘോഷണത്തിന്റേയും തീപ്പന്തങ്ങളാക്കി തീർക്കുവാൻ അദ്ദേഹം കിണഞ്ഞ് പരിശ്രമിച്ചിരുന്നു. ഇന്ന് ഇന്ത്യയിലും, ഇന്ത്യയ്ക്കു വെളിയിലും മിഷനറി പ്രവർത്തനത്തിന് തയ്യാറെടുത്ത് പോയവരിൽ പലരും ഈ തീക്ഷ്ണതയിൽ എരിഞ്ഞവരാണ്.

5

# തീക്ഷണതയുള്ള ഒരു മിഷനറി

ഒരു മിഷനറി ആകുവാൻ അദ്ദേഹം ആദ്യകാലങ്ങളിൽത്തന്നെ ആഗ്രഹിച്ചിരുന്നു. പക്ഷെ അദ്ദേഹത്തിന് അവസാന കാലഘട്ടങ്ങളിൽ കോയമ്പത്തൂർ പ്രവിശ്യയിൽ മിഷനറി വേല ചെയ്യുവാനുള്ള ഭാഗ്യമാണ് ലഭിച്ചത്. എന്നാൽ അനേകരെ മിഷനറി പരിശീലനം നൽകി അദ്ദേഹം അയച്ചിട്ടുണ്ട്. കേരളത്തിന് പുറത്ത്, വൈദീകവിദ്യാർഥികളെ ആദ്യമായി റാഞ്ചിയിൽ കൊണ്ടു പോയി പഠിപ്പിച്ചപ്പോഴും അവരെ പരിശീലിപ്പിക്കാനായി സഭ അദ്ദേഹത്തെ നിയോഗിച്ചിരുന്നു. മനുഷ്യ മനസ്സിൽ കത്തിയെരിയുന്ന ദൈവവചനം മറ്റുള്ളവരിലേയ്ക്ക് പകർന്നു കൊടുത്ത്, അവരെ അഗ്നികുണ്ഠങ്ങളാക്കി മാറ്റുന്ന പ്രക്രിയയിൽ ഡൺസ്റ്റനച്ചൻ, ദൈവത്തിന്റെ ഏറ്റവും വലിയ ഉപകരണമായിരുന്നു. ദൈവം നമ്മെ വിളിച്ചിട്ടുണ്ടെങ്കിൽ ആ വിളി പൂർണ്ണമായും എറ്റെടുത്ത് ദൈവത്തിന് വേണ്ടി ജീവിതകാലം മുഴുവൻ ചിലവഴിക്കാൻ  ഈ സന്യാസ വൈദികൻ ജീവിതത്തിന്റെ ഏറെ ഭാഗവും വൈദീക വിദ്യാർഥി പരിശീലകനായി ചിലവഴിച്ചതായി മനസ്സിലാക്കാം. ഇന്ന് സഭ ഗ്ലോബൽ മിഷനെക്കുറിച്ച് സംസാരിക്കുന്നുണ്ടെങ്കിൽ വർഷങ്ങൾക്കു മുൻപ് ഡൺസ്റ്റനച്ചൻ ഇതിനെക്കുറിച്ച് ചിന്തിച്ചിരുന്നു. ഒരു പക്ഷെ ഡൺസ്റ്റനച്ചന്റെ ഒരു അടിസ്ഥാന വികാരമായിരുന്നു ഈ മിഷനറി ദൗത്യം. അദ്ദേഹത്തിന്റെ ജീവിതം തന്നെ ഇതിനായി ഉഴിഞ്ഞു വച്ചിരുന്നോയെന്ന് പലപ്പോഴും സംശയിച്ചിരുന്നു. അട്ടപ്പാടി ആദിവാസികൾക്കിടയിൽ നവസന്യാസ പരിശീലനക്കാലത്ത് പരിശീലനത്തിനായി കൊണ്ടുപോയപ്പോൾ, അദ്ദേഹമായിരുന്നു ഞങ്ങളെ പൂർണ്ണമായി നയിച്ചിരുന്നത്. ഞങ്ങൾ എന്തു ചെയ്യണമെന്നു ചോദിച്ചപ്പോൾ അദ്ദേഹത്തിന് വ്യക്തമായ ഉത്തരം ഉണ്ടായിരുന്നു: നിങ്ങൾ അവരെ 'അക്ഷരം' പഠിപ്പിയ്ക്കണം. അവരെ കൈ പിടിച്ച് ഉയർത്തണമെങ്കിൽ വിദ്യ തന്നെയാണ് കൊടുക്കേണ്ടതെന്ന് അദ്ദേഹത്തിന് വ്യക്തതയുണ്ടായിരുന്നു. അതുപോലെ തന്നെ നോർത്ത് ഇന്ത്യയിൽ സേവനം ചെയ്യാൻ പോകണ

മെങ്കിൽ ഹിന്ദി ഭാഷാ പഠിക്കണമെന്നു പറഞ്ഞ് ഹിന്ദി പഠിപ്പിച്ചതും ഇന്നും ഓർമ്മയിൽ ഓടിയെത്തുന്നു. ദൈവത്തിന്റെ വിളി സ്വീകരിച്ച വർ ലോകത്തിൽ എവിടെയായാലും സേവനമനുഷ്ഠിക്കുവാൻ തയ്യാ റാകണമെന്ന് അദ്ദേഹം ഞങ്ങളെ എന്നും ഓർമ്മിപ്പിച്ചിരുന്നു. മിഷന റി പ്രവർത്തകരുടെ മധ്യസ്ഥയായി കൊച്ചുത്രേസ്സ്യായെ നിയോഗിച്ചി ട്ടുണ്ടെങ്കിൽ, അതുപോലെത്തന്നെയാണ് ഡൺസ്റ്റനച്ചൻ. അദ്ദേഹം മിഷനറിവേല അധികം ചെയ്യുവാൻ കേരളത്തിനു പുറത്തു പോയിട്ടി ല്ലെങ്കിലും സി.എം.ഐ. സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ മദ്ധ്യസ്ഥനായി ഡൺസ്റ്റനച്ചനെ ദൈവം നിയോഗിക്കട്ടെയെന്ന് പ്രാർ ഥിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം പരിശോധിച്ചാൽ ഈ സത്യം എല്ലാ പ്രവൃത്തികളിലും, ജീവിതത്തിലും, പ്രബോധനങ്ങളിലും എന്നെന്നും തെളിഞ്ഞു വരും. അദ്ദേഹം എപ്പോഴും 'തീക്ഷണത'യെ ന്ന പദം ഉപയോഗിച്ചിരുന്നത്, ഈ ആത്മാക്കൾക്കായുള്ള ദാഹമായി രുന്നുവെന്ന് പിന്നീട് നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഒരു പക്ഷെ ഇന്ന്, കോയമ്പത്തൂർ പ്രവിശ്യയും, ഭോപ്പാൽ പ്രവിശ്യയും, കെനിയ യും മഡഗാസ്ക്കറുമൊക്കെ നില കൊള്ളുന്നുണ്ടെങ്കിൽ അദ്ദേഹത്തി ന്റെ ശിഷ്യൻമാരുടെ ഈ 'തീക്ഷണത' കൊണ്ടാണെന്നത് നിസംശയ മാണ്. എല്ലാ വിജയങ്ങളുടേയും പുറകിൽ ഈ വന്ദ്യവൈദികന്റെ അദ്ധ്വാനവും, പ്രാർഥനയും, പ്രവർത്തനങ്ങളുമുണ്ട്.

## 6

# അനുസരണം

അധികാര കസേരയിൽ അധികനാൾ ഇരുന്നിട്ടില്ലെങ്കിലും, അധികാരികളെ എങ്ങനെ അനുസരിക്കണമെന്ന് അദ്ദേഹം ജീവിതത്തിലൂടെയും, പഠനങ്ങളിലൂടെയും പഠിപ്പിച്ചു തന്നിട്ടുണ്ട്. അനുസരണമെന്നത് "കണ്ണടച്ചുള്ള ആമ്മേൻ" പറച്ചിലാണെന്ന് അദ്ദേഹം ഞങ്ങളെ ഉദ്ബോധിപ്പിച്ചിരുന്നു. ശ്രേഷ്ഠൻമാർ പറഞ്ഞാൽ അപ്പുറമൊന്നുമില്ലായെന്ന് സന്യാസവ്രതമായ അനുസരണത്തിന്റെ ബാലപാഠമായി അദ്ദേഹം ഞങ്ങളെ അനുസ്മരിപ്പിച്ചുവെന്നു മാത്രമല്ല, ആ വഴികളിലൂടെ യാത്ര ചെയ്തു കാണിച്ചു തരികയും ചെയ്തു. ആശ്രമത്തിലെ ആശ്രമ ശ്രേഷ്ഠൻ പറഞ്ഞാൽ പിന്നെ മറുചോദ്യങ്ങളില്ല, കുറ്റാരോപണങ്ങളില്ല, പ്രത്യുത ദൈവത്തിന്റെ തിരുമനസ്സാണത് എന്നു പറഞ്ഞ് പഠിപ്പിച്ചിരുന്നു. ഡൺസ്റ്റനച്ചൻ എന്നു പറഞ്ഞാൽ അനുസരണ വ്രതത്തിന്റെ മകുടോദാഹരണമാണ്. അദ്ദേഹത്തിന്റെ സ്ഥലമാറ്റങ്ങളും, സ്ഥാനങ്ങളുമൊക്കെ നിരീക്ഷിച്ചാൽ നമുക്കത് ബോധ്യമാകും. എന്തിനേറെ പറയുന്നു അനുദിന ജീവിതത്തിൽ താൻ ചെയ്യുന്ന നിസ്സാര കാര്യങ്ങളിൽ പോലും ഈ അനുസരണത്തിന്റെ പ്രായോഗികത കാണാവുന്നതാണ്. തന്റെ എല്ലാ പ്രവൃത്തികളും സുതാര്യമായിരുന്നതിനാൽ അധികാരികളെ അനുസരിക്കുന്നത് ദൈവത്തിന്റെ വെളിപാടുകളായാണ് അദ്ദേഹം മനസ്സിലാക്കിയിരുന്നത്. തന്റെ ശ്രേഷ്ഠൻ, തന്നേക്കാൾ പ്രായം കുറഞ്ഞവനായിട്ടുപോലും, ഒരു ശിശുവിനെ പോലെ ഓരോ കാര്യവും അനുവാദം വാങ്ങി ചെയ്യുന്നതു കാണുമ്പോൾ നമ്മുടെ മനസ്സിൽ ഡൺസ്റ്റനച്ചൻ എന്ന വ്യക്തിയുടെ മാഹാത്മ്യം വർദ്ധിക്കുന്നത് മനസ്സിലാക്കുവാൻ സാധിക്കും. "അനുസരണം അടിമത്വമല്ലായെന്നും, ദൈവത്തിന്റെ ഇഷ്ടം അറിയുന്നതാണെന്നും" അദ്ദേഹം പഠിപ്പിച്ചു തന്നു. "അധികാരികളിലൂടെ ദൈവത്തിന്റെ ഇഷ്ടം എന്താണെന്നും, അത് നിറവേറ്റുവാൻ പരിശ്രമിക്കണമെന്നും" അദ്ദേഹം ഇടയ്ക്കിടെ ഞങ്ങളെ ഓർമ്മിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ ഈ

ബാലപാഠങ്ങൾ ഞങ്ങളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നു. സ്ഥാന മാനങ്ങളുടെ പുറകെ അദ്ദേഹം അലഞ്ഞില്ല. പലപ്പോഴും സ്ഥാനമാന ങ്ങൾ അദ്ദേഹത്തെ തേടി വന്നതാണ്. ലോകവസ്തുക്കളുടെ പുറകെ അദ്ദേഹം പോയില്ല, അതിനേക്കാളിരട്ടിയായ സന്തോഷം അദ്ദേഹത്തി ന് ദൈവവുമായുള്ള ബന്ധത്തിൽ നിന്നും ലഭിച്ചിരുന്നു. ഇന്ന് സ്ഥാന മാനങ്ങളുടേയും, സൽപേരിന്റേയും, പ്രശസ്തിയുടേയും പുറകേ പോയി, നിരാശയിൽ ജീവിക്കുന്നവർക്ക് ഈ സന്യാസ പുരോഹി തൻ എന്നും മാതൃകയാണ്, ഒരു വെല്ലുവിളിയാണ്.

# 7

# പ്രകൃതിയിലൂടെ ദൈവത്തിങ്കലേക്ക്

പ്രകൃതിയുടെ വിശുദ്ധനായി ഫ്രാൻസിസ് അസീസ്സിയെ നാം ചിത്രീകരിക്കാറുണ്ട്. ഡൺസ്റ്റനച്ചൻ സി.ഐ.ഐ. സഭയുടെ ഫ്രാൻസിസ് അസീസ്സിയായിരുന്നു. പ്രപഞ്ചത്തിൽ നിന്നും, പ്രപഞ്ച വസ്തുക്കളിൽ നിന്നും ദൈവസന്നിധിയിലേയ്ക്ക് ഉയർന്ന ഫ്രാൻസിസ് അസ്സീസ്സിയെ പോലെ, പ്രകൃതിയിലൂടെ, ചുറ്റുമുള്ള വൃക്ഷലതാദികളിലൂടെ ഈ സന്യാസവൈദികൻ ദൈവത്തിലേക്ക് ഉയർന്നിരുന്നുവെന്ന് അദ്ദേഹത്തെ അടുത്തറിയാവുന്നവർക്ക് മനസ്സിലാക്കുവാൻ സാധിയ്ക്കും. മനുഷ്യരോടെന്നപോലെ വൃക്ഷലതാദികളോട് എന്തോ ഒരു പ്രത്യേക മമത അദ്ദേഹത്തിനുണ്ടായിരുന്നു. സസ്യശാസ്ത്രത്തിൽ താൽപര്യമുള്ള പോലെ പലപ്പോഴും തോന്നിയിരുന്നു. ചെടികളും കായ്കനികളും അദ്ദേഹത്തിന്റെ ശ്രുശ്രൂഷ ധാരാളമായി സ്വീകരിച്ചിട്ടുണ്ട്. പൂക്കളെ വിശകലനം ചെയ്തും, പുതിയ തരം കായ്കൾ ഉണ്ടാക്കുവാൻ പരിശ്രമിച്ചും, ചെടികൾ ഒട്ടിച്ചു ചേർത്തും ഡൺസ്റ്റനച്ചൻ തോട്ടപ്പണിയുടെ സമയം ചിലവഴിച്ചിരുന്നു. ഇതിനിടയിൽ ചില പരീക്ഷണങ്ങൾ അദ്ദേഹം തന്റേതായി ചെയ്തുകൊണ്ടിരുന്നത് ഞങ്ങളോട് പറഞ്ഞിരുന്നു. റോസ്ച്ചെടിയുടെ ബഡ്ഡിങ്ങും അതിന്റെ വളർച്ചയും കാര്യഗൗരവമായി തന്നെ അദ്ദേഹം എടുക്കാറുണ്ട്. മാവിന്റെ തൈകളിൽ ബഡ്ഡിങ്ങ് പരീക്ഷണങ്ങളും നടത്തിയിരുന്നു.

ഒരു പക്ഷെ പ്രകൃതിയോടുള്ള ഈ സ്നേഹവും പരിചരണങ്ങളുമൊക്കെ അദ്ദേഹത്തെ ദൈവത്തോട് കൂടുതൽ അടുപ്പിച്ചിരുന്നു. അതുപോലെ തന്നെ വാഴകൃഷി, കപ്പലണ്ടി കൃഷി, ചോളം എന്നിവ അദ്ദേഹത്തിന്റെ കൃഷിയിലുള്ള താൽപര്യം എടുത്തു കാണിച്ചിട്ടുണ്ട്. ഡൺസ്റ്റനച്ചന്റെ 60-ാം പിറന്നാളിനു സമ്മാനം ചോദിച്ചപ്പോൾ 60 വാഴക്കുഴി കുത്തി, അതിൽ 60 വാഴക്കണ്ണ് കൊണ്ടുവന്നു വയ്ക്കാമെന്നു ഞങ്ങളോട് പറഞ്ഞു. പിന്നീട് ഒരിക്കൽ പോലും ഒരു സമ്മാനവും ഞങ്ങൾ ചോദിച്ചിട്ടില്ല. അദ്ദേഹം സ്വന്തമായി ഉപയോഗിക്കുന്ന ഒരു

“കൈക്കോട്ട് (തൂമ്പ)” ഇന്നും ഞങ്ങളുടെ ഓർമ്മയിലുണ്ട്. ഉപയോഗിക്കുന്ന കൃഷി ഉപകരണങ്ങൾ എടുത്തിടത്ത് തന്നെ കൊണ്ടുചെന്നു വയ്ക്കാൻ എന്നും നിഷ്ക്കർച്ചിരുന്നു. മണ്ണിനോടും പ്രകൃതിയോടുമുള്ള അദ്ദേഹത്തിന്റെ സ്നേഹം ഞങ്ങൾക്ക് ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. എവിടെ യാത്രക്കു പോയി തിരിച്ചു വരുമ്പോഴും മൂന്നോ നാലോ പുതിയ തരം ചെടികൾ കൊണ്ടു വരാതിരിക്കില്ല. അത് ചട്ടിയിൽ വയ്ക്കാനും, വച്ചു പിടിപ്പിയ്ക്കാനും അദ്ദേഹം കാണിക്കുന്ന താൽപര്യം ശ്രദ്ധാർഹമാണ്. ദൈവത്തിലേയ്ക്ക്, ഓരോ പുഷ്പങ്ങളെടുത്തും, ചെടികളെ ശ്രുശ്രൂഷിച്ചും അദ്ദേഹം ഉയർന്നു പോകുന്ന കാഴ്ച്ച നമുക്ക് അദ്ദേഹത്തിന്റെ ചെയ്തികളിൽ നിന്നും കണ്ട് മനസ്സിലാക്കാവുന്നതാണ്.

പ്രകൃതിയെ ദൈവത്തിന്റെ കയ്യൊപ്പായി കാണുകയും, ആ പ്രകൃതിയിലൂടെ ദൈവത്തിന്റെ മുഖം ദർശിക്കുകയും ചെയ്തിരുന്ന അസീസ്സിയിലെ ഫ്രാൻസിസ് പുണ്യവാളനും, ഡൺസ്റ്റനച്ചനും തമ്മിൽ വ്യത്യാസമുണ്ടായിരുന്നില്ലായെന്ന് പറയുന്നത് ശരിയാണ്.

8

# സത്യവും നീതിയും

സത്യം, അഹിംസ ഇവ രണ്ടും മഹാത്മാഗാന്ധിജിയുടെ ആദർശങ്ങളാണ്. ഇന്ന് സമൂഹം അതിന് എന്ത് വില കൊടുക്കുന്നുവെന്ന് അറിയില്ല; പക്ഷെ ഈ രണ്ട് ആദർശങ്ങളും ഹൃദയത്തിലേറ്റി നടന്ന ഒരു സന്യാസിയായിരുന്നു ഡൺസ്റ്റച്ചൻ. അണുവിട മാറാൻ സമ്മതിക്കാത്ത രണ്ടു ഗാന്ധിയൻ ആദർശങ്ങൾ. അദ്ദേഹം ആ ഗാന്ധിയൻ തത്വചിന്തകളുടെ ഒരു മനുഷ്യനും, എന്നും ജീവിതത്തിൽ പകർത്തുവാൻ ആഗ്രഹിക്കുന്നവനുമായിരുന്നു. ഏത് ഉത്തരവും, മറുപടിയും ഈ രണ്ടു തത്വങ്ങളിൽ അധിഷ്ഠിതമായിരുന്നു.

അദ്ദേഹത്തിന്റെ ജീവിതലാളിത്യവും, ദാരിദ്ര്യാരൂപിയും ഈ തത്വചിന്തയുടെ ഭാഗങ്ങളാകാം. ഏതൊരു പ്രശ്നങ്ങളും അതിന്റെ നിവാരണങ്ങളും അദ്ദേഹം കൊണ്ടെത്തിക്കുന്നത് സത്യത്തിലും നീതിയിലുമായിരിക്കും. ഈ മഹത്തായ ചിന്തയിൽ ജീവിച്ച്, പഠിച്ച്, മറ്റുള്ളവരോട് പറയുമ്പോൾ, പലപ്പോഴും ഒരു ആധികാരികത അനുഭവപ്പെടുന്നുണ്ടായിരുന്നു. ജീവിതത്തിൽ ഇതിന് വിപരീതമായി ഒരു അക്ഷരം സംസാരിക്കുകയോ, പ്രവൃത്തിക്കുകയോ ചെയ്തിട്ടില്ല എന്നു മാത്രമല്ല, ജീവിതത്തിൽ ജീവിച്ചു കാണിച്ചു തരികയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ഒരു വിട്ടുവീഴ്ച്ചയ്ക്കും അദ്ദേഹം തയ്യാറായിരുന്നില്ല. ഗാന്ധിജിയുടെ പുസ്തകങ്ങൾ അദ്ദേഹം പഠിച്ചിട്ടുണ്ടെന്ന്, തന്റെ സംസാരത്തിലൂടെയും, പ്രവൃത്തികളിലൂടേയും അദ്ദേഹം തെളിയിച്ചിട്ടുണ്ട്. ഈ രണ്ടു സുകൃതങ്ങൾ എവിടെ ചെന്നാലും, അദ്ദേഹം മുറുകെ പിടിച്ചിട്ടുമുണ്ട്.

ഉന്നതമായ ചിന്തയും, ലളിതമായ ജീവിതവും - അതായിരുന്നു ഗാന്ധിജിയെങ്കിൽ ഡൺസ്റ്റനച്ചന്റെ ജീവിതവും അങ്ങനെത്തന്നെയായിരുന്നു. പൊതുവായ ഏത് സംസാരങ്ങളിലും, ചർച്ചകളിലും ഈ ആദർശങ്ങൾ അദ്ദേഹം ഉയർത്തിപ്പിടിച്ചിരുന്നു. സത്യം പറഞ്ഞാൽ ഡൺസ്റ്റനച്ചൻ ഉള്ള വേദികളിലും, യോഗങ്ങളിലും ആർക്കും സത്യ

ത്തിനും, അഹിംസയ്ക്കും, നീതിയ്ക്കുമെതിരെ സംസാരിക്കാനുള്ള ധൈര്യമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ അധരങ്ങൾ എന്നും വിളിച്ചു പറയുമായിരുന്നു: 'സത്യമേവ ജയതേ.'

സത്യത്തേയും, നീതിയേയും കുറിച്ച് പറഞ്ഞു തരിക മാത്രമല്ല, അവ അനുഷ്ഠിക്കുമ്പോൾ അനുഭവിക്കേണ്ടി വരുന്ന യാതനകളും, വേദനകളും എണ്ണിയെണ്ണി പറഞ്ഞു തന്ന്, ജീവിക്കുവാൻ പ്രചോദനം നൽകിയ ഒരു ആത്മീയ ഗുരുവായിരുന്നു ഡൺസ്റ്റനച്ചൻ. സന്യാസി ഒരു പ്രവാചകനാണെന്നും അവൻ സത്യവും, നീതിയും ലോകത്തിന് ഓർമ്മിപ്പിച്ചു കൊടുക്കണമെന്നും അദ്ദേഹം ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു. ഈ ദർശനങ്ങൾ ജീവിതത്തിന് നൽകുന്നത് ചിലപ്പോൾ തീരാദുഃഖങ്ങളും കണ്ണുനീരുമായിരിക്കുമെന്ന് ഞങ്ങളെ ഓർമ്മിപ്പിക്കാറുണ്ട്. ക്രിസ്തുവിന്റെ ജീവിതവുമായി എന്നെന്നും നമ്മുടെ കൊച്ചു കൊച്ചു ജീവിതങ്ങളെ ഒന്നിപ്പിക്കുവാൻ പരിശ്രമിക്കാറുണ്ട്. ഡൺസ്റ്റനച്ചന്റെ രണ്ടു കണ്ണുകളായിരുന്നു സത്യവും, നീതിയും. ഡൺസ്റ്റനച്ചൻ നമ്മിൽ നിന്നും മൺമറഞ്ഞു പോയിട്ടും, അദ്ദേഹത്തിന്റെ ഈ പൊൻതൂവലുകൾ ഒരിക്കലും നശിക്കാതെ, ശിഷ്യൻമാരുടെ കിരീടങ്ങളിലെ പൊൻതൂവലുകളായി മാറിക്കൊണ്ടിരിക്കുന്നു.

ഒരു കാലഘട്ടത്തിൽ സന്യാസ ജീവിതത്തിൽ മുഴങ്ങികേട്ട ഒരു വാക്കാണ് ശ്യൂന്യവൽക്കരണം (Kenosis). അറിഞ്ഞു കൂട്ടി തന്റേതായിട്ടുള്ളതും, തന്റേതാക്കാവുന്നതുമായ കാര്യങ്ങൾ വേണ്ടായെന്ന് വയ്ക്കാവുന്നതിനെയാണ് ശ്യൂന്യവൽക്കരണമെന്നു പറയുന്നത്.

ഇവിടെ ഡൺസ്റ്റനച്ചനെ കുറിച്ച് ചിന്തിക്കുമ്പോൾ, ഒരു വ്യക്തിയെന്ന നിലയിലും, ഒരു സന്യാസവൈദികൻ എന്ന നിലയിലും ഡൺസ്റ്റനച്ചൻ പഠിക്കുവാൻ കഴിവുള്ളവനും, ബുദ്ധി സാമർത്ഥ്യമുള്ളവനുമായിരുന്നു. പക്ഷെ എന്തുകൊണ്ട്, അദ്ദേഹം പഠിച്ചുകൊണ്ടിരുന്നപ്പോൾ, മറ്റ് ചില വൈദികരെപ്പോലെ ഉന്നതവിദ്യാഭ്യാസത്തിന് അദ്ദേഹത്തെ അയച്ചില്ലായെന്നോ, പോയില്ലായെന്നോ ചിന്തിക്കുമ്പോൾ ഈ 'ശൂന്യവൽക്കരണം' എന്നതിന്റെ ജീവിത യാഥാർത്ഥ്യം അദ്ദേഹത്തിന്റെ ജീവിതത്തിൽ അടിസ്ഥാനമായിരുന്നുവെന്ന് കാണാം.

പക്ഷേ ഏത് ഉന്നത പഠനം കഴിഞ്ഞ് വന്ന സന്യാസിയെക്കാളും, അദ്ദേഹം വിഷയങ്ങളിൽ ഗാഢമായ അറിവുള്ളവനും എന്നും പഠിച്ചു കൊണ്ടിരിക്കുന്നവനുമാണെന്ന് അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. A learned man എന്നു പറയുന്നതും, A man

with degree എന്നു പറയുന്നതും തമ്മിൽ വ്യത്യാസമുണ്ട്. പഠിച്ചവൻ അവൻ പഠിച്ച വിഷയത്തിലുള്ള ജ്ഞാനമെങ്കിൽ ഒരു വിജ്ഞാനി, ഏതൊരു വിഷയത്തെക്കുറിച്ചും അറിവ് നേടിയിട്ടുള്ളവനാണ്. ഇവിടെ ഡൺസ്റ്റനച്ചനെക്കുറിച്ച് മനസ്സിലാക്കുന്ന ഒരു കാര്യം ഒരു സർവ്വകലാശാലയിലും പഠിച്ചിട്ടില്ലെങ്കിലും, അദ്ദേഹം ഏതൊരറിവുള്ളവനേക്കാളും കൂടുതൽ അറിവ് സമ്പാദിച്ചിരുന്നു. പരന്ന വായനയും, അതീവ ശ്രദ്ധയോടെയുള്ള ധ്യാനവും, ഉയർന്ന ചിന്തയും അദ്ദേഹത്തിന് കൈമുതലായിരുന്നു. ഒരു പക്ഷേ, നമുക്കതിനെ അദ്ദേഹത്തിന്റെ മാനുഷികമായ ബുദ്ധിവൈഭവമെന്നോ, ദൈവത്തിന്റെ സർവ്വകലാശാലയിലെ വിദ്യാഭ്യാസമെന്നോ വിശേഷിപ്പിക്കാം. ഒരു കാര്യം തീർച്ച, ദൈവത്തിന്റെ വിദ്യാലയത്തിലെ പഠനം മാനുഷിക സർവ്വകലാശാലയെ വെല്ലുന്ന ഒന്നാക്കി മാറ്റി ഈ പുരോഹിതൻ. വിജ്ഞാനത്തിന്റെ ഉറവിടമായ ദൈവത്തിന്റെ കൈകളിൽ നിന്നും ഡൺസ്റ്റനച്ചൻ അത് ആവോളം പകർന്നെടുത്തു.

ഒരിക്കൽ പോലും തന്റെ പ്രാഗൽഭ്യം ഒരിടത്തും പ്രകടിപ്പിക്കാൻ അദ്ദേഹം തുനിഞ്ഞിട്ടില്ല. ഇവൻ ആര്? ആശാരിപ്പണിക്കാരനായ ജോസഫിന്റേയും, മറിയത്തിന്റേയും മകനല്ലേയെന്ന് യേശുവിനെകുറിച്ച് പറഞ്ഞതുപോലെ ഈ സന്യാസവൈദികനെക്കുറിച്ച് പലരും രഹസ്യമായും, പരസ്യമായും പറഞ്ഞിട്ടുണ്ട്.

മറ്റു വൈജ്ഞാനികരുടെ അടുത്ത് ചെന്ന് സംശയനിവാരണം ചെയ്യുന്നതിനേക്കാൾ എളുപ്പമായിരുന്നു ഡൺസ്റ്റനച്ചന്റെ അടുത്ത് വന്ന് സംശയങ്ങൾ ചോദിക്കാൻ. അറിയില്ലെങ്കിൽ, പഠിച്ച് പറയാമെന്ന് അദ്ദേഹം മുഖത്തു നോക്കി പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വിജ്ഞാനം അദ്ദേഹം തന്നെയായിരുന്നു. വലിയ സദസ്സുകളിൽ വലിയ വലിയ പ്രഭാഷണങ്ങളോ, വീഡിയോ കോൺഫ്രൻസുകളോ നടത്താൻ അദ്ദേഹം തുനിഞ്ഞില്ലെന്നുമാത്രമല്ല, അദ്ദേഹത്തിന്റെ വിനയം അതിന് സമ്മതിച്ചിരുന്നില്ല. ഒരു പക്ഷെ ഗാന്ധിജി പറഞ്ഞതുപോലെ "എന്റെ ജീവിതമാണ് എന്റെ സന്ദേശം."

വർഷങ്ങൾക്കു മുൻപ് ഒരു സന്യാസിനി അവരെ ധ്യാനിപ്പിക്കുവാൻ ശ്രേഷ്ഠൻ നിയോഗിച്ചതിന്റെ പേരിൽ ധ്യാനിപ്പിച്ച ഡൺസ്റ്റനച്ചന്റെ കഥ പറയുകയുണ്ടായി. ധ്യാനത്തിനുള്ള സമയം നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. ആദ്യ പ്രഭാഷണം 10 മണിയ്ക്ക് തുടങ്ങി, 11.30-ന് അവസാനിക്കും. കോൺവെന്റിലുള്ള എല്ലാ

അംഗങ്ങളും പ്രഭാഷണം കേൾക്കാൻ വന്നിരുന്നു. പ്രഭാഷണം തുടങ്ങി 15 മിനിറ്റു കഴിഞ്ഞപ്പോൾ ധ്യാനഗുരു പറയുന്നു, ഞാൻ ഒരുങ്ങിക്കൊണ്ടുവന്ന വിഷയം തീർന്നു. ഇനി നിങ്ങൾ കേട്ടതിനെക്കുറിച്ച് സ്വയമേവ ദൈവസന്നിധിയിൽ ചെന്ന് ധ്യാനിക്കുക. ഇത് ആദ്യപ്രഭാഷണത്തിന്റെ കഥമാത്രമല്ല. അവസാന പ്രഭാഷണംവരെയും സമയം മുഴുപ്പിക്കാനാവാതെ അദ്ദേഹം വിഷമിച്ചു പോയി. ധ്യാനഗുരുവിനെ നിയോഗിച്ച ശ്രേഷ്ഠനും ഇതറിഞ്ഞു.

ഏകദേശം 50 വർഷങ്ങൾക്കു ശേഷം ആ ധ്യാനത്തിൽ പങ്കെടുത്ത കന്യാസ്ത്രീ പറയുകയുണ്ടായി, എത്ര പ്രഗൽഭരായ ധ്യാന ഗുരുക്കന്മാർ, വചന പ്രഘോഷകന്മാർ ഇതിനിടെ വന്ന് ധ്യാനിപ്പിച്ചു പോയി. എങ്കിലും ഡൺസ്റ്റനച്ചൻ പറഞ്ഞ അന്നത്തെ ചുരുങ്ങിയ സമയത്തെ ധ്യാനത്തെ വെല്ലുന്നവ എന്റെ ജീവിതത്തിൽ ഇതുവരെയും കേട്ടിട്ടില്ല. അദ്ദേഹം ഞങ്ങൾക്ക് പകർന്നു തന്ന സന്ന്യാസ ചിന്തകൾ ഇന്നും മായാതെ മറയാതെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു.

ആരുടേയും മനസ്സിലേക്ക് കയറി ചെല്ലുവാൻ ഇഷ്ടപ്പെടാത്ത, അതേസമയം ഏവരും നെഞ്ചേറ്റിക്കൊണ്ടു നടന്ന ഒരു അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഡൺസ്റ്റനച്ചൻ. എല്ലാമുണ്ടായിരുന്നിട്ടും, ഒന്നുമില്ലാത്തവനേപ്പോലെ ജീവിച്ച ഒരു മനുഷ്യൻ. എല്ലാം അനുഭവിക്കാമായിരുന്നെങ്കിലും ഒന്നും വേണ്ടായെന്ന് ചിന്തിച്ച ഒരു മനുഷ്യൻ.

സന്യാസത്തിന്റെ അടിസ്ഥാനം ഈ ശൂന്യവൽക്കരണമാണെന്ന് നിശബ്ദമായി ലോകത്തിന്റെ മുൻപിൽ പ്രഘോഷിച്ച ഒരു സന്യാസവൈദികൻ. ഒരിക്കൽ മനുഷ്യന്റെ ധനസമ്പാദനത്തെക്കുറിച്ചുള്ള ചർച്ച നടക്കുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു. “അധികം പണം സമ്പാദിക്കുന്നതും, പണം ഒട്ടുമില്ലായ്മയും മനുഷ്യന് ദോഷം ചെയ്യും. ആവശ്യത്തിൽ കൂടുതൽ ഒന്നും സമ്പാദിക്കരുത്, ശേഖരിക്കരുത്. സമാധാനമുണ്ടാകുവാൻ ഏറ്റവും വലിയ എളുപ്പവഴി അതു മാത്രമാണ്.”

# 9

# ശൂന്യവൽക്കരണം

കുറവുകളെ സ്വയം മനസ്സിലാക്കി ദൈവത്തിന് നമ്മെ മുഴുവനായി സമർപ്പിച്ചു കഴിഞ്ഞാൽ പിന്നെ ദൈവം നമ്മെ നയിച്ചു കൊള്ളും. ആർസിലെ വികാരിയായിരുന്ന വി. ജോൺ വിയാനി പുണ്യവാൻ പഠനത്തിൽ മോശമായതുകൊണ്ട് സെമിനാരിയിൽ നിന്നും പുറത്താക്കപ്പെട്ടവനാണ്. ഫാ. ബല്ലിയുടെ കാരുണ്യം കൊണ്ടു മാത്രമാണ് ഒരു വൈദികനാകാൻ സാധിച്ചത്. 'ആർസ്' എന്ന കൊച്ചു ഇടവകയിൽ അദ്ദേഹം വികാരിയായി നിയോഗിക്കപ്പെട്ടു. ദൈവതിരുസന്നിധിയിൽ ഇടവിടാതെ പ്രാർത്ഥിച്ചും ഉപവാസമനുഷ്ഠിച്ചും, ആ തകർന്നടിഞ്ഞ ഇടവകയെ ഉയർത്തിക്കൊണ്ടുവന്നു.

ലോകം കാണുന്ന പോലെയല്ല, ദൈവം മനുഷ്യരെ കാണുന്നത്. തങ്ങളുടെ കുറവുകൾ ദൈവത്തിന്റെ കരങ്ങൾ കൊണ്ട് നികത്തുകയും, ഇരട്ടികഴിവുകളാക്കുകയും ചെയ്യുന്നു. ഇവിടെ ഡൺസ്റ്റനച്ചൻ തന്റെ കുറവുകൾ ദൈവസന്നിധിയിലർപ്പിച്ച്, ദൈവത്തിന്റെ പ്രചോദനങ്ങളും വരദാനങ്ങളും ഏറ്റു വാങ്ങി മനുഷ്യരുടെ മുമ്പിൽ സേവനമനുഷ്ഠിച്ചിരുന്ന ഒരു വന്ദ്യ സന്യാസ പുരോഹിതനായിരുന്നു.

ദൈവത്തിന്റെ അടുത്തു ചെല്ലുമ്പോൾ ഓരോ മനുഷ്യനും, സ്വയമായി താൻ ആരെന്നും എന്താണെന്നും മനസ്സിലാക്കി, വിനയാന്വിതനായിത്തീരാറുണ്ടെന്ന് വിശുദ്ധരുടെ പുസ്തകങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഒരു മനുഷ്യന്റെ ഏറ്റവും വലിയ ഗുണമേന്മ അവന്റെ വിനയത്തിലാണ് (humble nature) അടങ്ങിയിരിക്കുന്നത്. നമ്മുടെ അമ്മ പരിശുദ്ധ കന്യാകമറിയമാണ് ഇതിന് ഉത്തമ ഉദാഹരണം. ഒരു മനുഷ്യന്റെ വലുപ്പം മനസ്സിലാക്കാനുള്ള മാനദണ്ഡമാണ് ഈ മനോഭാവം.

ഇവിടെ ഡൺസ്റ്റനച്ചനെക്കുറിച്ച് ചിന്തിക്കുമ്പോൾ അദ്ദേഹത്തിന്റെ ശ്രേഷ്ഠത ഈ വിനയം തന്നെയാണ്. താൻ ആരാണെന്ന ബോധ്യം അദ്ദേഹത്തിന് വ്യക്തമായിരുന്നു. ദൈവ തിരുമുമ്പാകെ താൻ ഒന്നുമ

ല്ലായെന്നും തന്റെ കഴിവുകളും കഴിവുകേടുകളും താരതമ്യം ചെയ്യുമ്പോൾ താൻ നിസ്സാരനാണെന്നും കുറവുകളുടെ മനുഷ്യനാണെന്നും ചിന്തിച്ചിരുന്നു.

"ആദ്ധ്യാത്മികമായി ഇന്ന് ഞാൻ വളരെ താഴെപ്പോയി, ഒന്നും ഇന്ന് നേടാനായില്ല" എന്നൊക്കെ ഇടയ്ക്കിടയ്ക്ക് ഞങ്ങളോട് പറയുമ്പോൾ, എട്ടും പൊട്ടും തിരിയാത്ത, ആധ്യാത്മികതയുടെ ബാലപാഠങ്ങൾ പഠിക്കാത്ത ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നും മനസ്സിലായിരുന്നില്ല. ഇന്ന് പുറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ, അന്ന് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം മനസ്സിലാകുന്നുണ്ട്. അഴകോ, ആകാരഭംഗിയോ ഇല്ല. ഓർമ്മശക്തി വളരെ കുറവ്; പ്രസംഗചാതുരിയോ, സംസാരപാടവമോ ഇല്ല; ആരെയും ആകർഷിക്കുവാൻ പോന്ന ഒന്നുമില്ലാത്തവൻ എന്നുവേണമെങ്കിൽ പറയാം. പക്ഷെ ഈ കുറവുകൾ ദൈവതിരുസന്നിധിയിലും മനുഷ്യരുടെ മുന്നിലും ഏറ്റു പറഞ്ഞ് ചിലപ്പോൾ സ്വയം ശൂന്യനാകാറുണ്ട്.

ഇതൊക്കെയാണെങ്കിലും അദ്ദേഹം ദൈവതിരുസന്നിധിയിലും, മനുഷ്യരുടെ മുൻപിലും സംതൃപ്തിയുള്ള സന്യാസ ജീവിതത്തിന് ഉടമയായിരുന്നുവെന്ന് ഏവർക്കുമറിയാം.

മാനുഷികമായ, ആദ്ധ്യാത്മികമായ ഗുണങ്ങൾ ഒരു ത്രാസിൽ വച്ച് അളന്നു നോക്കിയാൽ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയുടെ ആഴം താഴെ മുട്ടിനില്ക്കുന്നത്, നമുക്ക് കാണാവുന്നതാണ്. ഇതാണ് ഡൺസ്റ്റനച്ചനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നതാണ്.

ലോകജീവിതത്തിൽ ചിലപ്പോഴെങ്കിലും സ്വന്തം കുറവുകളെ മറ്റുള്ളവരുടെ മുന്നിൽ വിറ്റ് കാശാക്കുന്നവരെ കണ്ടുമുട്ടാറുണ്ട്. "ഞാൻ ദേഷ്യക്കാരനാണ് ഞാൻ ആരെയും വിമർശിക്കും," "ഞാൻ ഒരു വാഗ്മിയാണ്" "ദൈവത്തിന്റെ ആധ്യാത്മികതയിൽ മറ്റുള്ളവരേക്കാൾ ഉയർന്നവനാണ്" എന്നിങ്ങനെയുള്ള മനോഭാവം വച്ചുപുലർത്തുന്ന ധാരാളം പേരെ സന്യാസ ജീവിതത്തിലും അതിനു പുറത്തും കണ്ടുമുട്ടാറുണ്ട്.

കുറവുകളെ, കുറവുകളായി മനസ്സിലാക്കി, അത് ദൈവത്തോടും,സഹജരോടും ഏറ്റ് പറഞ്ഞ്, സത്യസന്ധമായി ജീവിക്കുന്നവരെ കണ്ടുമുട്ടുക എളുപ്പമല്ല. അങ്ങനെ ഒരാളെ കണ്ടുമുട്ടണമെങ്കിൽ ഈ വന്ദ്യ വൈദികന്റെ ജീവിതത്തിലേയ്ക്ക് കടന്നു ചെല്ലണം. "നിങ്ങൾ ശിശുക്കളെപ്പോലെ ആകുവിൻ" എന്ന ദൈവവചനത്തിന്റെ ജീവക്കുന്ന മാതൃകയായിരുന്നു ഡൺസ്റ്റനച്ചൻ.

മനുഷ്യൻ കാണുന്നപോലെയല്ല, ദൈവം കാണുന്നത് എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമായിരുന്നു ഡൺസ്റ്റനച്ചൻ. ആധ്യാത്മികതയുടെ പരമപ്രധാനമായ ഗുണങ്ങൾ ആത്മാർത്ഥത, സത്യസന്ധത എന്നിവയിൽ കണ്ടെത്താം. ഈ സന്യാസജീവിതത്തോട് ആത്മാർത്ഥത വച്ചുപുലർത്തി ഇഹലോകവാസം വെടിഞ്ഞ ഒരു സാധകനായിരുന്നു ഈ പുണ്യപുരുഷൻ. മനുഷ്യകുലത്തിലെ ഒരു 'rare species' വിചിത്ര മനുഷ്യൻ – അമാനുഷികൻ.

ക്രൈസ്തവ സഭ നാശത്തിലൂടെ ചരിച്ചുക്കൊണ്ടിരിക്കേ, ഒരുനാൾ ഫ്രാൻസീസ് അസീസ്സിയെയാണ് ദൈവം സഭയെ നവീകരിക്കുവാൻ ക്ഷണിച്ചത്. "Rebuild the Church" എന്നു പറഞ്ഞപ്പോൾ, അദ്ദേഹം തെറ്റിദ്ധരിച്ചത് അടുത്തുള്ള ഒരു ചെറിയ പള്ളിയെ പുനരുദ്ധരിക്കുവാനാണ്. പിന്നീട് അദ്ദേഹത്തിന് ദൈവത്തിന്റെ ആഗ്രഹം മനസ്സിലായി. അങ്ങനെയാണ് ലൗകികമായതെല്ലാം ഉപേക്ഷിച്ച്, പൂർണ്ണമായും ദൈവത്തിന് സമർപ്പിച്ച് സ്വന്തം വീടും, നാടും, മാതാപിതാക്കൻമാരേയും വേണ്ടെന്നുവച്ച് ഇറങ്ങി പുറപ്പെട്ടത്. അദ്ദേഹം തിരഞ്ഞെടുത്ത വഴികൾ വളരെ വിചിത്രമായിരുന്നു. ലാളിത്യത്തിന്റേയും, ദാരിദ്ര്യത്തിന്റേയും, വിനയത്തിന്റേയും, പ്രാർത്ഥനയുടേയും പുതിയ വഴി വെട്ടിത്തെളിച്ചു. ആ വഴി ഇന്നും ജനഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. ലോകത്തിന്റെ സുന്ദരമായ വഴികളിൽ നിന്നും മാറി ഈ ദൈവീക വഴി സ്വീകരിച്ചപ്പോൾ ആരും ചിന്തിച്ചില്ല സഭയുടെ ദിശ തന്നെ മാറിപ്പോകുമെന്ന്. പക്ഷെ ഫ്രാൻസീസ് അസീസ്സിയുടെ ജീവിതം ലോകത്തിന് പുതിയ ഒരു ദിശാബോധം നൽകി.

# 10

# മറവിയുടെ ആദ്ധ്യാത്മികത

'മറവി' മനുഷ്യ സഹജമാണ്. അത് ദൈവം മനുഷ്യന് തന്നിരിക്കുന്ന ഒരു വരദാനമാണ്. ഡൺസ്റ്റനച്ചനെ സംബന്ധിച്ചിടത്തോളം അദ്ദേഹം എല്ലാം മറക്കും. പക്ഷെ കാര്യമാത്രപ്രസക്തമായവ ഓർമ്മിച്ചു വയ്ക്കും. ദൈവസന്നിധിയിൽ വിലയില്ലാത്തതും, ലോകത്തിന്റെ മുമ്പിൽ വിലയുള്ളതുമായ എല്ലാ കാര്യങ്ങളും അദ്ദേഹം പെട്ടന്ന് മറക്കും. ദൈവസന്നിധിയിൽ വിലയുള്ളതായ എല്ലാ കാര്യങ്ങളും അദ്ദേഹം ഓർക്കുകയും, മനസ്സിൽ സൂക്ഷിച്ചു വയ്ക്കുകയും ചെയ്യാറുണ്ടെന്ന കാര്യം അദ്ദേഹത്തെ അടുത്തറിയാവുന്നവർക്ക് മനസ്സിലായിട്ടുണ്ട്. നാം ആത്മീയ കാര്യങ്ങളിൽ ചോദിക്കുന്ന ഓരോ ചോദ്യത്തിനും ഉത്തരം കണ്ടെത്തി നൽകുന്നതിൽ ഒരു മറവിയുമില്ല. നമ്മുടെ വിളിയെക്കുറിച്ച് അദ്ദേഹത്തിന് ഒരു സംശയവുമില്ല, മറവിയുമില്ല. ഒരു പക്ഷെ വിശുദ്ധാത്മാക്കൾക്ക് കൊടുക്കുന്ന ഒരത്ഭുത വരമായി ഇതിനെ കണക്കാക്കാവുന്നതാണ്. ദൈവം അറിഞ്ഞു ഈ സാധകന് നൽകിയിരുന്ന ഒരു സമ്മാനമായിരുന്നു മറവി; ഇത് അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു. എടുത്ത സാധനങ്ങൾ എവിടെ വച്ചുവെന്ന് പലപ്പോഴും ഓർക്കാതെ അന്വേഷിച്ചു നടക്കുന്നതു കാണാം.

ദൈവസന്നിധിയിൽ വിലയില്ലാത്തവ അദ്ദേഹത്തിന്റെ ഓർമ്മയിൽ വരാറില്ലായെന്ന് ചുരുക്കം. ലോകസഹജമായ കാര്യങ്ങളാണ് മനുഷ്യൻ എന്നും ഓർത്തിരിക്കുക. എന്നാൽ ദൈവത്തിന്റെ ഈ സാധകന് അങ്ങനെ ഒരു കാര്യമില്ല. ഒരു പക്ഷെ ദൈവവുമായി വളരെ അടുത്ത് ജീവിക്കുന്നതു കൊണ്ടാവാം ഈ ദൈവികദാനം അദ്ദേഹത്തിന് ലഭിച്ചത്.

വിശുദ്ധൻമാർക്ക് ചിലപ്പോഴൊക്കെ ഇത്തരം ദൈവകൃപകൾ ലഭിക്കാറുണ്ടെന്ന് അവരുടെ ജീവചരിത്രങ്ങളിൽ വായിച്ചിട്ടുണ്ട്. മറവിയുടെ വലിയ കൃപ, മറവിയുടെ വലിയ ദൈവവരപ്രസാദം അദ്ദേഹത്തിന്റെ മേലുണ്ടായിരുന്നു. ഒന്നു പറഞ്ഞേ തീരൂ: അദ്ദേഹം ലോകത്തിന്റെ പല

കാര്യങ്ങളിലും ഇടപെടാറില്ല, അതിൽ അദ്ദേഹം ഒരിക്കലും സന്തോഷം കണ്ടെത്താറുമില്ല. അതും അദ്ദേഹത്തിന്റെ ചില കാര്യങ്ങളുടെ മറവിയ്ക്ക് കാരണമായേക്കാം. അനാവശ്യമായി എന്തെങ്കിലും അറിയണമെന്നോ, മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും അറിയണമെന്നോ, അദ്ദേഹം ആഗ്രഹിച്ചില്ല. ചിലതൊക്കെ 'അറിയല്ലേ'യെന്നുകൂടി അദ്ദേഹം പ്രാർഥിച്ചിരുന്നു. പ്രാർഥനയുടെ ഏത് അവസ്ഥയിലാണ് ഇത്തരം കൃപകൾ ലഭിച്ചതെന്ന് ദൈവശാസ്ത്രജ്ഞൻമാർ ഇനിയും വിശകലനം ചെയ്ത് കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. അമ്മത്രേസ്യായുടെ ഏഴു സദനങ്ങളെക്കുറിച്ച് നാം പഠിക്കുന്നുണ്ടെങ്കിൽ ഡൺസ്റ്റനച്ചന്റെ പ്രാർത്ഥനാ ജീവിതത്തിന്റെ അവസ്ഥകളെ നാം വിശകലനം ചെയ്തു പഠിക്കേണ്ടതല്ലേ?

# 11

# ലളിത ജീവിതാന്വേഷി

എപ്പോഴും ഡൺസ്റ്റനച്ചൻ ആഗ്രഹിച്ചിരുന്ന 'സിമ്പിൾ ലൈഫ്' (ലളിത ജീവതം) എടുത്തു പറയേണ്ട കാര്യമാണ്. ഒരു പക്ഷെ നമ്മുടെ സന്യാസ ജീവിതശൈലിയോട് അദ്ദേഹം വിയോജിപ്പ് പ്രകടിപ്പിക്കാതെ ലളിതജീവിതമാണ് സന്യാസത്തിനാവശ്യമെന്നറിഞ്ഞ്, ആയതിലേയ്ക്ക് കൊണ്ടുചെന്നെത്തിക്കാൻ ശ്രമിച്ച ഒരു യോഗീവര്യനായിരുന്നു ആ വൈദികൻ. അദ്ദേഹത്തിന്റെ ലളിത ജീവിതത്തെക്കുറിച്ച് നമ്മൾ മനസ്സിലാക്കിയെങ്കിലും, അബോധ മനസ്സിലൂടെ എന്നെന്നും ഒഴുകിക്കൊണ്ടിരിക്കുന്നത് ഈ ലളിത ജീവിതശൈലിയാണെന്ന് മനസ്സിലാക്കാവുന്നതാണ്. ജീവിതവും, യാത്രയും, ഭക്ഷണവും, താമസ സൗകര്യങ്ങളുമൊക്കെ അത്തരത്തിലാകണമെന്ന് ജീവിതാവസാനംവരെ ആഗ്രഹിച്ചിരുന്നു വൈദികശ്രേഷ്ഠൻ.

അട്ടപ്പാടി ആദിവാസികളുടെ ജീവിതശൈലി, അദ്ദേഹത്തിന്റെ മനസ്സിന്റെ ഉള്ളിൽ നിറഞ്ഞു നിന്നിരുന്നു. കൂടാതെ ജീവിതത്തിന്റെ അവസാന നാളുകളിലും (കോയമ്പത്തൂർ പ്രവിശ്യയിൽ) ചെന്നിട്ടും അദ്ദേഹം 'സിമ്പിൾ ലൈഫിന്' വേണ്ടി പരിശ്രമിച്ചിരുന്നു; ആയതിലേക്ക് തന്റെ ശിഷ്യൻമാരെ വിളിച്ചു കൊണ്ടുപോയിരുന്നു.

ഇന്നത്തെ സന്യാസ ജീവിതശൈലിയോടുള്ള ഒരു വിയോജിപ്പിന്റെ സൂചന ഇതിൽ നിന്നുളവാകുന്നുണ്ട്. സന്യാസ ജീവിതം സുഖലോലുപതയിൽ ആയിരിക്കരുതെന്നും, യേശുവിനെ അടുത്തനുകരിക്കുന്നവർ, ദാരിദ്ര്യ വ്രതമനുഷ്ഠിച്ചവർ, ലളിത ജീവിതം നയിക്കുന്നവരായിരിക്കണമെന്നും അദ്ദേഹത്തിന് നിഷ്ഠയുണ്ടായിരുന്നു. എന്നാൽ ഒരു കാര്യം വ്യക്തമായിരുന്നു: സമൂഹജീവിതം അദ്ദേഹം എന്നും ഇഷ്ടപ്പെട്ടിരുന്നു. ലളിത ജീവിതം, സമൂഹത്തിൽ നിന്നുള്ള ഒരു ഒളിച്ചോട്ടമായി കണക്കാക്കുവാൻ ഒരിക്കലും ഇടകൊടുത്തില്ല. ആശ്രമത്തിലായിരിക്കുമ്പോൾ കൂട്ടക്രമങ്ങൾക്ക് എന്നും മുൻഗണന കൊടുത്തു

കൊണ്ട് ജീവിച്ച ഈ മനുഷ്യൻ, ഉള്ളിന്റെ ഉള്ളിൽ ലളിത ജീവിതം ആഗ്രഹിച്ചിരുന്നു എന്നുള്ള കാര്യം ഒരിക്കലും മറക്കാവുന്നതല്ല. ഒരു സന്യാസി ആരായിരിക്കണമെന്നും അവന്റെ ജീവിതശൈലി എന്താ യിരിക്കണമെന്നും, ഭാരതീയ സംസ്ക്കാരത്തിൽ സന്യാസ ജീവിതം എങ്ങനെയായിരിക്കണമെന്നൊക്കെ വ്യക്തമായ ചിന്തകൾ ആ സന്യാ സ വൈദികനുണ്ടായിരുന്നു. നവസന്യാസ കാലഘട്ടങ്ങളിൽ ലളിത ജീവിതം ആഗ്രഹിച്ചിരുന്നവരെ വളരെയേറെ പ്രോത്സാഹിപ്പിച്ചിരുന്നു. ഒരു പക്ഷെ സഭയിൽ വിരലിലെണ്ണാവുന്നവരേ, ഇത്തരം ചിന്തകളി ലേയ്ക്ക് കടന്നു വന്നിട്ടുള്ളൂ. അവരിൽ ഡൺസ്റ്റനച്ചനെ എടുത്തു പറ യാവുന്ന ഒരാളാണ്. എല്ലാം ഉപേക്ഷിച്ച്, യേശുവിനെ മാത്രം ആഗ്ര ഹിച്ച്, അവനെ പിൻതുടരുവാൻ സമൂഹജീവിതത്തിലേക്ക് വരുന്ന ഒരു സന്യാസി ലളിത ജീവിതത്തിന്റെ ഉടമയായിരിക്കണമെന്ന് ലോ കമെങ്ങും പ്രഘോഷിച്ചു കൊണ്ട്, കടന്നു പോയ ഡൺസ്റ്റനച്ചനെ, ഇൻസ്റ്റിറ്റ്യൂഷനലിസത്തിന്റെ പിടിയിൽ അമർന്നു പോയ സഭ, എപ്പോ ഴെങ്കിലും ഓർക്കാതിരിക്കില്ല.

സിമ്പിൾ ലൈഫ് (ലളിത ജീവിതം): ഇതിന് ഡൺസ്റ്റനച്ചൻ മറ്റൊ രർത്ഥവും നൽകിയിരുന്നു. ആരോടും, ഒന്നിനോടും കെട്ടുപാടുകളി ല്ലാതെ ജീവിക്കുക. ജീവിതത്തിൽ ഒന്നും തന്നെ സ്വന്തമല്ലാതിരിക്കു ക; സ്വന്തമെന്നു പറയാൻ ഒന്നുമില്ലാതിരിക്കുക; ഒരു ശൂന്യതയുടെ പ്ര കാശം മനസ്സും ശരീരവും നിറഞ്ഞു നിൽക്കുക. നിന്റെ സമ്പത്ത് എവിടെയാണോ, അവിടെയായിരിക്കും നിന്റെ മനസ്സ്. സമ്പത്തില്ലാ ത്തവന് ‘മനസ്സിന്റെ ശ്രദ്ധ’ എവിടേയും അർപ്പിക്കാൻ എളുപ്പമായിരി ക്കും. ഇവിടെ ജീവിത ലാളിത്യമുള്ള ഒരു മനുഷ്യന് എളുപ്പത്തിൽ ഈ ശ്വരനിൽ എത്തിച്ചേരുവാൻ സാധിക്കും. അവിടെ നിന്നും ലഭിക്കുന്ന ആത്മസുഖം ഏറെയായിരിക്കും. വി. ഫ്രാൻസീസ് അസീസ്സി തന്റെ ഉടുവസ്ത്രവും പിതാവിനെ ഏൽപ്പിച്ച് നിസ്സ്വനായി ലോകത്തിലേയ് ക്ക് കടന്നു വരുന്നു. ഇദ്ദേഹത്തെപോലെയായിരുന്നു ഡൺസ്റ്റനച്ചനും. വീട്ടുകാരും, കൂട്ടുകാരും ഇവൻ ചെയ്യുന്നത് വിഡ്ഢിത്തമല്ലേയെന്ന് ചിന്തിച്ചപ്പോൾ വി. ഫ്രാൻസീസിന് ഒരു ആത്മസംതൃപ്തിയുടെ നെടുവീർപ്പാണ് മനസ്സിൽ നിന്നും ഉയർന്നു വന്നത്. കല്ലറയിൽ നിന്നും കെട്ടുകളഴിച്ച് പുറത്തു വന്ന ലാസർ, രണ്ടാം ജന്മത്തിന്റെ പ്രതീകം. വി. ആഗസ്തിനോസിന്റെ മാനസാന്തരത്തിനു ശേഷമുള്ള ഒരു അവസ്ഥ. ഇതാണ് ലളിത ജീവിതത്തിന്റെ അവസ്ഥയും, സന്തോ

ഷവും. ഡൺസ്റ്റനച്ചന്റെ ജീവിതവും ഇതു പോലെയായിരുന്നു. മുറിയിൽ എന്തുണ്ടായിരുന്നുവെന്നോ, അദ്ദേഹം എന്തു ധരിച്ചിരുന്നുവെന്നോ ഇവിടെ പ്രസക്തമല്ല. ആത്മീയമായും, മാനസികമായും കെട്ടുപാടുകളൊന്നുമില്ലാത്ത ഒരു സ്വതന്ത്രമായ അവസ്ഥ. സന്യാസ ജീവിതത്തിന്റെ യഥാർത്ഥമായ മുഖം. ബന്ധങ്ങളുടെ, സമ്പത്തിന്റെ, ചിന്തകളുടെ കെട്ടുപാടുകളിൽ കുടുങ്ങി ജീവിതത്തിൽ ദുരിതമനുഭവിക്കുന്ന മനുഷ്യർക്ക് പ്രത്യേകിച്ച് സന്യാസിനികൾക്കും ഈ ഡൺസ്റ്റനച്ചന്റെ ജീവിതം ഒരു മാതൃകയാണ്. വി. യോഹന്നാൻ ക്രൂസ് പറയുന്നു: "ഒരു പക്ഷിയെ സംബന്ധിച്ചിടത്തോളം നൂലു കൊണ്ടായാലും, കയറു കൊണ്ടായാലും ബന്ധനഫലം ഒന്നു പോലെയാണല്ലോ? നൂല് ലഘുവാണെങ്കിലും അത് പൊട്ടിച്ച് പക്ഷി പറക്കുന്നതു വരെയും ബന്ധനം കയറിന്റേതിൽ നിന്നും വ്യത്യസ്ഥമല്ല. അതുപോലെ ഒരാത്മാവിന് എന്തുമാത്രം പുണ്യ-സമ്പത്തുണ്ടായിരുന്നാലും ഏതെങ്കിലും താൽപര്യത്തിന്റെ ലഘുവായ ബന്ധനമുണ്ടായാൽ ദൈവൈക്യത്തിന്റെ സ്വാതന്ത്ര്യത്തിലേയ്ക്ക് പറന്നുയരുക സാധ്യമല്ല." ഇവിടെ ഡൺസ്റ്റച്ചന്റെ ജീവിതം ബന്ധനമുക്തമായിരുന്നു. ലളിതജീവിതം കൊണ്ട് അദ്ദേഹം വിവക്ഷിച്ചതും ഇതു തന്നെ.

## 12

# വന്നു, കണ്ടു, കീഴടക്കി

അഞ്ചു ദിവസത്തെ ധ്യാനം കഴിഞ്ഞ്, അമ്പഴക്കാടാശ്രമത്തിൽ നിന്നും തിരിച്ചു പോരുമ്പോൾ മനസ്സിന് ഒരുൻമേഷവും, ആത്മപ്രചോദനവും ലഭിച്ചതായി അനുഭവപ്പെട്ടു. അദ്ദേഹം താമസിച്ച മുറിയിൽ നിന്നും പുറത്തിറങ്ങിയപ്പോൾ ഞാൻ ഡൺസ്റ്റനച്ചനോട് യാത്ര പറഞ്ഞിട്ടാണ് പോന്നത്. ഇടയ്ക്കിടയ്ക്ക് വരാം, ഇവിടെയുണ്ടാകണം – ജീവിതത്തിന് ഒരു താങ്ങായി, തണലായി, ഒരു തെന്നലായി, തിരിനാളമായി ഒരു കുളിർമയായി എന്നും ഞങ്ങളുടെ കൂടെയുണ്ടാകണമെന്ന പ്രാർഥന യോടെ ഞാൻ പുറത്തിറങ്ങി. പൂന്തോട്ടത്തിലെ പൂക്കളോടും, ആശ്രമ ത്തിലെ വൃക്ഷലതാദികളോടും യാത്ര പറഞ്ഞിറങ്ങുമ്പോൾ അങ്ങ കലെ നവസന്യാസ ആശ്രമകപ്പേളയിൽ മാതാവ് കൈ വീശി യാത്ര ചൊല്ലി. പള്ളിയിൽ കയറി മുട്ടു കുത്തിയപ്പോൾ അമ്മത്രേസ്യായുടെ മനോഹരമായ ചിത്രം എന്നെ നോക്കി പുഞ്ചിരി തൂകി. പള്ളിയുടെ നടകളിറങ്ങി ദൈവദാസനായ കനിസിയൂസച്ചൻ, ആന്റണി സ്പിരിടി യോനച്ചൻ തുടങ്ങി പല മഹാത്മാക്കളും വിശ്രമം കൊള്ളുന്ന ശവകു ടീരങ്ങളെ സന്ദർശിച്ച്, പ്രാർത്ഥിച്ച്, അനുഗ്രഹം യാചിച്ച് സ്വന്തം താമസസ്ഥലത്തേക്ക് പുറപ്പെട്ടു. ആ യാത്രയ്ക്കിടയിൽ ഒരു പുസ്തക ത്തിൽ വായിച്ച ചില ഭാഗങ്ങൾ മനസ്സിൽ ഓർത്തു പോയി. At every movement, the entire modern world kneels before us, begging, leading, beckoning for some brave man or woman to come forward and lead them with the example of an authentic life. ആധുനിക ലോകം ഇന്ന് ഒരു മാതൃക നൽകുന്ന വ്യക്തിത്വങ്ങൾക്കായി കേഴുകയാണ്, ആഗ്രഹിക്കുകയാണ്. ഈ ലോകത്തിൽ സംസാരിക്കുവാൻ ധാരാളം പേരുണ്ട്, പക്ഷെ ജീവിച്ചു കാണിക്കുവാൻ ആളില്ലാതെയായി. ജീവിതത്തിന്റെ ഏത് തുറകളിലും ഈ അഭാവം നമുക്കു കാണാവുന്നതാണ്. ആധ്യാത്മിക മേഖലയിൽ മാത്രമല്ല – വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹികം തുടങ്ങി എല്ലാ മേഖലകളിലും ഈ വരൾച്ച അനുഭവപ്പെടുന്നുണ്ട്.

പരിശുദ്ധരായി ജീവിക്കുകയെന്നതാണ് ക്രിസ്തീയതയുടെ ആത്യന്തിക ലക്ഷ്യം. ഈ Holiness (പരിശുദ്ധി) ദൈവത്തോടു കൂടെ നിന്ന് നാം സമ്പാദിക്കുന്നതാണ്. ദൈവം നമ്മെ ഓരോരുത്തരേയും ദൈവത്തിന്റെ ഈ പരിശുദ്ധിയിലേയ്ക്ക് ക്ഷണിക്കുന്നുണ്ട്; പക്ഷെ ഒരിക്കലും നമ്മെ നിർബ്ബന്ധിക്കുന്നില്ല. പരിശുദ്ധരായി ജീവിക്കുകയെന്ന് പറഞ്ഞാൽ അതിന്റെയർഥം നമ്മുടെ ഓരോ തീരുമാനവും പരിശുദ്ധാത്മാവിന്റെ അറിവോടെ എടുക്കുക, അനുനിമിഷം പരിശുദ്ധാത്മാവിന്റെ ചൈതന്യത്തോടെ ജീവിക്കുകയെന്നുള്ളതാണ്. നൂറ്റാണ്ടുകൾക്ക് മുൻപ് വി. ഇറാനിയൂസ് പറഞ്ഞിട്ടുണ്ട്: “The glory of God is in the perfection of the creature” (ദൈവത്തിന്റെ സൃഷ്ടികളിലുള്ള പൂർണ്ണതയാണ് ദൈവത്തിന്റെ മഹത്വമായി കണക്കാക്കുന്നത്.) ദൈവഹിതത്തിന്, നമ്മെ അനുദിനം സമർപ്പിക്കുന്നതാണ് നമ്മെ പരിശുദ്ധരായി ജീവിക്കുവാൻ സഹായിക്കുന്നത്. ഡൺസ്റ്റനച്ചന്റെ ജീവിതം എന്നും സന്യാസജീവിതത്തിനും മറ്റുജീവിതാന്തസിലുള്ളവർക്കും ഒരു മാതൃകയാണ് - ജീവിതം ജീവിച്ചു കാണിച്ചു തന്ന ഒരു സന്യാസി. സന്യാസമെന്തെന്നു ചോദിച്ചാൽ അതിനുത്തരം ഫാ. ഡൺസ്റ്റൻ: ദൈവത്തിന്റെ ഹിതം മാത്രം അനുസരിച്ചു ജീവിച്ച ദൈവദാസൻ; യേശുവിന്റെ കാൽപ്പാടുകളെ പിൻതുടർന്ന ഒരു സഞ്ചാരി; ഗാന്ധിജിയുടെ ജീവിത ദർശനങ്ങളായ സത്യവും, നീതിയും നെഞ്ചേറ്റി നടന്ന ഒരു മഹാത്യാഗിയായ സന്യാസവര്യൻ; അനേകർക്ക് വഴികാട്ടിയായും, ജീവിത വിജയത്തിലേയ്ക്ക് അവരെ നയിച്ച ഒരു വന്ദ്യപിതാവ്. ദൈവവിളിയുടെ മാഹാത്മ്യവും, ശ്രേഷ്ഠതയും മനസ്സിലാക്കിതന്ന സന്യാസപരിശീലകൻ. ദൈവത്തിനും, ദൈവജനത്തിനും വേണ്ടി ജീവിച്ച ദൈവത്തിന്റെ രക്തസാക്ഷി. മിഷൻ ചൈതന്യം നെഞ്ചിലേറ്റി നടന്ന ഒരു വലിയ മിഷിനറി. അതിനേക്കാളേറെ ദൈവത്തോട് സദാ സംവദിച്ചിരുന്ന ദൈവത്തിന്റെ പ്രിയകൂട്ടുകാരൻ. ദൈവപരിശുദ്ധിയിൽ പങ്കു ചേർന്ന്, വിശുദ്ധിയിൽ ജീവിച്ച പരിശുദ്ധനായ സന്യാസശ്രേഷ്ഠൻ.

# രണ്ടാം ഭാഗം



“ദാവീദേ, ഇസ്രായേലിന്റെ സത്യവും, നീതിയും അകന്നു പോയോ?” നാഥാൻ പ്രവാചകന്റെ ദാവീദിനോടുള്ള ചോദ്യമായിരുന്നു ഇത്. സത്യവും നീതിയും ലോകത്തിൽ ക്ഷയിച്ചു തുടങ്ങുമ്പോൾ, ലോകത്തിലേയ്ക്ക് ദൈവം ചിലരെ അതിന്റെ സംരക്ഷണത്തിനയയ്ക്കും. ഒരു നൂറ്റാണ്ടുകാലത്തോളം സി.എം.ഐ. സഭയിൽ ഇപ്രകാരം അയയ്ക്കപ്പെട്ടവനായിരുന്നു ഫാ. ഡൺസ്റ്റൻ. തന്റെ ജീവിതം മുഴുവൻ, സത്യവും നീതിയും നിലനിർത്താനും, ആയതിൽ ജീവിക്കുവാനും എന്നു മാത്രമല്ല തന്റെ സഭാഗംങ്ങൾക്കും മറ്റ് പലർക്കും പ്രചോദനമായും, ആവേശമായും ഈ ഗുരുശ്രേഷ്ഠൻ നിലകൊണ്ടിരുന്നു. വലിയവനെന്നോ, ചെറിയവനെന്നോ, രാജാവെന്നോ, പ്രജയെന്നോ വലുപ്പചെറുപ്പവ്യത്യാസമില്ലാതെ, സത്യത്തിനും, നീതിക്കും വേണ്ടി മാത്രം നിലകൊള്ളുന്നവനായിരുന്നു. ചുരുക്കത്തിൽ ലോകത്തിൽ സത്യത്തിന്റേയും, നീതിയുടേയും സന്തുലിതാവസ്ഥ എന്നും കാത്തുപുലർത്തിയിരുന്നവർ, സത്യത്തിനും, നീതിക്കും വേണ്ടി പടപൊരുതി, വീരമൃത്യു വരിച്ചവർ എന്നൊക്കെ ഇവരെ വിശേഷിപ്പിക്കാവുന്നതാണ്. നസ്രത്തിലെ സിനഗോഗിൽ സാബത്തു ദിവസം ഏശയ്യായുടെ പുസ്തകമെടുത്ത് വായിച്ചപ്പോൾ യേശു വായിച്ച ഭാഗമിതായിരുന്നു. “ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.” കർത്താവിന്റെ ആത്മാവുള്ളവർക്കു മാത്രമേ ഈ സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുവാൻ സാധ്യമാവുകയുള്ളൂ.

ഡൺസ്റ്റനച്ചന്റെ മേൽ കർത്താവിന്റെ ആത്മാവുണ്ടായിരുന്നതിനാലാണ് സത്യത്തിനും, നീതിയ്ക്കും വേണ്ടി നിലകൊള്ളുവാൻ സാധിച്ചത്. അദ്ദേഹത്തിന്റെ ജീവിതത്തിലും, പ്രവർത്തനങ്ങളിലും, സഭാശുശ്രൂഷ മേഖലകളിലും ഈ സത്യത്തിനും, ന്യായത്തിനും വേണ്ടി അദ്ദേഹം നിലകൊണ്ടിരുന്നുവെന്ന് ഇനിയുള്ള ലേഖനങ്ങളിൽ നിന്നും നമുക്ക് കൂടുതൽ മനസ്സിലാക്കാവുന്നതാണ്. ആദ്ധ്യാത്മിക വിപ്ലവങ്ങളിലൂടെ അദ്ദേഹം ഈ സത്യത്തിനും, നീതിയ്ക്കും വേണ്ടി നിലകൊണ്ടു; തന്റെ ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ ഈ തത്വശാസ്ത്രങ്ങൾ

കൊത്തിവച്ചു. മായാതെ, മറയാതെ, ഹൃദയഭിത്തികളിൽ ജീവിതത്തിലെ സനാതന മൂല്യങ്ങളെ ആലേഖനം ചെയ്യിപ്പിക്കുന്ന ശ്രമകരമായ ജോലിയാണ് അദ്ദേഹം ജീവിതത്തിൽ കൂടുതലും ചെയ്തിട്ടുള്ളത്. ഇന്നും അദ്ദേഹത്തിന്റെ ശിഷ്യസമ്പത്ത്, സഭയിലും, സഭയ്ക്കു പുറത്തും ഈ കൊത്തിവെച്ച മൂല്യങ്ങളിലൂടെ വളർന്ന് കൊണ്ടിരിക്കുകയാണ്.

ഒളിമങ്ങുന്ന, ഭൂരിപക്ഷാവകാശങ്ങളില്ലാത്ത ഈ മൂല്യങ്ങളെ ലോകത്തു നിന്നും തുടച്ചു നീക്കുവാൻ ലോകശക്തികൾ പരിശ്രമിക്കുമ്പോൾ അതിനെതിരെ ഇന്നും ഒരു ചോദ്യ ചിഹ്നമായി, തീപ്പന്തമായി കത്തിജ്ജ്വലിച്ചു നില്ക്കുന്നത് ഈ വിട പറഞ്ഞു പോയ സന്യാസശ്രേഷ്ഠനും, ശ്രേഷ്ഠന്റെ ശിഷ്യന്മാരുമാണ്. ഈ ശ്രേഷ്ഠ ശിഷ്യന്മാർ മനസ്സിൽ കാത്തു കൊണ്ടിരിക്കുന്ന മരിക്കാത്ത, മറക്കാത്ത ഓർമ്മകളാണ് ഇനിയുള്ള ഭാഗങ്ങളിൽ അവർ ഹൃദയത്തിൽ നിന്നെടുത്ത് കടലാസ്സുകളിലേക്ക് പകർത്തുന്നത്. ഈ കടലാസ്സുകഷ്ണങ്ങൾ ഡൺസ്റ്റനച്ചനെ ഓർമ്മിപ്പിക്കുന്നതുവഴി, സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുവാൻ നമ്മെ ക്ഷണിക്കുന്നു.

# 13

# നിഷ്കളങ്കനായ ഗുരുശ്രേഷ്ഠൻ

ഫാ. പോൾ ബ്ലെയിസ് കടിച്ചീനി സി.എം.ഐ.

അമ്പഴക്കാട് നവസന്യാസ പരിശീലനകാലഘട്ടത്തിൽ സഭ പരീക്ഷിച്ച ഒരു സംവിധാനമായിരുന്നു, മൂന്ന് ഗുരുക്കന്മാർ. ഈ പരീക്ഷണം ഒരു പരിധിവരെ 1980 കാലഘട്ടങ്ങളിൽ വിജയിച്ചുവെന്ന് പറയാം. കാരണം മൂന്ന് വ്യത്യസ്തപ്രായത്തിലുള്ള വൈദീകരായിരുന്നു അന്ന് ആ നവ സന്യാസ കാലഘട്ടത്തിൽ പരിശീലനത്തിനായി അവിടെയുണ്ടായി രുന്നത്. അതിൽ ഞങ്ങളുടെ പ്രധാനപ്പെട്ട ഗുരുവായിരുന്നു പോൾ ബ്ലയിസച്ചൻ. ഞാൻ അമ്പഴക്കാട്ടുനിന്നും ബസ്സ് കയറി ഇരിങ്ങാല ക്കുടയിൽ ചെന്ന് എന്റെ ഗുരുവച്ചനെ സന്ദർശിച്ചു. കഴിഞ്ഞകാലങ്ങൾ ചർച്ചാവിഷയമായി. ഡൺസ്റ്റനച്ചനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ ഒരു വാചകം വളരെ പ്രസക്തിയേറിയതായി തോന്നി. അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "നിഷ്കളങ്കതയും, ജീവിതലാളി ത്യവും, താപസജീവിതശൈലിയും, ക്ഷമയും സഹോദരസ്നേഹവും വിളങ്ങിനിന്നിരുന്ന ഒരു സി.എം.ഐ. സന്യാസവൈദികനായിരുന്ന ഡൺസ്റ്റനച്ചൻ." ഈ വാചകത്തിൽ എല്ലാം സംഗ്രഹിച്ചിട്ടുണ്ടെന്ന് തോന്നുന്നു. ഈ പറഞ്ഞ വാക്കുകളിൽ ഒരു വാക്കുപോലും എടുത്തു കളയുവാൻ സാധിയ്ക്കുമോയെന്ന് സംശയമാണ്. അതുപോലെ തന്നെ അദ്ദേഹം പറഞ്ഞ രണ്ടാമത്തെ അതിമനോഹരവും ഹൃദയസ്പർശി യുമായ ഒരു വാചകമുണ്ട്: "വൈദികവിദ്യാർത്ഥികളുടെ പരിശീലന ത്തിൽ അദ്ദേഹത്തിന് ക്ഷമാപൂർവ്വകമായ ഒരു സമീപനവുമായിരുന്നു. തെറ്റുകൾ തിരുത്തിയിരുന്നത് വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തിന് ഒരു ക്ഷതവും വരാത്തവിധത്തിലായിരുന്നു."

ഒരു വ്യക്തിത്വത്തിന്റെ അതിമനോഹരമായ ഒരു വാചകമാണ് നാം കണ്ടത്. ഡൺസ്റ്റനച്ചൻ ഏവരേയും സ്നേഹിക്കുമായിരുന്നു. ഏവ രേയും സ്നേഹിക്കുന്നതുകൊണ്ട് തന്നെ അവരുടെ പരിശീലനകാല ഘട്ടത്തിൽ ഏവരുടേയും തെറ്റുകൾ കണ്ടാൽ സ്നേഹപൂർവ്വം തിരു ത്തികൊടുക്കുമായിരുന്നു. ഇത് അദ്ദേഹത്തിന്റെ കർത്തവ്യത്തിൽപെട്ട

തായിരുന്നു. പക്ഷേ, അർത്ഥികളുടെ ആത്മാഭിമാനത്തിന് ക്ഷതമേൽപ്പിക്കാതെ തിരുത്തുകയെന്ന് പറയുന്നത് ദൈവികമാണ്. ഇവിടെയാണ് ഡൺസ്റ്റനച്ചൻ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാകുന്നത്. സഭയിലുള്ളവരും, സഭയ്ക്ക് പുറത്തുപോയവരും ഒരേ സ്വരത്തിൽ ഇക്കാര്യം സത്യമായിരുന്നുവെന്ന് തുറന്നുപറയും. ഒരു പക്ഷേ മറ്റുളളവരിൽ നിന്നും ഈ വൈദികനെ വ്യത്യസ്തനാക്കുന്നതും ഈ ദൈവികഗുണമായിരിക്കും. ദൈവത്തിന്റെ പ്രത്യേകവരം ലഭിച്ചിട്ടില്ലാത്തവർക്ക് ഇങ്ങനെ പെരുമാറുവാൻ സാധിക്കുമോ?

ബ്ലെയിസ് കടിച്ചീനിയച്ചൻ പറയുന്ന മറ്റൊരു കാര്യമുണ്ട്. ഡൺസ്റ്റനച്ചൻ എന്നും കുട്ടികളുടെ ഭാഗത്താണ് നിൽക്കുക. ഇക്കാര്യം പറയുമ്പോൾ അതിൽ അന്തർലീനമായിക്കിടക്കുന്ന ഒരു സത്യമുണ്ട്. അതായത്, കുട്ടികൾ എപ്പോഴും കുട്ടികളാണ്. അവരുടെ ചെറുപ്രായത്തിൽ കുറ്റങ്ങളും, കുറവുകളുമുണ്ടാകും. അതിനെ അതിന്റേതായ വിധത്തിൽ കണ്ടു കൊണ്ടുവേണം നാം അവരോട് പെരുമാറുവാനും, അവരെ മനസ്സിലാക്കുവാനും. ഈ രഹസ്യങ്ങൾ അദ്ദേഹം അദ്ദേഹത്തിന്റെ ജീവിതപരിചയത്തിൽ നിന്നും നേടിയെടുത്തതാണ്. ഏതൊരു കുഞ്ഞിനേയും, അവന്റെ ആ പ്രായത്തിൽ തന്നെ സ്വീകരിക്കുവാനും, പരിശീലിപ്പിക്കാനും, സ്നേഹിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

ബ്ലെയിസച്ചൻ ഡൺസ്റ്റനച്ചനെക്കുറിച്ച് പറയുമ്പോൾ വിരൽ ചൂണ്ടുന്ന ഒരു ഗ്രന്ഥമുണ്ട്. ഫാ. തോമസ് അമ്പൂക്കൻ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി കൗൺസിലിങ്ങ്' നിന്നും പ്രസിദ്ധീകരിച്ച 'അമർത്യരായ ആചാര്യന്മാർ' എന്ന പുസ്തകം. അതിൽ ഡൺസ്റ്റനച്ചനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം ഡൺസ്റ്റനച്ചന്റെ മറവിയെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഭാഗത്ത് ഡൺസ്റ്റനച്ചന്റെ 'വിശുദ്ധമറവി'യെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

'വിശുദ്ധമറവി'യെന്നു പറയുന്നതിന്റെ കാരണത്തെക്കുറിച്ച് ബ്ലെയിസച്ചൻ പറയുന്നതിങ്ങനെയാണ്: "അച്ചന്റെ മറവി ഒരു രോഗം പോലെ ആയിരുന്നെങ്കിലും അതുമൂലം സംഭവിക്കുന്ന അബദ്ധങ്ങൾക്ക് അദ്ദേഹം ക്ഷമ ചോദിക്കുകയും, നഷ്ടങ്ങൾ പരിഹരിക്കുകയും ചെയ്യുമായിരുന്നു." എന്നു പറഞ്ഞാൽ അദ്ദേഹത്തിന്റെ ഈ മറവിക്ക് ഉത്തരവാദിത്വം അദ്ദേഹം സ്വയം ഏറ്റെടുത്ത്, അത് തന്റെ ഒരു അപാകതയാണെന്ന് അംഗീകരിച്ച്, അതിന് പരിഹാരം ചെയ്ത് ദൈവതിരുമുമ്പാകെയും, മനുഷ്യരുടെ മുമ്പാകെയും ജീവിച്ചിരുന്നുവെന്ന് മനസ്സിലാക്കാം.

ബ്ലെയിസച്ചന്റെ ഏറ്റവും വലിയ പ്രത്യേകത അധികഭാഷണമില്ലാ യെന്നതാണ്. എന്തെങ്കിലും പറഞ്ഞാൽ അതിൽ കഴമ്പുണ്ടായിരിക്കും. ബ്ലെയിസച്ചൻ ഡൺസ്റ്റനച്ചനെക്കുറിച്ച് പറഞ്ഞവസാനിപ്പിക്കുന്നതിങ്ങ നെയാണ്: "നിഷ്ക്കളങ്കനായ ഈ ഗുരുശ്രേഷ്ഠൻ സി.എം.ഐ. സഭയ്ക്ക് ലഭിച്ച ഒരമൂല്യനിധിയായിരുന്നു. അദ്ദേഹത്തിന്റെ കാരുണ്യ വും, വിശ്വാസവും, സഹോദരസ്നേഹവും നമ്മുടെ മുമ്പിൽ വഴിവിള ക്കായി എന്നും നിലനിൽക്കും." വളരെ ചുരുങ്ങിയ വാക്കുകളാണ് ബ്ലെയിസച്ചൻ പറഞ്ഞതെങ്കിലും, അദ്ദേഹത്തിന്റെ വാക്കുകളിൽ എല്ലാം അദ്ദേഹം സംഗ്രഹിച്ചിട്ടുണ്ട്.

ഡൺസ്റ്റനച്ചന്റെ പരിശീലനം ലഭിച്ച് സി.എം.ഐ. സഭയുടെ അക ത്തും, പുറത്തും ജീവിക്കുന്ന അനേകം പേരുണ്ട്. അവർ അദ്ദേഹത്തെ ഇടയ്ക്കിടെ വന്നു കാണുമായിരുന്നു. അതിനും ഒരു കാരണമുണ്ട്: ദൈവത്തിന്റെ വിളിയെക്കുറിച്ച് അദ്ദേഹത്തിന് വലിയ കാഴ്ചപ്പാടുണ്ടാ യിരുന്നു. ദൈവവിളിയെ ചെറിയ ചിന്തകളിലൊതുക്കാതെ വിശാല മായി അദ്ദേഹം ചിന്തിച്ചിരുന്നു, ചിന്തിപ്പിച്ചിരുന്നു. കുടുംബജീവിത ത്തെയും സന്യാസജീവിതത്തേയും വേറിട്ട് കണ്ടിരുന്നെങ്കിലും, ത്രാസിൽ തൂക്കി ഓരോന്നിനേയും താരതമ്യം ചെയ്തിരുന്നില്ല. ഓരോ ദൈവവിളിക്കും അതിന്റേതായ മാഹാത്മ്യമുണ്ടെന്നും, അത് വിശ്വസ്തതയോടെ കാത്തുപരിപാലിക്കണമെന്നും അദ്ദേഹം തന്റെ പരിശീലനകാലഘട്ടത്തിൽ അർഥികളെ പഠിപ്പിച്ചിരുന്നു. ആയതുകൊ ണ്ടാണ് കുടുംബജീവിതം തിരഞ്ഞെടുക്കുന്ന യോഗാർത്ഥികളും, അവ രുടെ ജീവിതകാലഘട്ടത്തിൽ അവരുടെ 'ഗുരു'വിനെ കാണുവാനും, ഉപദേശങ്ങൾ സ്വീകരിക്കുവാനും വരുന്നതെന്നുള്ള സത്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്.

യേശുവിന്റെ മഹത്തായ ചിന്തകളെ സ്വന്തം ജീവിതത്തിൽ വഹി ച്ചിരുന്ന ഒരു വ്യക്തിയായിരുന്നതുകൊണ്ട്, എല്ലാവരേയും അവരായി രിക്കുന്ന വിധത്തിൽ മനസ്സിലാക്കുവാനും, അംഗീകരിക്കുവാനും അദ്ദേ ഹത്തിന് കഴിഞ്ഞിരുന്നുവെന്നതിന്റെ പരിപൂർണ്ണമായ തെളിവാണ് സഭ ഉപേക്ഷിച്ച് കുടുംബജീവിതത്തിൽ പ്രവേശിക്കുന്ന അദ്ദേഹത്തിന്റെ മക്കൾ, ഇടയ്ക്കിടയ്ക്ക് വന്ന് കാണുകയും, ഉപദേശങ്ങൾ ചോദിക്കു കയും ചെയ്യുന്നത് ഒരു പക്ഷേ ഡൺസ്റ്റനച്ചൻ എന്ന ദീർഘദർശിയുടെ വേറിട്ട ഒരു പ്രത്യേകതയായി പറയാം.

## 14

# ശ്രേഷ്ഠമാനസം ഭഗവാന്റെ വാസഗൃഹം

ഫാ. ഫ്രാൻസിസ് കണിച്ചിക്കാട്ടിൽ സി.എം.ഐ.

വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ഒരു തീർത്ഥകേന്ദ്ര മാണ് പാവറട്ടി. മധ്യകേരളത്തിലെ ഈ വലിയ തീർഥാടന കേന്ദ്ര ത്തിൽ ധാരാളമാളുകൾ സന്ദർശനത്തിനായി എത്താറുണ്ട്. വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിലുള്ള ഇടവക പള്ളിയും, സെന്റ് തോമ സിന്റെ പേരുള്ള സി.എം.ഐ. ആശ്രമവും വളരെ അടുത്താണ് സ്ഥിതി ചെയ്യുന്നത്. വിശുദ്ധ കൊച്ചുത്രേസ്യായോടുള്ള പ്രത്യേക ഭക്തിയുടെ ഇടമാണ് പാവറട്ടി ആശ്രമദേവാലയം. ഡൺസ്റ്റനച്ചൻ പള്ളിയുടെയും ആശ്രമത്തിന്റെയും തണലിലാണ് വളർന്നു വന്നത്. പാവറട്ടിയിലെ പ്രസിദ്ധമായ ഒലക്കേങ്കിൽ തറവാട്ടിലാണ് അദ്ദേഹം 1920-ൽ ജനിച്ച ത്. സെന്റ് ജോസഫ് ഹൈസ്കൂളിൽ സ്കൂൾ പഠനം പൂർത്തിയാക്കി, ചെത്തിപ്പുഴ, അമ്പഴക്കാട് എന്നിവിടങ്ങളിൽ സന്യാസവൈദീക പരി ശീലനത്തിന് ശേഷം 1947-ൽ വൈദീകപട്ടം സ്വീകരിച്ചു. അദ്ദേഹം തന്റെ ജീവിതത്തിന്റെ അധികഭാഗവും യോഗാർഥികളുടെ റെക്ടറായും സന്യാസികളുടെ ആത്മീയ ഗുരുവായിട്ടാണ് പ്രവർത്തിച്ചത്. ദേവ മാതാ പ്രവിശ്യയിൽ, വരന്തരപ്പിള്ളിയിലും, എൽത്തുരത്തിലുമായി അദ്ദേഹം വളരെ പേരുടെ റെക്ടറായി സേവനം ചെയ്തിട്ടുണ്ട്. 1979-1982 വർഷങ്ങളിൽ അമ്പഴക്കാട് സന്യാസ ഗുരുക്കന്മാരുടെ ടീമിൽ അംഗ മായിരുന്നു. കോയമ്പത്തൂർ പ്രവിശ്യയുടെ ആരംഭത്തോടു കൂടി ഡൺസ്റ്റ നച്ചൻ കോയമ്പത്തൂരിലേക്ക് സ്ഥലം മാറിപ്പോയി. അവിടെയും വളരെ വർഷങ്ങൾ നവസന്യാസികളുടെയും യോഗാർഥികളുടെയും ഗുരുവായി സേവനമനുഷ്ഠിച്ച് 2006-ൽ കർത്താവിൽ നിദ്ര പ്രാപിച്ചു.

ഒലക്കേങ്കിൽ കുടുംബം, ദൈവഭക്തിയിലും ദൈവപേടിയിലും ജീവി ച്ചിരുന്ന ഒരു പുരാതന കുടുംബമാണ്. ഡൺസ്റ്റണച്ചന്റെ അനുജന്റെ മകൻ പാവറട്ടി സ്കൂളിൽ നല്ലൊരു അദ്ധ്യാപകനായിരുന്നു. വേറൊരു മകൻ പാലക്കാട് രൂപതയിൽ ഇടവക വൈദികനാണ്. ഇനിയുമൊ

രാൾ എം.എം.ബി. സഭയിൽ ജനറാൾ സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. തറ വാട്ടിലുള്ള ഇളയ തലമുറയും പുണ്യശ്ലോകനായ ഡൺസ്റ്റണച്ചന്റെ മാതൃക പിൻചെലുന്നവരാണ്.

എന്റെ യോഗാർത്ഥി ജീവിതത്തിൽ ഞാൻ എസ്.എസ്.എൽ.സി.ക്ക് പഠിക്കുന്ന വർഷമാണ് ഡൺസ്റ്റണച്ചനെ ആദ്യമായി കണ്ടുമുട്ടുന്നത്. അദ്ദേഹം വരന്തരപ്പിള്ളിയിൽ നിന്നും എൽത്തുരുത്ത് യോഗാർത്ഥിക ളുടെ റെക്റ്റർ ആയി വന്ന സമയം. ഓരോരുത്തരുടെയും അടുത്തു വന്ന് പഠന വിശേഷങ്ങൾ അറിയുമായിരുന്നു. ആ വർഷം എസ്.എസ്. എൽ.സി.ക്ക് ഞങ്ങൾ നല്ല മാർക്കോട് കൂടി വിജയം വരിച്ചു. എൽത്തു രുത്ത് പഠനത്തിനു ശേഷം ഞങ്ങൽ വരന്തരപ്പിള്ളിയിലേക്ക് ഭാഷാപ ഠനത്തിന് പോകുവാൻ ഒരുങ്ങി കൊണ്ടിരിക്കുന്ന കാലഘട്ടം. ആ സമ യത്താണ് സഭയിൽ ഒരു പുതിയ നിയമം വന്നത്: നവസന്യാസ ഭവന ത്തില്ക്ക് പോകുന്നതിന് മുമ്പ് എല്ലാവരും പ്രീഡിഗ്രി പാസായിരിക്ക ണം. വരന്തരപ്പിള്ളിക്ക് പകരം ഇരിഞ്ഞാലക്കുടയിലേക്ക് പ്രീഡിഗ്രി പഠിക്കുവാൻ പോകാൻ ഒരുങ്ങണമെന്ന് ഞങ്ങളോട് ആവശ്യപ്പെട്ടു. അന്ന് അവിടേക്ക് പോകാൻ ആർക്കും ഇഷ്ടം ഉണ്ടായില്ല. എങ്കിലും ഡൺസ്റ്റണച്ചൻ കോളേജ് ജീവിതത്തെ പറ്റിയും പഠനത്തിന്റെ പ്രാധാ ന്യത്തെപ്പറ്റിയുമെല്ലാം ഞങ്ങളെ ഉപദേശിച്ചു തന്ന് പഠനത്തിനായി ഒരുക്കി, ഇരിഞ്ഞാലക്കുടയിൽ കൊണ്ടുവന്നാക്കി.

ഞാൻ വൈദികനായ ശേഷം ഡൺസ്റ്റണച്ചനെ കൂടുതൽ പരിചയ പ്പെടുന്നത് അമ്പഴക്കാട് സന്യാസഭവനത്തിൽ വച്ചാണ്. പുതിയ നിയ മപ്രകാരം നവസന്യാസഭവനത്തിൽ മൂന്നു പേരുടെ ഒരു ടീം ആണ് നവസന്യാസികളുടെ പരിശീലനത്തിന് ചുമതല വഹിച്ചിരുന്നത്. ഫാദർ പോൾ കടിച്ചീനി (റെക്റ്റർ), ഫാദർ ഡൺസ്റ്റൻ, ഫാദർ ഫ്രാൻസിസ് കണിച്ചികാട്ടിൽ എന്നിവരായിരുന്നു ആ ടീം അംഗങ്ങൾ. 1979–1982 വർഷം, 3 പേരും പ്രായവ്യത്യാസം ഉണ്ടായിരുന്നെങ്കിലും ഒരു ടീമായി ഒരുമയോടെ പ്രവർത്തിച്ചിരുന്നു. നവസന്യാസികൾ അതിനോട് വളരെ ക്രിയാത്മകമായി പ്രതികരിച്ചിരുന്നു. ഡൺസ്റ്റനച്ചന്റെ ദീർഘകാലത്തെ പരിശീലനത്തിലുള്ള അറിവും അതിലുപരി അദ്ദേഹത്തിന്റെ ആത്മീ യതയും ഞങ്ങൾക്കും നവസന്യാസിക്കും ഒരു മുതൽ കൂട്ടായിരുന്നു. വളരെ തുറന്ന മനോഭവത്തോടെയാണ് ഞങ്ങൾ അന്ന് പ്രവർത്തിച്ചി രുന്നത്. നവസന്യാസികൾക്ക് സ്വാതന്ത്ര്യം വേണം; സമകാലിക സാഹ ചര്യങ്ങളുമായി അവർ മുമ്പോട്ട് പോകണം എന്ന് ഡൺസ്റ്റണച്ചൻ ആഗ്ര

ഹിച്ചിരുന്നു. ഡൺസ്റ്റനച്ചൻ എല്ലാ കാര്യങ്ങൾക്കും ഒരു പോലെ ചൂണ്ടു പലകയായിരുന്നു, പരിശീലനത്തിൽ ദീർഘകാലത്തെ പരിചയമുള്ള ഒരു ഗുരുഭൂതൻ എന്ന നിലയിൽ.

എല്ലാ അർത്ഥത്തിലും അദ്ദേഹത്തിന്റെ ആശയങ്ങളോട് ഞങ്ങൾ രണ്ടുപേരും യോജിച്ചിരുന്നു. അദ്ദേഹം നവസന്യാസികൾക്ക് ക്ലാസ്സുകൾ എടുത്തിരുന്നു. അവരുടെ പൂന്തോട്ട നിർമ്മാണത്തിനും മറ്റും തോട്ടപ്പണികളിലും വേണ്ട നേതൃത്വം നൽകിയിരുന്നു. ഡൺസ്റ്റനച്ചൻ നോവിസസിന് പേഴ്സണൽ കോൺഫറൻസ് നടത്തുമ്പോൾ ഭക്തി പാരമ്യത്തിൽ ലയിച്ചു പോകുമായിരുന്നുവെന്ന് നവസന്യാസികൾ പറയാറുണ്ട്. മുറിയിൽ അദ്ദേഹം ദീർഘസമയം പ്രാർത്ഥനയിൽ ചിലവഴിച്ചിട്ടുണ്ട്. ഭക്ഷണത്തിന് അദ്ദേഹത്തെ വിളിച്ചു കൊണ്ടു വരേണ്ട അവസരമുണ്ടായിട്ടുണ്ട്. ഡൺസ്റ്റനച്ചനിൽ ഞാൻ ദർശിച്ച ഏതാനും മുത്തുകളാണ് താഴെ പറയുന്നത്.

## നിഷ്കർഷയുള്ള ഉത്തമ സന്യാസി

ഡൺസ്റ്റനച്ചൻ ഒരു ഉത്തമ സന്യാസിയായിരുന്നു. ആദ്ദേഹത്തിന്റെ രൂപവും ഭാവവും ഇടപെടലുകളും എല്ലാം ആ സത്യം വിളിച്ചു പറഞ്ഞിരുന്നു. ദാരിദ്ര്യത്തെ സ്നേഹിച്ച്, കീഴ്വഴക്കത്തോടെ ബ്രഹ്മചാരിയായി അദ്ദേഹം ജീവിച്ചു. ബ്രഹ്മനിൽ ചരിക്കുന്നവരാണ് ബ്രഹ്മചാരി. അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ക്രിസ്തുവിൽ കേന്ദ്രീകൃതമായിരുന്നു.

## പ്രാർത്ഥനയുടെ മനുഷ്യൻ

ദൈവസ്നേഹവും പരസ്നേഹവും ദൈവത്തിൽ എത്തുവാനുള്ള രണ്ടു ചിറകുകളാണ് എന്ന് ആത്മീയ പിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ട്. പ്രർത്ഥനയ്ക്ക് സമൂഹജീവിതത്തിൽ വളരെ വലിയ സ്ഥാനമുണ്ട്. ഡൺസ്റ്റനച്ചൻ ഒരു പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. മണിക്കൂറുകൾ അദ്ദേഹം ദിവ്യകാരുണ്യ സന്നിധിയിൽ ചിലവഴിക്കുമായിരുന്നു. ഡൺസ്റ്റനച്ചന്റെ രൂപം ആന്തരീക പ്രാർത്ഥനയ്ക്കായി ജീവിതം സമർപ്പിച്ച തൂണിന്മേൽ ശിമയോൻ, വിശുദ്ധ അമ്മ ത്രേസ്യ, വിശുദ്ധ യോഹന്നാൻ ക്രൂസ് എന്നിവരുടെ ഓർമ്മ എന്നിൽ കൊണ്ടുവരുമായിരുന്നു.

## ദൈവരാജ്യത്തിൽ ദൃഷ്ടി ഉറപ്പിച്ചവൻ

ഭൗതികമായ യാതൊന്നും ഡൺസ്റ്റനച്ചനെ ദൈവത്തിൽ നിന്നും അകറ്റിയിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതം ദൈവരാജ്യത്തിൽ ദൃഷ്ടി ഉറപ്പിച്ചിരുന്നു. ദൈവരാജ്യത്തിനു വേണ്ടി എന്ത് സേവനം ചെയ്യുവാനും അദ്ദേഹം തയ്യാറായിരുന്നു. അദ്ദേഹം എപ്പോഴും നിഷ്പാദുകനായിട്ടാണ് കാണപ്പെട്ടിരുന്നത്. ബസ്സിലായിരുന്നു പ്രായമായിട്ടും യാത്ര നടത്തിയിരുന്നത്.

## ശ്രേഷ്ഠ മാനസം ഭഗവാന്റെ വാസഗൃഹം

രാമായണത്തിൽ ഒരിടത്ത് പറയുന്നുണ്ട് ശ്രേഷ്ഠ മാനസമാണ് ഭഗവാന്റെ വാസസ്ഥലം: മൺകട്ടയേയും കല്ലിനേയും സ്വർണ്ണത്തിനേയും തുല്യമായി കാണുന്ന ശ്രേഷ്ഠ മാനസരുടെ ഹൃദയങ്ങളിൽ അവിടുന്ന് വസിച്ചിരുന്നു. ഡൺസ്റ്റനച്ചൻ അപ്രകാരമുള്ള ഒരു ഗുരുവര്യനായിരുന്നു. ഇഹത്തിലെ ആഗ്രഹങ്ങളൊന്നും ആ ശ്രേഷ്ഠ മനസ്സിനെ കീഴ്പ്പെടുത്തിയിരുന്നില്ല. അത് എന്നും ക്രിസ്തുവിൽ വിലയം കൊണ്ടിരുന്നു.

ദീർഘകാലം ഒരുത്തമ സന്യാസിയായി ജീവിച്ച്, നിഷ്പാദുകനായി, നവസന്യാസികൾക്കും യുവസന്യാസികൾക്കും മാതൃക നൽകിക്കൊണ്ട് അദ്ദേഹം കടന്നു പോയി. അദ്ദേഹത്തിന്റെ മാതൃകയും ആശയങ്ങളും സന്യാസസഭാംഗങ്ങൾക്ക് ഒരു വലിയ പ്രചോദനമാണ്. സാർവ്വത്രിക സഭയിൽ എല്ലാവരും വണങ്ങുന്ന ഒരു വിശുദ്ധനായി അദ്ദേഹം വിരാചിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

## 15

# ആധ്യാത്മികതയുടെ കണക്കുപുസ്തകം

ഫാ. ടെന്നി പാറക്കൽ സി.എം.ഐ.

ഫാദർ ടെന്നി പാറക്കൽ തന്റെ നവസന്യാസ ഗുരുവായ ഡൺസ്റ്റനച്ചനെക്കുറിച്ച് ഏഴ് പ്രധാനപ്പെട്ട ആധ്യാത്മിക തലങ്ങളിൽ സംഗ്രഹിക്കുകയാണ്. ഡൺസ്റ്റനച്ചൻ ടെന്നി അച്ചന്റെ ജീവിതത്തിൽ ഇന്നും പ്രചോദനവും മാതൃകയായും നിലകൊള്ളുന്നുവെന്ന് ഈ ചെറിയ ലേഖനത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

### പ്രകൃതിയും ആധ്യാത്മികതയും

നാലുമണി സമയം. കാപ്പികുടി കഴിഞ്ഞ ഉടനെ ഡൺസ്റ്റണച്ചന്റെ അടുത്ത് ആധ്യാത്മിക ഉപദേശത്തിനായി ടെന്നി അച്ചൻ ഒരു സമയം ചോദിക്കുന്നു. ഡൺസ്റ്റനച്ചൻ പറയുന്നു: “തോട്ടപ്പണി ചെയ്യുമ്പോൾ ആധ്യാത്മിക സംഭാഷണം നടത്താമല്ലോ.” ഇങ്ങനെ തോട്ടപ്പണിയുടെ സമയത്ത് ആധ്യാത്മിക സംഭാഷണം ആരംഭിച്ചു. കൂടെ തോട്ടപ്പണി ചെയ്യുമ്പോൾ, ഡൺസ്റ്റണച്ചൻ പറഞ്ഞത് ഇപ്രകാരമാണ്: “പ്രകൃതിയാണ് ആധ്യാത്മികതയുടെ വലിയ ഒരു ഉദാഹരണം; മണ്ണ് ശരിയാക്കി, വളമിട്ട്, ചെടിവെച്ച്, വെള്ളമൊഴിച്ച്, വളർത്തിയാൽ മാത്രമേ ചെടി വളരുകയുള്ളൂ. വളരെ ശ്രദ്ധിച്ചെങ്കിൽ മാത്രമേ ആ ചെടിയിൽ നല്ല ഫലങ്ങളും പൂക്കളും ഉണ്ടാവുകയുള്ളൂ. ആധ്യാത്മിക ജീവിതവും ഇതുപോലെ തന്നെയാണ്. നമ്മുടെ ജീവിതം നല്ലതായി തീരണമെങ്കിൽ അതിന് നല്ല വളവും മണ്ണും ജലവുമൊക്കെ കൊടുക്കണം. ആ ജീവിതം മറ്റുള്ളവർക്ക് ആസ്വാദ്യകരമാകണമെങ്കിൽ വളരെ ശ്രദ്ധയോടെ നാം അതിനെ കാത്തു സൂക്ഷിക്കണം.” ഡൺസ്റ്റനച്ചൻ പ്രകൃതിയിലൂടെ ആധ്യാത്മികതയുടെ ഒരു വാതിൽ അദ്ദേഹത്തിന് തുറന്നിട്ടു.

### ജീവിത ലാളിത്യം

ഒരു കപ്പ് ജലം കൊണ്ട് തന്നെ മുഖവും തലയും കഴുകി, ഇനി ദേഹം നമുക്ക് കുളിമുറിയിൽ കഴുകിയാൽ മതിയല്ലോ എന്ന് അദ്ദേഹം പറയു

മായിരുന്നു. ഈ ലാളിത്യം കുളിയിൽ മാത്രമല്ല, തന്റെ ജോലികളിൽ, ഭക്ഷണത്തിൽ, കൂടാതെ തന്റെ മുറി, വസ്ത്രങ്ങൾ, ചെരുപ്പ്, യാത്ര എന്നിവയിലൊക്കെ പ്രകടമായിരുന്നു. ഇതൊരിക്കലും മറ്റുള്ളവരുടെ പ്രശംസ പിടിച്ചു പറ്റുവാൻ ആയിരുന്നില്ല. തന്നിൽ അന്തർലീനമായി കിടക്കുന്ന യേശുവിന്റെ ദാരിദ്ര ജീവിതത്തിന്റെ അനുകരണങ്ങളായി രുന്നുവെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

കോട്ടപ്പടിയിൽ ഉള്ള ഒരു ആശ്രമത്തിൽ വൈദിക വിദ്യാർത്ഥികളെ കുമ്പസാരിപ്പിക്കാൻ ഡൺസ്റ്റനച്ചൻ മാസത്തിലൊരിക്കൽ ചെല്ലുമായി രുന്നു. അച്ചന് ഒരു മുറി തമാസിക്കുവാനായി ഒരുക്കിയിടുമായിരുന്നു. പതിവുപോലെ ഡൺസ്റ്റനച്ചനും അതിഥികൾക്കായി നൽകാറുള്ള സോപ്പ്, കുളിമുണ്ട്, ബ്രഷ്, പെയ്സ്റ്റ്, ചീർപ്പുമൊക്കെ ഒരുക്കി വെച്ചിട്ടു ണ്ടായിരുന്നു. അതിഥികളെ ശുശ്രൂഷിക്കുന്ന ഒരു വൈദിക വിദ്യാർത്ഥിക്ക് അദ്ദേഹം പതിവായി ഇവയൊന്നും ഉപയോഗിക്കാത്ത തിൽ സംശയം ഉണർന്നു. ഒരു ദിവസം അച്ചൻ പുറത്തേക്ക് പോയ പ്പോൾ മുറി ഒന്ന് പരിശോധിച്ചു. അപ്പോഴാണ് വിദ്യാർത്ഥികൾക്ക് അച്ചൻ ഉപയോഗിച്ചിരുന്ന തോർത്തുമുണ്ടിന്റെ രഹസ്യം മനസ്സിലായ ത്. അദ്ദേഹത്തിന്റെ പഴയ ളോഹയുടെ ഒരു കഷ്ണമാണ് തോർത്താക്കി ഉപയോഗിച്ചുകൊണ്ടിരുന്നത്.

## മറവിയെന്ന ആദ്ധ്യാത്മികത

ഫാ. ടെന്നി ഈ വിഷയത്തെക്കിറിച്ച് വ്യക്തമായ ഒരു കാഴ്ച്ചപ്പാട് നൽകുന്നുണ്ട്. അദ്ദേഹത്തിന്റെ ഈ മറവി സത്യത്തിൽ ആധ്യാത്മിക തയുടെ മറ്റൊരു സവിശേഷ മുഖമായിരുന്നു. ആധ്യാത്മിക കാര്യങ്ങ ളൊന്നും മറക്കാതിരിക്കുക, മറ്റെല്ലാം തന്റെ സ്മൃതിപദത്തിൽ നിന്നും മാഞ്ഞു പോവുക: ഈ പ്രതിഭാസം ആധ്യാത്മികതയുടെ വലിയ ഒരു ഭാവമാണ്. ആത്മീയ കാര്യങ്ങൾ ആരു പറഞ്ഞാലും അദ്ദേഹം ഒരി ക്കലും അത് മറന്നിരുന്നില്ല. പക്ഷേ ഒരു വ്യക്തിയുടെ തെറ്റുകളും കുറവുകളും പോരായ്മകളും അദ്ദേഹം ഒരിക്കലും ഓർത്തിരിക്കില്ല. ആധ്യാത്മിക പകരുന്ന, വെളിച്ചം പകരുന്ന എല്ലാ കാര്യങ്ങളും ഓരോ രുത്തരേയും ഓർമ്മിപ്പിക്കാറുണ്ട്. എന്നുതന്നെയുമല്ല അവ ഒരിക്കലും മറക്കാറുമില്ല. ഒരു പക്ഷെ നമുക്ക് ഇങ്ങനെ പറയാം: ആധ്യാത്മിക കാര്യങ്ങൾ മാത്രമേ അദ്ദേഹത്തിന്റെ ജീവിതത്തെ സ്പർശിച്ചിരുന്നു ള്ളൂ. ദൈവിക ചിന്തയിൽ മുഴുകി ജീവിച്ചിരുന്നതുകൊണ്ട്, ലോകകാ

ര്യങ്ങൾ അദ്ദേഹം എല്ലാം മറന്നിരുന്നു. ആധ്യാത്മികതയുടെ പുതിയ മുഖത്തിന് ഉദാഹരണമാണ് ഡൺസറ്റനച്ചൻ.

## അനുഗ്രഹത്തിന്റെ ഉറവിടം

ദൈവത്തിന്റെ അനുഗ്രഹങ്ങളും കൃപയും ഓരോ സന്യാസിയുടെ ജീവിതത്തിലേക്ക് എത്തണമെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്ത ഒരു സന്യാസ ഗുരുഭൂതൻ. എപ്പോൾ വേണമെങ്കിലും ആധ്യാത്മിക സംഭാഷണത്തിന് തയ്യാർ; വേലിക്കെട്ടുകൾ ഒന്നും തീർക്കാതെ ഒരു ജീവിതശൈലി. താൻ മൂലം ഒരു ആത്മാവിനും ലഭിക്കേണ്ട അനുഗ്രഹം നഷ്ടപ്പെടുത്തരുത് എന്ന് ചിന്തിച്ചിരുന്ന ഒരു സന്യാസവൈദികൻ. ഓരോ സന്യാസിയിലേക്കും ദൈവത്തിന്റെ അനുഗ്രഹം ഒഴുകണമെന്ന് ആഗ്രഹിച്ച ഒരു ദിവ്യപുരുഷൻ. ദൈവത്തിന്റെ അനുഗ്രഹം പുഴപോലെ തന്റെ ശിഷ്യരിലേക്ക് ചൊരിയുവാൻ ദൈവസന്നിധിയിൽ കൈകളുയർത്തി എന്നും പ്രാർത്ഥിച്ചിരുന്ന ഒരു സന്യാസി.

## ദൈവാശ്രയ ബോധം

“ദൈവം അറിയാതെ ഒന്നും സംഭവിക്കില്ല.” ഈ വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും എപ്പോഴും ഉതിർകൊള്ളുന്ന ദൈവവചനമായിരുന്നു. ദൈവത്തിന്റെ മുന്നിലുള്ള പൂർണമായ സമർപ്പണത്തിന്റെ മുഖമാണ് ഇവിടെ തെളിഞ്ഞു വരുന്നത്. തന്റെ മനസ്സിനെ ദൈവത്തിന്റെ മനസ്സിനോട് ചേർത്ത് വച്ചിരിക്കുന്ന ഒരു സന്യാസ വൈദികനായിരുന്നു അദ്ദേഹം. കൂടാതെ മാതാവിന്റെ ഉത്തമ ഭക്തൻ. മാതാവിനെപ്പോലെ “ഇതാ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം പോലെ ഭവിക്കട്ടെ” എന്ന് ചിന്തിച്ച്, ധ്യാനിച്ച് ജീവിച്ചിരുന്ന ഒരു മഹാത്മാവ്. ഈ ദൈവാശ്രയമുള്ളതിനാൽ നാളെയെക്കുറിച്ച് അദ്ദേഹം ചിന്തിച്ചിരുന്നില്ല; ഒരിക്കലും ഒരു മാനസിക പിരിമുറുക്കത്തിന്റെ അവസ്ഥ അദ്ദേഹത്തിൽ ദർശിച്ചിരുന്നില്ല.

## ആധ്യാത്മികതയുടെ കണക്ക് പുസ്തകം

വരന്തരപ്പിള്ളി ആശ്രമശ്രേഷ്ഠൻ ആയിരിക്കെ, കാനോനിക വിസീത്തയ്ക്ക് വന്ന പ്രൊവിൻഷ്യൽ അച്ചനോട് തന്റെ ആശ്രമ കണക്കു പുസ്തകത്തിലെ 1500 രൂപയുടെ കണക്ക് കാണാത്ത കാര്യം തുറന്നു പറഞ്ഞു. എന്നിട്ട് താൻ ഈ ശ്രേഷ്ഠ സ്ഥാനത്തിന് യോഗ്യനല്ലെന്നും, എന്നെ മാറ്റണമെന്നും അപേക്ഷിച്ചു. പ്രൊവിൻഷ്യൽ അച്ചന്റെ മറു

പടി ഇങ്ങനെയായിരുന്നു: "അച്ചാ, അച്ചൻ ആ കണക്ക് എഴുതാൻ മറന്നു പോയതല്ലേ; പക്ഷെ അച്ചനെ എനിക്കറിയാം; ഈ സഭയ്ക്ക് അറിയാം; അങ്ങയുടെ ആധ്യാത്മികതയുടെ കണക്കു പുസ്തകത്തിൽ ഒരു തെറ്റുമില്ലെന്ന് ഞങ്ങൾക്കറിയാം."

## അട്ടപ്പാടിയിലെ വാനമ്പാടി

ആദിവാസികളുടെ കൂട്ടുകാരൻ, കുടുംബസുഹൃത്ത്, അതിനേക്കാളേറെ അദ്ധ്യാത്മിക ഗുരു. അട്ടപ്പാടിയിലെ പാക്കുളം ഭവനത്തിൽ നവ സന്യാസികളെ പ്രായോഗിക പരിശീലനത്തിനായി കൊണ്ട് ചെന്നപ്പോൾ, അവിടുത്തെ ആദിവാസികളിൽ നിന്നും അറിഞ്ഞ ചില സത്യങ്ങളാണ് മേൽ പറഞ്ഞത്. അദ്ദേഹം ആ ഊരുകളിൽ ചെല്ലുമ്പോൾ ആ ജനമെല്ലാം അദ്ദേഹത്തിന് ചുറ്റും ഓടി കൂടും. സമൂഹത്തിലെ എല്ലാ വിധത്തിലും അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഒരു സമൂഹത്തിന്റെ വക്താവായിരുന്നു അച്ചൻ. അവർ അദ്ദേഹത്തെ കണ്ടിരുന്നത് ആധ്യാത്മിക ഗുരുവായിട്ടാണ്. അവിടുത്തെ ജനം അച്ചന്റെ ആധ്യാത്മികതയുടെ ആഴം മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ സ്നേഹവും കരുണയും വാത്സല്യവും ആദിവാസികളും വളരെ നന്നായി മനസ്സിലാക്കിയിരുന്നു. അവരുടെ ഹൃദയങ്ങളിൽ ഒരു വലിയ സ്ഥാനം അദ്ദേഹത്തിനുണ്ടായിരുന്നു. ആരുടെ ഇടയിലും, എവിടെയും ഇറങ്ങിച്ചെന്ന് ദൈവത്തിന്റെ മുഖം കാണിച്ചു കൊടുക്കുവാൻ അച്ചന് സാധിച്ചിരുന്നു.

ടെന്നി പാറക്കലച്ചൻ പറഞ്ഞ ഏഴ് ആധ്യാത്മിക കാര്യങ്ങളും ഡൺസ്റ്റനച്ചന്റെ ഏഴ് കൂദാശകളായി നമുക്ക് കാണാവുന്നതാണ്. അദ്ദേഹം തന്റെ നവസന്യാസികളെ ഉപദേശങ്ങളോ വാക്കുകളോ കൊണ്ട് പറഞ്ഞു പഠിപ്പിച്ച കാര്യങ്ങളല്ല ആ സന്യാസവര്യന്റെ ജീവിത മാതൃകയിൽ നിന്നും അടർത്തിയെടുത്ത മുത്തുകളാണ് ഇവിടെ ടെന്നിയച്ചൻ, വർഷങ്ങൾ കഴിഞ്ഞിട്ടും, ഇന്നും ഓർത്ത് പറയുന്നത്.

# 16

# ദൈവവിളിയുടെ അടിസ്ഥാനം

ഫാ. ബെന്നി ബെനഡിക്ട് സി.എം.ഐ

ഒന്നാം വർഷ നവസന്യാസ കാലഘട്ടം അവസാനിച്ചു. സ്വന്തം ബാച്ചിലുള്ള ചിലരൊക്കെ സന്യാസം ഉപേക്ഷിച്ചു പോയി. വേറെ ചിലർ തീരുമാനങ്ങളെടുക്കുവാൻ ഒരുങ്ങിയിരിക്കുന്നു. ഞാനാകട്ടെ ഇതെല്ലാം കണ്ട് സന്യാസത്തെ കുറിച്ച് ചില വേറിട്ട ചിന്തകൾ മനസ്സിൽ കയറി വരുന്നതിനാൽ  ആത്മീയ ഗുരുവായ ഡൺസ്റ്റനച്ചനെ ഒന്ന് ചെന്ന് കാണാമെന്ന് തീരുമാനമെടുത്തു. എന്നെക്കാളും, ഭക്തി തീക്ഷണതയുള്ളവരും, കഴിവുള്ളവരും ഇതിനകം സ്ഥലം വിട്ടു. പിന്നെ ഞാനെന്തിന് ഈ സന്യാസ സമൂഹത്തിൽ നിലകൊള്ളണമെന്ന് ചിന്തിച്ചുകൊണ്ടിരുന്നു. എന്റെ മനസ്സ് ഡൺസ്റ്റനച്ചന്റെ മുമ്പിൽ ഒന്ന് തുറക്കണം.

അടുത്ത ഒരു ദിവസം ഡൺസ്റ്റനച്ചനെ കാണുവാൻ ചെന്നു. അദ്ദേഹം എന്നോട് വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. അതിനു ശേഷം ഒരു കടലാസും പെൻസിലും കൊണ്ടു വരുവാൻ ആവശ്യപ്പെട്ടു. ഞാൻ അതു കൊണ്ടു വന്നു. എന്നിട്ട് ഒറ്റ കാര്യം മാത്രം പറഞ്ഞു: ആ കടലാസിൽ സന്യാസം വേണ്ടെന്നു വയ്ക്കുവാനുള്ള കാര്യങ്ങൾ ഒരു വശത്തും, മറ്റേ വശത്ത് സന്യാസത്തിന്റെ ഗുണങ്ങളുമെഴുതുവാൻ പറഞ്ഞു. സമയമെടുത്ത് അപ്രകാരം ചെയ്തു. ഇത് എഴുതി കഴിഞ്ഞപ്പോൾ തന്നെ ഞാൻ സന്യാസത്തിൽ ഉറച്ചു നിൽക്കാൻ  തീരുമാനിച്ചു. ഓരോ പ്രാവശ്യവും വരുമ്പോൾ, എന്തു മാത്രം ഈ ജീവിതത്തിൽ പുരോഗതി പ്രാപിച്ചിട്ടുണ്ടെന്ന് ചോദിക്കുകയും, വേണ്ടതായ സഹായ സഹകരണങ്ങൾ ചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. എന്റെ സന്യാസ ജീവിതത്തിന്റെ അടിത്തറ പാകിത്തന്ന, ഉറച്ച തീരുമാനങ്ങളെടുക്കുവാൻ പഠിപ്പിച്ചു തന്ന, ഒരു ഗുരുഭൂതനാണദ്ദേഹം. ഏകദേശം നാൽപ്പതു വർഷങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്റെ സ്വതസിദ്ധമായ കൗൺസിലിങ്ങ് ഇന്നത്തെ ആധുനിക കൗൺസിലിങ്ങിൽ ഉന്നത ബിരുദം നേടിയവർക്കു പോലും സാധിക്കുമോയെന്ന് സംശയമാണ്.

ഇന്ന് ഇത്തരം ഒരു കൗൺസിലിങ്ങിന്, ഏകദേശം ആയിരത്തിലേറെ രൂപ പലരും ചോദിച്ചു വാങ്ങിത്തുടങ്ങി. വർഷങ്ങൾക്കു മുമ്പ് കൗൺസിലിങ്ങിന്റെ വലിയ ഡിഗ്രികളൊന്നും എടുക്കാത്ത ഡൺസ്റ്റനച്ചൻ എന്റെ ജീവിതത്തിന് ചെയ്തു തന്ന വലിയ ഉപകാരത്തിനു മുമ്പിൽ ഞാൻ ശിരസ്സു നമിക്കുകയാണ്, അഭിമാനിക്കുകയാണ്. ദൈവവിളിയുടെ ആരംഭകാല പരിശീലനം എന്നും ഡൺസ്റ്റനച്ചന്റെ കൈകളിലാണ് വളരെക്കാലം സഭ നൽകിയിരുന്നിരുന്നത്.

ഈ മേൽപ്പറഞ്ഞ വൈദികൻ എന്നും മനസ്സിൽ ഓർത്തിരിക്കുന്ന ഒരു കാര്യമാണ് 'അട്ടപ്പാടി ആദിവാസി ക്യാമ്പ്.' ഒശത്തിയൂരാണ് അന്ന് സേവനത്തിനായി ലഭിച്ചത്. അതിനു ശേഷം പട്ടമേറ്റിട്ട് വിവിധ തലങ്ങളിൽ സേവനം ചെയ്തപ്പോൾ അവിടങ്ങളിലൊക്കെ ഈ അട്ടപ്പാടിയിലെ ആദിവാസികളുമായുള്ള സഹവാസം ഉണർവേകിയിരുന്നു. എവിടെക്കിടന്നുറങ്ങുവാനും, എല്ലാവരുമായി സമ്പർക്കത്തിലേർപ്പെടുവാനും, പാവങ്ങളുടെ പക്ഷം ചേരുവാനും എന്നും പരിശ്രമിച്ചിരുന്നതിന്റെ പുറകിൽ ഡൺസ്റ്റനച്ചന്റെ ആഗ്രഹം ഇന്നും നിലക്കൊള്ളുന്നുണ്ട്. ജീവിതത്തിൽ ചില ധീരമായ തീരുമാനങ്ങളെടുത്തത് ഇത്തരം പരിശീലനങ്ങൾ ലഭിച്ചതുകൊണ്ടു മാത്രമാണ്. യേശുവിന്റെ ജീവിതവുമായി ഇത് താരതമ്യം ചെയ്ത് ഓരോ പ്രവൃത്തികളും ചെയ്യുവാൻ ഉത്തേജനമായി നിലക്കൊള്ളുന്നതും ഡൺസ്റ്റനച്ചൻ തന്നെയാണ്. ജീവിതത്തിന്റെ ചില വഴിത്തിരിവുകളിൽ അദൃശ്യനായി നിന്നു കൊണ്ട് ശരിയായ ദിശയിലേയ്ക്ക് ഇന്നും ഡൺസ്റ്റനച്ചന്റെ മാതൃകയും, വചനങ്ങളും നയിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന്, വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ഈ വൈദികൻ വിശ്വസിക്കുന്നു. യേശുവിന്റെ ജീവിതം വ്യക്തതയോടു കൂടി ജീവിച്ചു കാണിച്ചു തന്ന ആ പിതാമഹന്റെ മുമ്പിൽ എന്നും ഒരു കൈത്തിരിയായി കത്തിയെരിയുവാൻ കഴിയട്ടേയെന്ന് ഈ ഊർജ്ജസ്വലനായ വൈദികൻ ആഗ്രഹിക്കുന്നു.

# 17

# ന്യായത്തിന്റെ തത്ത്വശാസ്ത്രം

ശ്രീ ജോസൻ കടവി

ജീവിതത്തിൽ എന്നെ കൈപിടിച്ച് സമുദായത്തിന്റെ ആഴത്തിലേയ്ക്ക് ഊളിയിട്ടിറങ്ങി അവിടെ സ്ഥിതി ചെയ്യുന്ന പവിഴപുറ്റുകൾ കാണിച്ചു തന്ന്, കൈ നിറയെ വാരിയെടുക്കാൻ പഠിപ്പിച്ച ഒരു മനുഷ്യനായിട്ടാണ്, ഒരു പ്രിയ ശിഷ്യൻ ഡൺസ്റ്റനച്ചനെക്കുറിച്ച് എന്നോട് പറഞ്ഞത്.

'അഹം' എന്ന ഭാവത്തിന്റെ കണിക പോലും കാണാൻ സാധിക്കാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമ. എത്ര ജന്മങ്ങൾ ജീവിച്ചാലും അദ്ദേഹത്തിന്റെ ഈ അവസ്ഥയിലേക്ക് എത്തിപ്പെടുവാൻ മനുഷ്യർക്ക്, വളരെ പ്രയാസമാണ്. ഡൺസ്റ്റനച്ചന്റെ 'ശിശുത്വം' എന്ന ജീവിതശൈലിയുടെ അഗാധമായ ആഴങ്ങളിലേയ്ക്ക് ഒരിക്കലും ഒരാൾക്കും വളരെ വേഗത്തിൽ എത്തിപ്പെടാൻ സാധ്യമല്ലായെന്ന് ജീവിതം പഠിപ്പിച്ചു. അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തികളും ഇതിന് തെളിവായിരുന്നു.

പ്രാർത്ഥനയെക്കുറിച്ച് അദ്ദേഹം ഈ സഹോദരനോട് പറഞ്ഞതിങ്ങനെയാണ്: "പ്രാർത്ഥനയെന്ന് പറയുന്നത് വളരെ എളുപ്പമുള്ള ഒന്നല്ല." ഡൺസ്റ്റനച്ചൻ ഓരേയൊരു പ്രാവശ്യം മാത്രമേ ദൈവത്തിനോട് ഹൃദയമുരുകി പ്രാർത്ഥിച്ചിട്ടുള്ളൂ. അത് ചെറുപ്പത്തിൽ രാത്രിയിൽ നിലമിറങ്ങി ഒരു ഇടി വെട്ടിയപ്പോഴാണ്. ദൈവവുമായി പലപ്പോഴും അഗാധമായ ബന്ധം നടക്കുന്നില്ലായെന്ന് സ്വയം ഇകഴ്ത്തിക്കൊണ്ട് സംസാരിച്ചുവെന്നേ ഇതിനെ കാണുവാൻ സാധിക്കുകയുള്ളൂ. തന്റെ ശ്യൂന്യവൽക്കരണത്തിന്റെ ഒരു ഭാവമാണ് നാമിവിടെ കാണുന്നത്.

## 'ന്യായ'ത്തിന്റെ തത്വശാസ്ത്രം

പച്ച മലയാള ഭാഷയാണിത്. ഡൺസ്റ്റനച്ചന്റെ എല്ലാ സംസാരങ്ങളിലും, ആധ്യാത്മിക ചർച്ചകളിലും ഈ വാക്ക് പലപ്പോഴും മുഴച്ചു നിൽക്കാറുണ്ട്. ഒരു പക്ഷെ നാം ചിന്തിക്കുന്ന 'സത്യം', നീതി എന്നതിന് അദ്ദേഹം ഉപയോഗിക്കുന്ന ഒരു നാട്ടുഭാഷയാണിത്. സ്വന്തം ജീവിതവും, ചിന്തകളും ഈ ന്യായത്തോടെയായിരുന്നു.

ഈ ന്യായമാണ് അദ്ദേഹം ദൈവവിളി പരിശീലനത്തിനും, നേതൃത്വത്തിനും പ്രായോഗികതലത്തിൽ കൊണ്ടു വന്നത്. ഈ ന്യായമാണ് സന്യാസജീവിതത്തിനാവശ്യമെന്ന് അദ്ദേഹം പറഞ്ഞിരുന്നത്.

അട്ടപ്പാടിയിലേക്ക് ഒരു യാത്ര, കൂടെ രണ്ടു മൂന്ന് അച്ചൻക്കുട്ടികളുമുണ്ട്. പാലക്കാട് ചെന്നപ്പോൾ തന്നെ രാത്രി എട്ടു മണിയായി പിന്നെ അന്ന് അട്ടപ്പാടിയിലേയ്ക്ക് പോകാൻ സാധ്യമല്ല. ഒറ്റ വഴിയേയുള്ളൂ ബസ്സ്സ്റ്റാൻഡിൽ വിശ്രമിച്ച്, അതിവെളുപ്പിനേ അട്ടപ്പാടി ബസ്സിൽ കയറിപ്പോവുക. അന്ന് അച്ചനും അച്ചൻക്കുട്ടികളും പാലക്കാട് ബസ്സ്സ്റ്റാന്റിൽ കിടന്നുറങ്ങി. കയ്യിൽ ബസ്സ്കാശു മാത്രമേയുള്ളൂ. ഒരു പേഴ്സ് (പൈസ വെയ്ക്കുന്ന ഉറ) കൈയ്യിലുള്ളത് സൂക്ഷിക്കാൻ സ്ഥലമില്ല. എന്നു തന്നെയുമല്ല കള്ളൻമാരുടെ ശല്യമുള്ള സ്ഥലമായിരുന്നതിനാൽ എവിടെ വച്ചാലും ഉറക്കം വരില്ല. ഡൺസ്റ്റനച്ചൻ ആ പേഴ്സ് എല്ലാവരും കാണത്തക്ക വിധം തലഭാഗത്ത് പരസ്യമായി വെച്ച് സിമന്റ് ബഞ്ചിൽ കിടന്നുറങ്ങി. അതിന്റെ ന്യായം എന്തെന്നാൽ, ഏതെങ്കിലും കള്ളന് അത് അത്യാവശ്യമെങ്കിൽ എടുത്തു കൊള്ളട്ടെ. അത് സൂക്ഷിക്കുവാൻ ശ്രദ്ധിക്കുമ്പോൾ തന്റെ ഉള്ള ഉറക്കവും നഷ്ടമാകും. ആയതിനാൽ പരസ്യമായി പുറത്തിരിക്കട്ടെ. ഒരു കള്ളനും ഈ പേഴ്സ് ആവശ്യം വന്നില്ല. അച്ചൻക്കുട്ടികൾക്ക് ഡൺസ്റ്റനച്ചന്റെ ന്യായം വളരെയേറെ ബോധിച്ചു.

ഒരു പുത്തൻ ഉടുപ്പ് ധരിച്ചതായി രണ്ട് കൊല്ലത്തിനിടയിൽ അവർ കണ്ടിട്ടില്ല. ഒരു പുതിയ ജോടി ചെരുപ്പ് ധരിച്ചിട്ടില്ല. ഒരു കപ്പ് ജലം കൊണ്ട് തല കഴുകി വൃത്തിയാക്കി, പ്രാർത്ഥനയ്ക്കായി ഓടിയെത്തുന്ന കാഴ്ച്ച നവസന്യാസ കാലഘട്ടത്തിൽ വൈദിക വിദ്യാർത്ഥികൾ ശ്രദ്ധിച്ചിരുന്നു. പാവങ്ങളോട് പക്ഷം ചേരണമെന്ന തന്റെ ആത്യന്തികമായ ജീവിത വീക്ഷണത്തോടുള്ള കാഴ്ച്ചപ്പാടുകളിൽ നിന്നാണ് ഇതൊക്കെ ഉയിർക്കൊണ്ടതെന്ന് തോന്നുന്നു. അച്ചന്റെ ഷഷ്ഠിപൂർത്തിയുടെ ആഘോഷത്തിൽ 'ഒരുല്ലാസദിനം' ചോദിച്ചപ്പോൾ അദ്ദേഹം നിർദ്ദേശിച്ചത്, ഒരു 'ഷഷ്ഠി വാടി'യാണ്. അറുപത് വാഴ വെച്ച് ആ പ്രസ്ഥാനം ചെയ്യുവാൻ പറഞ്ഞു. ഈ ഷഷ്ഠിവാടിയുടെ പ്രധാന ചുമതലക്കാരനായ വൈദികവിദ്യാർത്ഥിയാണ് ഇന്ന് ഇത് പറയുന്നതും പ്രകൃതിയുടെയും, പ്രത്യേകിച്ച് സസ്യലതാദികളോടും അദ്ദേഹം വളരെ ഇണങ്ങിച്ചേർന്ന് ജീവിച്ചിരുന്നു എന്നതിന്റെ ഉത്തമ തെളിവാണ് ഈ 'ഷഷ്ഠി വാടി' പ്രസ്ഥാനം. ഡൺസ്റ്റനച്ചന്റെ ശിഷ്യഗണത്തിൽപ്പെട്ട ഈ വൈദീക

വിദ്യാർത്ഥിയുടെ ഹൃദയത്തിൽ നിന്നും വന്ന ചില വാക്കുകൾ നമുക്ക് ശ്രവിക്കാം: "വിശേഷണം അശേഷം പോലും ഇല്ലാത്തതായിരുന്നു അച്ചന്റെ സംഭാഷണം. അച്ചടിച്ചതോ, കനമുള്ള വാക്കുകൾക്കോ, മറ്റു ള്ളവരുടെ കണ്ണിൽ എന്തെങ്കിലും മേൻമ കാണിക്കണമെന്നോ ഒരി ക്കലും ശ്രമിച്ചതായി എനിക്ക് തോന്നിയിട്ടില്ല. ഏതു വേദിയിലും അരികു ചേർന്ന് മാറിയിരിക്കുന്ന ആളായിരുന്നു ഡൺസ്റ്റനച്ചൻ. പല പ്പോഴും മറ്റുള്ളവരുടെ നിർബന്ധപ്രകാരം വേദിയിലേയ്ക്ക് അദ്ദേ ഹത്തെ കൂട്ടിക്കൊണ്ടു വരുമായിരുന്നു. ഇതായിരുന്നു അച്ചന്റെ സ്വത സിദ്ധമായ പ്രകൃതം."

പുസ്തക വായനയായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ 'time pass'. ജീവിതത്തിൽ ന്യായം കഴിഞ്ഞാൽ എന്നും പറയുന്ന മറ്റൊരു വാക്കായിരുന്നു 'Principles'. അതിൽ നിന്നും മാറി ജീവിക്കുവാൻ അദ്ദേ ഹത്തിന് സാധിച്ചിരുന്നില്ല. ഈ വാക്ക് അതിന്റെ നാനാർത്ഥങ്ങൾ നവ സന്യസികളുടെ ഹൃദയത്തിൽ ഉരുക്കിച്ചേർത്ത് പിടിപ്പിച്ചിട്ടാണ് അവരെ അവിടെ നിന്നും പറഞ്ഞയച്ചത്. ജീവിതത്തിൽ നല്ല തത്വങ്ങൾ ഉണ്ടാ ക്കുകയും, അത് പരിശീലിക്കുകയും ചെയ്യണമെന്ന് അദ്ദേഹം ഉപദേ ശിക്കാറുണ്ടായിരുന്നു. എന്നു മാത്രമല്ല, ജീവിച്ചു കാണിച്ചിരുന്നു. ഡൺസ്റ്റനച്ചന്റെ അടുത്ത് ആത്മീയ സംഭാഷണത്തിന് ചെന്നാൽ ആറും, എട്ടും മണിക്കൂർ സമയം പോകുന്നത് അറിഞ്ഞിരുന്നില്ല. നമ്മെ കൈ പിടിച്ച് ജീവിതത്തിന്റെ ആഴങ്ങളിലേക്ക് കൊണ്ടു പോയി, വിശകലനം ചെയ്ത് ഓരോ വൈദികവിദ്യാർത്ഥിക്കും ജീവിതത്തിന് ഒരർത്ഥമു ണ്ടാക്കി തന്നിരുന്നു.

ന്യായത്തിലും, തത്വങ്ങളിലും ജീവിക്കുവാൻ കഴിയുന്നില്ലെങ്കിൽ ഈ സന്യാസജീവിതത്തിന് ഒരർത്ഥം കാണുവാൻ സാധിക്കുകയില്ലാ യെന്ന് ഓർമ്മിപ്പിച്ചുകൊണ്ടിരുന്ന ഒരു സന്യാസ വൈദീകശ്രേഷ്ഠ നായിരുന്നു ഡൺസ്റ്റനച്ചൻ.

## 18

# പുഞ്ചിരി നിഷ്കളങ്കതയുടെ അടയാളം

ഫാ. പോൾ പൂവത്തിങ്കൽ സി.എം.ഐ.

മനുഷ്യ ശരീരത്തിൽ മൂന്നു പ്രധാനപ്പെട്ട നാഡികളുണ്ട്: ഒന്ന് ഇട (ഇടതുവശം), പിങ്കള (വലതുവശം), മൂന്ന് സുഷുമ്ന (മധ്യവശം). ഈ മൂന്നു നാഡികളെ ശുദ്ധീകരിച്ചെടുത്താൽ മനുഷ്യൻ ഒരു പ്രത്യേക അവസ്ഥ പ്രാപിക്കും. വളരെ വിഷമമേറിയ ഒരു പ്രക്രിയയാണിത്. 'സ്ഥിതപ്രണ്ജ്ജൻ' എന്ന് ഈ മനുഷ്യനെ അഭിസംബോധന ചെയ്യാം. ഡൺസ്റ്റനച്ചൻ ഈ അവസ്ഥ പ്രാപിച്ച ഒരുവനാണെന്നാണ്, ഡൺസ്റ്റനച്ചന്റെ കീഴിൽ രണ്ടു വർഷക്കാലം നവസന്യാസം ലഭിച്ച ഒരു സന്യാസവൈദീകന്റെ അഭിപ്രായം. 'സ്ഥിതപ്രജ്ഞർ' സർവ്വസമയവും ശാന്തശീലരും സന്തോഷവാൻമാരുമായിരിക്കും. ആത്മീയ തപസ്സുകൊണ്ട് തങ്ങളുടെ മാനസിക ശാരീരിക ഊർജ്ജത്തെ കീഴടക്കിയിരിക്കും. ആരോടും വിരോധമില്ല ഏതു സഹനങ്ങൾക്കും അവരെ കീഴടക്കുവാൻ സാധിക്കുകയില്ല. 'ആന്തരീക മൗനം' ഈ മനുഷ്യരുടെ ഏറ്റവും വലിയ പ്രത്യേകതയാണ്. അപരനെ മനസ്സിലാക്കുവാനും, അവനെ ശ്രവിക്കുവാനും, അവനായിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കുവാനുമുള്ള പ്രത്യേക കഴിവ് ഇത്തരക്കാർക്കുണ്ടാവും. ഇത്തരത്തിൽ ചിന്തിച്ചാൽ ഡൺസ്റ്റനച്ചൻ ഈ അവസ്ഥ പ്രാപിച്ച സി.എം.ഐ. വൈദികരിൽ ഒരാളാണ്.

ഈ വാക്കുകൾ കൊണ്ടു തന്നെ ഡൺസ്റ്റനച്ചൻ ആരാണെന്ന് അദ്ദേഹം വ്യക്തമാക്കിക്കഴിഞ്ഞു. തന്റെ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ മനസ്സിൽ ചില വ്യക്തിത്വങ്ങൾ ഒളി തൂകി നിൽക്കുന്നുണ്ട്. അതിൽ പരമപ്രധാനമായും ഓർത്തിരിക്കുന്നത് ഡൺസ്റ്റനച്ചനെയാണ്. വരന്തരപ്പിള്ളി ആശ്രമത്തിന്റെ അധിപനായിരുന്ന കാലഘട്ടം മുതൽ ഇന്നുവരെ അദ്ദേഹം ആ വൈദികന്റെ ആദർശപുരുഷനും, മാതൃകയുമാണെന്നു പറയുന്നു.

എപ്പോഴും ആരെ കണ്ടാലും കൊടുക്കുന്ന ഒരു ദേവപ്രസാദമായി അദ്ദേഹത്തിന്റെ മുഖത്തെ ആ പുഞ്ചിരി തെളിഞ്ഞു നിൽക്കുന്നുണ്ട്. ഹൃദയത്തിന്റെ ഉൾത്തടത്തിൽ നിന്നും ഊറി വരുന്ന സന്തോഷത്തിന്റെ പ്രകടനമായിരുന്നു ആ പുഞ്ചിരി. ആ മുഖം നോക്കി നമുക്കും ആ ആനന്ദത്തിന്റെ അംശങ്ങൾ നമ്മുടെ ഹൃദയത്തിലേക്ക് ഒപ്പിയെടുക്കാൻ സാധിക്കും. ആന്തരീകമായ 'ആനന്ദം' ഈശ്വര സാക്ഷാത്ക്കാരം ലഭിച്ചവരുടെ വലിയൊരു പ്രത്യേകതയാണ്. മുഖത്ത് ഉതിർന്നു വരുന്ന പുഞ്ചിരി – ഒരിക്കലും മാഞ്ഞു പോകാത്ത പുഞ്ചിരി – ആനന്ദം ഹൃദയത്തിൽ നിന്നും ഉറവയായി ഒഴുകിയെത്തുന്ന അവസ്ഥ. ഇതൊക്കെ കൈവശമാക്കിയിരുന്നു ഡൺസ്റ്റനച്ചൻ. ഒരിക്കൽ പോലും അതിരു വിട്ട് ആക്രോശിക്കുകയോ, സംസാരിക്കുകയോ ചെയ്തിട്ടില്ല. ആരേയും തന്റെ ഇംഗിതത്തിനും, ആവേശത്തിനും വേണ്ടി വളച്ചെടുത്തിട്ടില്ല. എല്ലാവരേയും അവരായിരിക്കുന്ന വിധത്തിൽ കാണുകയും, അവരെ ഈശ്വര സാക്ഷാത്ക്കാരത്തിനായി കൈപ്പിടിച്ചുയർത്തുകയും ചെയ്ത ഒരു ഋഷിവര്യൻ.

തന്റെ എല്ലാ പ്രവൃത്തികളും എത്ര നിസ്സാരമായാലും വലുതായിരുന്നാലും എന്തിനു പറയുന്നു, മുറ്റത്ത് പുല്ലു പറിയ്ക്കലായിരുന്നാലും, ആശ്രമ ശ്രേഷ്ഠന്റെ പ്രവൃത്തി ചെയ്യുകയായിരുന്നാലും ഈ സന്യാസവൈദീകന് ഒരേ അവസ്ഥ തന്നെയായിരുന്നു. ഒരു പക്ഷെ മഹാൻമാർ പറയുന്ന 'സ്ഥിതപ്രജ്ഞനെ'ന്ന അവസ്ഥ അദ്ദേഹം നേടിക്കഴിഞ്ഞിരുന്നു. എന്റെ കഴിഞ്ഞപോയ ജീവിതത്തിൽ കണ്ടു മുട്ടിയ പലരിൽ നിന്നും വേറിട്ടൊരു മനുഷ്യനായിരുന്നു എന്റെ പ്രിയപ്പെട്ട ഡൺസ്റ്റനച്ചൻ.

## 19

# ഡൺസ്റ്റനച്ചനെന്ന പുണ്യസമ്പന്നനായ ദരിദ്രസന്യാസി

ഫാ. ജോബി തോമസ് തുറയ്ക്കൽ സി.എം.ഐ.

നിശയുടെ നിശബ്ദതയിൽ വിടരുന്ന പുഷ്പങ്ങൾ വെൺമയുള്ളതും സൗരഭ്യം നിറഞ്ഞതുമാണത്രെ! ഏകദേശം 86 വർഷക്കാലം സംതൃപ്തനായി ഈ ഭൂമിയിൽ ജീവിച്ച്, നിശബ്ദതയിൽ നിധിധ്യാസനമിരുന്ന്, ഈശ്വരപ്രണിധാനത്തിലൂടെ ക്രിസ്തുവാകുന്ന മുന്തിരിച്ചെടിയോട് ഒന്നായിത്തീർന്ന് (യോഹ 15:4), ഈശ്വരസായൂജ്യം നേടിയ യോഗീവര്യനായ ഡൺസ്റ്റനച്ചന്റെ ജന്മശതാപ്തിയാണ് ഈ വർഷം. അദ്ദേഹത്തിന്റെ വിശ്വാസജീവിതത്തിന്റെ വെൺപ്രഭയും സുകൃതപരിമളവും തിരുസഭയെ, പ്രത്യേകിച്ച് ഭാരതസഭയെ പ്രേഷിതോന്മുഖവും തേജോന്മുഖവുമാക്കുമെന്നതിൽ തെല്ലും സംശയവുമില്ല. കാരണം, തനതായ സത്യസ്നേഹമാർഗ്ഗത്തിലൂടെ ജനതകൾക്ക് നീതി പ്രദാനം ചെയ്യുവാൻ, ദൈവത്തിന്റെ പ്രീതിപാത്രമായി, അവിടുന്ന് തിരഞ്ഞെടുത്ത അവിടുത്തെ ദാസനായിരുന്നല്ലോ (ഏശ 42:1) ഈ സർവസംഗപരിത്യാഗി!

തൃശൂർ ജില്ലയിലെ പാവറട്ടിയിൽ, ഒലക്കേങ്കിൽ ആനട്ടി കുടുംബത്തിൽ പൗലോസ്-മറിയം ദമ്പതികളുടെ നാലാമത്തെ മകനായി 1920 നവംബർ 27-ാം തിയതി ഡൺസ്റ്റനച്ചൻ ജനിച്ചു. മത്തായി എന്നാണ് മാമ്മോദീസ പേരെങ്കിലും, ഇട്ടൂപ്പുണ്ണി എന്നായിരുന്നു വിളിപ്പേര്. 1935-ൽ 15 വയസ്സ് തികയുന്നതിനുമുമ്പ് യോഗാർത്ഥിയായി സി.എം.ഐ. സഭയിൽ (അന്ന് TOCD) ചേർന്നു. നാലുവർഷത്തിനുശേഷം 1939-ൽ ആദ്യവ്രതം അനുഷ്ഠിച്ച് സന്യാസിയായ അദ്ദേഹം, തിരുക്കുടുംബത്തിന്റെ ഡൺസ്റ്റൻ എന്നറിയപ്പെടാൻ തുടങ്ങി. 1942-ൽ നിത്യവ്രതം ചെയ്യുകയും, മുത്തോലി, ചെത്തിപ്പുഴ എന്നിവിടങ്ങളിൽ തത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്ത ശേഷം, 1947-ൽ ചെത്തിപ്പുഴയിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു.

വളരെ ചുരുങ്ങിയ കാലം ചെത്തിപ്പുഴ, മണിമല, അയിരൂർ ഇടവകകളിലെ സഹവികാരിയായി സേവനമനുഷ്ഠിച്ചതൊഴിച്ചാൽ സന്യാസ-വൈദിക ജീവിതത്തിന്റെ സിംഹഭാഗവും അദ്ദേഹം ചിലവഴിച്ചത് അർത്ഥികളുടെ പരിശീലനത്തിനായിരുന്നു. അമ്പഴക്കാട് കൊവേന്തയുടെ പ്രൊക്യുറേറ്ററും, നവസന്യാസഭവനത്തിലെ കുമ്പസാരക്കാരനുമായിട്ടായിരുന്നു ആദ്യത്തെ നിയമനം. പിന്നീട് അർത്ഥികളുടെ ഗുരുവായും, ഗുരുക്കൻമാരുടെ സഹായിയായും, ആദ്ധ്യാത്മിക പിതാവായും സേവനമനുഷ്ഠിച്ചു. വരന്തരപ്പിള്ളി, എൽത്തുരുത്ത്, റാഞ്ചി, കൊഴിഞ്ഞാമ്പാറ, പാലക്കാട്, കൗണ്ടംപാളയം എന്നിവിടങ്ങളിലെ യോഗാർത്ഥിഭവനങ്ങളിൽ റെക്ടറായും, സരവണംപട്ടിയിലുണ്ടായിരുന്ന നവസന്യാസഭവനത്തിലെ ഗുരുവച്ചനായും, വരന്തരപ്പിള്ളി കൊവേന്തയിലെ പ്രിയോരായും, അട്ടപ്പാടിയിലെ സെന്റ് ജോസഫ്സ് ഭവൻ ആശ്രമത്തിലെ സുപ്പീരിയറായും അദ്ദേഹം നിയമിക്കപ്പെട്ടു. ജീവിതത്തിന്റെ അവസാനകാലഘട്ടം കൗണ്ടംപാളയത്തുണ്ടായിരുന്ന യോഗാർത്ഥിഭവനത്തിലായിരുന്ന അദ്ദേഹം, 2006 ഒക്ടോബർ 20-ാം തിയതി നിത്യസമ്മാനത്തിനായി യാത്രയായി.

ഡൺസ്റ്റനച്ചന്റെ പുണ്യജീവിതത്തിന് അടിസ്ഥാനമിടുന്നത് സ്വന്തം ഭവനത്തിൽ വച്ചുതന്നെയാണ്. മാതൃകാപരമായ ക്രിസ്തീയ കുടുംബജീവിതം നയിച്ചിരുന്ന മാതാപിതാക്കളും, സുകൃതാഭ്യാസത്തിൽ ഏറെ ശ്രദ്ധാലുവായിരുന്ന മൂത്തസഹോദരി കുഞ്ഞേത്തിയും, മത്തായിയെന്ന ഇട്ടൂപ്പുണ്ണിയുടെ വിശുദ്ധ ജീവിതത്തിന് അടിത്തറയിട്ടു. മൂത്തപെങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ഡൺസ്റ്റനച്ചൻ തന്റെ ആദ്ധ്യാത്മികപിതാവ് മലാഖിയാസ് കണ്ണനായ്ക്കലച്ചന്റെ നിർദ്ദേശപ്രകാരം എഴുതിയ ആദ്ധ്യാത്മികാനുഭവക്കുറിപ്പിൽ ഇപ്രകാരം പറയുന്നു: "ആ കാലയളവിൽ ഞാൻ ചെയ്തിട്ടുള്ള സൽപ്രവൃത്തികൾ അധികവും പെങ്ങളെ അനുകരിച്ചും പെങ്ങളുമായുള്ള സംഭാഷണത്തിന്റെ ഫലങ്ങളുമായിരുന്നു. പെങ്ങളുമായി സംഭാഷിച്ചു കഴിയുമ്പോൾ നല്ല ആഗ്രഹങ്ങളും പ്രതിജ്ഞകളും എന്നിൽ താനെയുണ്ടാകും" (33*). അതിന്റെ ഫലമെന്നവണ്ണം ഏഴാമത്തെ വയസ്സിൽ ഒരു പുണ്യവാനാകണമെന്ന തിരുമാനമെടുത്തു. തന്റെ ആഗ്രഹസഫലീകരണത്തിന് ഏറ്റവും ഉചിതമായ മാർഗ്ഗം സന്യസ്തജീവിതമാണെന്ന് കുഞ്ഞേത്തി പെ

*ഈ ലേഖനത്തിൽ ബ്രാക്കറ്റിൽ ഉപയോഗിച്ചിട്ടുള്ള സംഖ്യകൾ പോളി പയ്യപ്പിള്ളിയച്ചൻ രചിച്ച "സുതാര്യം സുന്ദരം" എന്ന പുസ്തകത്തിലെ താളുകളെയാണ് സൂചിപ്പിക്കുന്നത്.

ങ്ങളിൽനിന്നും ഇട്ടൂപ്പുണ്ണി തിരിച്ചറിഞ്ഞു. അതിനെക്കുറിച്ച് ഡൺസ്റ്റ നച്ചൻ ഇങ്ങനെ എഴുതി: "പുണ്യവാനാകുന്നതിനും മറ്റുള്ളവരുടെ ആത്മരക്ഷ സാധിക്കുന്നതിനും വേണ്ടി സന്യാസിയാകുന്നത് എനിക്ക് വളരെ ആകർഷണീയമായി" (41). സന്യാസപ്രവേശനത്തിനൊരുക്കമെന്നവണ്ണം ഏഴാമത്തെ വയസ്സു മുതൽ ഇട്ടൂപ്പുണ്ണി കുടുംബസ്നേഹത്തിൽനിന്നും, വസ്തുക്കളോടുള്ള സ്നേഹത്തിൽനിന്നും, ലൗകികമായ എല്ലാത്തിൽനിന്നും തന്നെത്തന്നെ അകറ്റി നിർത്തി. അതിലുപരി, സന്യാസജീവിതം ശ്രേഷ്ഠമായി നയിക്കുവാൻ സഹായകമായ അടിസ്ഥാനങ്ങൾ തന്നിലുണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു: "ബുദ്ധിശക്തിയും ചിന്താശീലവും പഠനത്തെ സംബന്ധിച്ചും, പുണ്യവാനാകാനുള്ള അതിയായ ആഗ്രഹവും ഭക്തിയിലേക്കുള്ള ചാച്ചിലു"മായിരുന്നു ഈ അടിസ്ഥാനങ്ങൾ (48). കൂടാതെ, വിശുദ്ധനാകുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച പ്രധാനഘടകം സ്വരാജ്യാഭിമാനമായിരുന്നു. കാരണം, അതുവരെ ഭാരതത്തിൽനിന്നും തദ്ദേശീയരായ വിശുദ്ധരില്ലെന്നാണ് അദ്ദേഹം മനസ്സിലാക്കിയിരുന്നത്. അദ്ദേഹമെഴുതി: "എനിക്കുവേണ്ടിത്തന്നെ ഒരു പുണ്യവാനാകുവാൻ യാതൊരു ന്യായവും ഞാൻ കണ്ടിരുന്നില്ല. ഈ സ്വരാജ്യസ്നേഹം എന്റെ ജീവിതത്തിന് ഉന്നതമായ കാഴ്ചപ്പാട് നൽകി..." (39).

കോപിഷ്ഠനും വാശിക്കാരനുമായിരുന്ന ഇട്ടൂപ്പുണ്ണിയിൽനിന്നും ശാരീരിക മാനസിക സഹനമാർഗ്ഗങ്ങളിലൂടെ സംയമനവും നിശ്ചയദാർഢ്യവും നിറഞ്ഞ സർവസംഗപരിത്യാഗിയായ പുണ്യാത്മാവായി ഡൺസ്റ്റനച്ചൻ രൂപപ്പെട്ടു. അതുകൊണ്ടായിരിക്കാം കുട്ടിക്കാലത്ത് ചൂടുകഞ്ഞി കണ്ടാൽ കലിതുള്ളി പാത്രം തട്ടിതെറിപ്പിച്ച അതേ വ്യക്തി തന്നെ, 52 വർഷക്കാലം അതികഠിനവേദന സമ്മാനിച്ചിരുന്ന എക്സിമ എന്ന രോഗത്തിൽനിന്ന് ഒരു വാർഷികധ്യാനത്തിൽ രോഗശാന്തി ലഭിച്ചപ്പോൾ ഇങ്ങനെ പ്രതികരിച്ചത്: "അയ്യോ, കഷ്ടമായി. എനിക്ക് സഹിക്കാൻ കർത്താവ് തന്ന അനുഗ്രഹമാണ്. അതെടുത്തു മാറ്റിയെന്ന് പറഞ്ഞപ്പോൾ ദുഃഖം തോന്നി" (64). ക്രൂശിതനോട് അലിഞ്ഞു ചേർന്നവന്റെ ഹൃദയവേദനയാണത്!

ഡൺസ്റ്റനച്ചന്റെ പുണ്യജീവിതത്തിന്റെ അടിസ്ഥാനശില എന്നത് "സത്യത്തോടുള്ള സ്നേഹമാണ്" (68–70). അദ്ദേഹം എഴുതി: "സത്യമായത് വിശ്വസിക്കുക, വിശ്വസിക്കുന്നത് പറയുക, പറയുന്നത് പ്രവർത്തിക്കുക. സത്യത്തിന്റെ അംഗീകരണത്തിൽനിന്നേ നീതി പുലരു

കയുള്ളൂ" (85). അതുകൊണ്ടുതന്നെ, തന്റെ പ്രിയ വിശുദ്ധനായ തോമസ് മൂറിനെപ്പോലെ സത്യത്തിന്റെ ശക്തമായ ധ്വനിയും നീതിയുടെ മറുവാക്കുമായി മാറിയിരുന്നു ആ പുണ്യാത്മാവിന്റെ ജീവിതം! ഒറ്റപ്പെടലുകളുടെ നടുവിലും, വാശിക്കാരനായി മുദ്രകുത്തപ്പെട്ടപ്പോഴും, ജൻമനാ ഭീരുവായിരുന്നവൻ ധീരനായി! നിർഭയത്തോടെ, എളിമ കൈവിടാതെ, വിശ്വാസചൈതന്യത്തിൽ അടിയുറച്ച്, സത്യത്തിന് സാക്ഷ്യം നൽകി. അനീതിയ്ക്കും അധർമ്മത്തിനുമെതിരെയുള്ള ശക്തമായ പ്രവാചകസ്വരമായി മാറി ഡൺസ്റ്റനച്ചൻ! "യാഥാർത്ഥ്യം തന്നോട് ആവശ്യപ്പെട്ട സമയങ്ങളിൽ ഒരിക്കലും മനഃപൂർവ്വം കള്ളം പറഞ്ഞിട്ടില്ല" (69) എന്നദ്ദേഹം സ്വയം സാക്ഷ്യപ്പെടുത്തുമ്പോൾ അദ്ദേഹത്തിലുണ്ടായിരുന്ന സത്യസ്നേഹത്തിന്റെ വിശുദ്ധിയും ആഴവും പരപ്പും എത്രയെന്നു സംശയലേശമെന്യെ വ്യക്തമാക്കപ്പെടുന്നുണ്ട്.

സത്യത്തോടുള്ള സ്നേഹം ശക്തിപ്പെട്ടതോടെ വിശുദ്ധിയിലേക്കുള്ള അകലം കുറഞ്ഞു തുടങ്ങി. തന്റെ സന്യാസ–വൈദിക സമർപ്പണത്തിലും വ്രതബദ്ധജീവിതത്തിലും സന്യാസക്രമങ്ങളിലും അൽപംപോലും വിട്ടുവീഴ്ച നടത്തുവാൻ അദ്ദേഹം തുനിഞ്ഞിരുന്നില്ല. ദേവാലയത്തിൽ ദീർഘനേരം മുട്ടുകുത്തി, ശിരസ്സു നമിച്ച്, കൈകൾ കൂപ്പി, ധ്യാനനിരതനാകുന്നതും, സമൂഹപ്രാർത്ഥനകളിൽ നിരന്തര സജീവസാന്നിദ്ധ്യമാകുന്നതും ഏവർക്കും പ്രചോദനമായിരുന്നു. ഓർമ്മശക്തി നഷ്ടപ്പെട്ടപ്പോഴും അദ്ദേഹത്തിന് അൽപ്പംപോലും സന്ദേഹമില്ലാതെ ഓടിയണയാൻ കഴിഞ്ഞിരുന്നത് ദിവ്യകാരുണ്യസന്നിധിയിൽ മാത്രമായിരുന്നുവെന്ന് തിരിച്ചറിയുമ്പോഴാണ് ഒരിക്കലും മായ്ക്കാനാകാത്ത അച്ചന്റെ ദൈവസ്നേഹത്തിന്റെയും അനുരൂപപ്പെടലിന്റെയും ആഴവും വ്യാപ്തിയും നാം ഗ്രഹിക്കുക! ഓർമ്മ മങ്ങിയപ്പോൾപോലും, തന്നിൽ അടിയുറച്ച ക്രിസ്തീയവിശ്വാസചൈതന്യത്തിന്റെ ദൃഷ്ടാന്തമെന്നവണ്ണം, അദ്ദേഹത്തോടൊപ്പം ദേവാലയത്തിലുണ്ടായിരുന്ന നവസന്യാസികളോട്, ഒരുൾപ്രേരണയെന്നപോലെ, ചുവന്ന വിരിയിട്ട സക്രാരിയിലേക്ക് വിരൽചൂണ്ടി, "ആ ചുവന്നത് ഏറ്റവും ശക്തിയുള്ളത്" എന്നും വി. ഗ്രന്ഥം കാണിച്ചുകൊണ്ട്, "അത് രണ്ടാമത്" എന്നും, ഒടുവിൽ, ക്രൂശിതരൂപം ചൂണ്ടിക്കാണിച്ചുകൊണ്ട്, "അത് മൂന്നാമത്..." (101) എന്നും ഉറച്ച ബോധ്യത്തോകൂടി ഉദ്ബോധിപ്പിച്ചുവത്രെ!

അനുസരണവ്രതമെന്നാൽ 'വഴിപ്പെടൽ' ആയിരുന്നു, കാര്യബോധമുള്ള ഡൺസ്റ്റനച്ചനെന്ന ഉത്തമസന്യാസിക്ക്. അച്ചനെഴുതി: "അ

ധികാരികളെ അനുസരിക്കുന്നതുകൊണ്ട് നമുക്ക് ഒരു കുറവും വരിക യില്ല. എന്നാൽ, അനുസരിക്കാൻ പറഞ്ഞ കാര്യത്തിൽ എന്തെങ്കിലും അപാകതയുണ്ടെന്ന് തോന്നുകയാണെങ്കിൽ നന്നായി പ്രാർത്ഥിച്ച് വ ളരെ താഴ്മയോടെ സ്വന്തം അഭിപ്രായം അധികാരിയോട് തുറന്ന് പറ യണം. അഭിപ്രായം പറയാതിരുന്നാൽ അത് തെറ്റാണ്. പേടിച്ചുകൊ ണ്ടുള്ള അനുസരണം നമ്മിലെ സത്യസന്ധതയെ കുറയ്ക്കും" (105). അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണെന്ന് (1 സാമുവൽ 15:22) ഉറച്ച ബോധ്യമുണ്ടായിരുന്ന ഡൺസ്റ്റനച്ചൻ, അധികാരികളുടെ അ നുവാദത്തോടെ മാത്രമെ പ്രവർത്തിച്ചിരുന്നുള്ളൂ. പിതൃപുത്രസമാന ബന്ധത്തിൽ നിന്നുരുത്തിരിഞ്ഞ മക്കൾക്കടുത്ത അനുസരണമാണ് അ ദ്ദേഹത്തിന് സന്യാസാനുസരണം. അതുകൊണ്ടായിരിക്കാം ഡോക്ട റുടെ നിർദ്ദേശപ്രകാരം, ചികിത്സാർത്ഥം, സായിബാബ കോളനിയി ലെ ആസ്പിരൻസ് ഹൗസിലെ റെക്ടറച്ചൻ വിലകൂടിയ ഒരു ജോഡി ചെരുപ്പുകൾ വാങ്ങി നൽകിയപ്പോൾ തന്റെ ദാരിദ്ര്യാരൂപിയെ അവഗ ണിച്ച്, തികഞ്ഞ വിധേയത്വത്തോടെ, അദ്ദേഹം അവ ഉപയോഗിച്ചത്!

വീരോചിതമായ ദാരിദ്ര്യാരൂപിയായിരുന്നു അദ്ദേഹത്തിന്റെ വിശു ദ്ധജീവിതത്തിന്റെയും സത്യസ്നേഹത്തിന്റെയും പ്രത്യക്ഷദൃഷ്ടാന്തം. വീട്ടിൽ ലഭിച്ചിരുന്നതിനെക്കാൾ കൂടുതൽ സൗകര്യങ്ങൾ സന്യാസ ജീവിതത്തിലുണ്ടാകരുതെന്ന് കൂടെക്കൂടെ ഓർമ്മിപ്പിച്ചിരുന്ന അദ്ദേഹം ദാരിദ്ര്യാരൂപിയുടെ ശ്രേഷ്ഠത എന്തെന്ന് സ്വന്തം ജീവിതത്തിലൂടെ വ്യക്തമാക്കുന്നുണ്ട്: "ഈ ദാരിദ്ര്യസ്നേഹം എന്നെ എല്ലാത്തിലും ഉ യർത്തി നിറുത്തി. ആരെയും സേവിക്കാതെ മനസ്സിന്റെ ശ്രേഷ്ഠത പാലിക്കാൻ അതെന്നെ സഹായിച്ചു. ആവശ്യങ്ങൾ ഇല്ലാത്തവൻ ദരി ദ്രനെങ്കിലും സമ്പന്നരെക്കാൾ സമ്പന്നനാണ്" (126). ലാളിത്യജീവിത ത്തിന്റെ പര്യായമായിരുന്ന ഡൺസ്റ്റനച്ചന് പാഴ്വസ്തുക്കളുണ്ടായി രുന്നില്ലെന്ന് തന്നെ പറയാം. നിഷ്പാദുകനായി, കിട്ടുന്നത് ഭക്ഷിച്ച്, പാതയോരത്ത് നിറുത്തിയിട്ട ബസിലുറങ്ങി, പഴയ വസ്ത്രങ്ങൾ ധരി ച്ച്, നിറഞ്ഞ പുഞ്ചിരിയുമായി കടന്നുപോയ ദരിദ്രസന്യാസിയെ കേൾ ക്കാനും, ആശ്വാസം തേടാനും ധാരാളം പേർ കാത്തുനിന്നിരുന്നു! ഒ രു തകരപ്പെട്ടിയും ഏതാനും പഴയ വസ്ത്രങ്ങളും ബാക്കി വച്ചാണ് സ്വർഗ്ഗത്തിലെ ധനികനായ ഡൺസ്റ്റനച്ചനെന്ന പുണ്യാത്മാവ് യാത്ര യായത്.

സത്യസ്നേഹിയായ ബ്രഹ്മചാരിക്ക് വീട്ടിൽനിന്നും ലഭിച്ച ശിക്ഷ

ണം ബാഹ്യവും ആന്തരികവുമായ വിശുദ്ധിയിൽ ജീവിക്കുന്നതിന് ഏറെ സഹായകമായി. സ്വാഭാവിക സ്നേഹബന്ധങ്ങളെ ജയിച്ച് ആത്മീയബന്ധങ്ങൾക്ക് അദ്ദേഹം അടിസ്ഥാനമിട്ടു. തനിക്കുണ്ടായിരുന്ന ഒരേയൊരു ആത്മീയസ്നേഹിതനെക്കാൾ കൂടുതലായി അദ്ദേഹം സഭാംഗങ്ങളെ സ്നേഹിച്ചു. അതിനുപകരിക്കുന്ന ന്യായം തന്റെ യുക്തിയിൽനിന്നു തന്നെ അച്ചൻ രൂപപ്പെടുത്തിയെടുത്തു: സഭാംഗങ്ങൾ സഹോദരൻമാരാണ്, സ്നേഹിതരല്ല. സ്നേഹിതൻ അവനിലുള്ള നന്മയെപ്രതി തിരഞ്ഞെടുക്കപ്പെടുന്നു, സ്നേഹിക്കപ്പെടുന്നു. എന്നാൽ, ഈശോമിശിഹാ നൽകിയ കൽപ്പനപ്രകാരം (യോഹ 15:17), സഭാംഗങ്ങളിൽ ഒരു നന്മയും കാണുന്നില്ലെങ്കിൽപ്പോലും അവർ അധികം സ്നേഹിക്കപ്പെടേണ്ടവരാണ് (122).

ചുരുക്കത്തിൽ, ദൈവസ്നേഹത്തിന്റെ ഓർമ്മകൾ നിറയ്ക്കുന്ന വിശുദ്ധ സാന്നിദ്ധ്യമായിരുന്നു ഡൺസ്റ്റനച്ചൻ. ശാരീരിക, മാനസിക, ആത്മീയ സഹനങ്ങളുടെ തീച്ചൂളയിൽ ഉരുക്കി വാർത്തെടുക്കപ്പെട്ട ദൈവത്തിന്റെ സഹനദാസൻ! ഇഷ്ടക്കേടുകളുടെ ഇടയിലും ദൈവത്തിന്റെ കരം ദർശിച്ച കർമ്മയോഗി! സി.എം.ഐ. സഭയിലെ ആദ്യത്തെ മിഷനറിയാകാൻ അതിയായി ആഗ്രഹിച്ചപ്പോൾ, ആഗ്രഹിക്കാത്ത ദൗത്യമായ യോഗാർത്ഥി പരിശീലനം ദൈവഹിതംപോലെ ഏറ്റെടുത്ത മഹാത്യാഗി! അനുരഞ്ജനശുശ്രൂഷയ്ക്കായി അണയുന്നവർ തിരിച്ചറിഞ്ഞ, അറിവും പക്വതയും അനുകമ്പയുമുള്ള ആദ്ധ്യാത്മിക പിതാവ്! തന്റെ കുറവുകളെ മനസ്സാ സ്വീകരിച്ച്, മറ്റുള്ളവർക്ക് മുമ്പിൽ എളിമയോടെ ഹാസ്യരൂപത്തിൽ പങ്കുവച്ചിരുന്ന നിറവുള്ള ജ്ഞാനി! സ്വർഗ്ഗപിതാവിന്റെ വാത്സല്യത്തിൽ, ഈശോമിശിഹായുടെ സ്നേഹത്തിൽ, ദൈവാത്മാവിന്റെ പരിപാലനയിൽ, എല്ലാവരെയും സ്വീകരിച്ച്, വിലമതിച്ച്, ആത്മീയതയിൽ പരിപാലിച്ച വിശുദ്ധാത്മാവ്! അതെ, "അദ്ദേഹം എല്ലാത്തിലും ദൈവത്തെ കണ്ടു. എല്ലാം ദൈവത്തിൽ കണ്ടു." അതുകൊണ്ടാണ് ആ പുണ്യാത്മാവ് ഇപ്രകാരം മൊഴിഞ്ഞ് സ്വർഗ്ഗത്തിലേക്ക് യാത്രയായത്: "ഞാൻ മരിച്ചു... ഞാൻ പോവാണ്... എനിക്ക് സന്തോഷാണ്... രക്ഷിക്കണെ... ഈശോ..."

# 20

# ദൈവൈക്യശ്രമങ്ങളും മാനുഷികബന്ധങ്ങളും ഡൺസ്റ്റനച്ചന്റെ ജീവിതദർശനത്തിൽ

ഫാ. സാജു ചക്കാലക്കൽ സി.എം.ഐ.

വിശുദ്ധ കുര്യാക്കോസ് എലിയാസ് ചാവറപിതാവിന്റെയും വിശുദ്ധ അൽഫോൻസാമ്മയുടെയും വിശുദ്ധപദപ്രഖ്യാപനം നടക്കുന്നതിൽ കാലവിളംബം നേരിടുന്ന നാളുകളിൽ അതിനോടനുബന്ധിച്ചുള്ള പ്രക്രിയകളിൽ ഉൾപ്പെട്ടിരുന്ന വിഘ്നങ്ങളെക്കുറിച്ച് മനസ്സിലാക്കിയ ഡൺസ്റ്റനച്ചൻ തന്റെ ഡയറികുറിപ്പുകളിൽ എഴുതിയത് ഇപ്രകാരമാണ്: ഈ ധന്യാത്മാകളുടെ ഔദ്യോഗികമായ വിശുദ്ധപദപ്രഖ്യാപനത്തിനു മുൻപ് ഞാൻ ഒരു വിശുദ്ധനാകും. തന്റെ കൗമാരപ്രായത്തിൽ ഒരു സന്ന്യാസവൈദികനായി തീരുവാൻ വീട്ടിൽനിന്നും ഇറങ്ങിപുറപ്പെട്ടപ്പോൾ ഡൺസ്റ്റനച്ചൻ തന്റെ മനസ്സിൽ കുറിച്ചിട്ട ഒരേയൊരു നിർബന്ധമേ ഉണ്ടായിരുന്നുള്ളൂ: എനിക്ക് ഒരു വിശുദ്ധനാകണം. താൻ താണ്ടിയ വഴികളാകട്ടെ, താൻ ചെയ്ത പ്രവൃത്തികളാകട്ടെ അതൊക്കെ എന്തായിരുന്നാലും ഏകാഗ്രദൃഷ്ടിയോടെ, ഉന്നംതെറ്റാത്ത ശ്രദ്ധയോടെ ഡൺസ്റ്റനച്ചൻ തന്റെ വിശുദ്ധിയുടെ പാതയിൽ നിന്നും അണുവിടാതെ പ്രയാണം ചെയ്തു; തന്റെ ജീവിതലക്ഷ്യം സാർത്ഥകമാക്കി.

വിശുദ്ധിയിലേക്കുള്ള ഈ ശ്രമകരമായ പ്രയാണത്തിൽ ഡൺസ്റ്റനച്ചൻ സ്വന്തമാക്കിയ രണ്ടു തലങ്ങളിലുള്ള സുദൃഢമായ ബന്ധങ്ങളുണ്ടായിരുന്നു. അതിൽ ഏറ്റവും പരമപ്രധാനമായതായിരുന്നു അദ്ദേഹത്തിന്റെ ദൈവൈക്യശ്രമം. വളരെചെറുപ്രായത്തിൽതന്നെ ദൈവത്തെ തന്റെ പിതാവായി കാണുന്നതിനും, ഇടമുറിയാത്ത ഒരു സ്നേഹബന്ധം നേടിയെടുക്കുന്നതിലും ഡൺസ്റ്റനച്ചൻ ശ്രദ്ധവച്ചുവെന്നതിന് സാക്ഷ്യമായി നിൽക്കുന്നത് അദ്ദേഹത്തിന്റെ നിതാന്തമായ പ്രാർത്ഥനക്കുള്ള അഭിവാഞ്ജയാണ്. വൈദികവിദ്യാർത്ഥികളുടെ പരിശീലകനെന്ന നിലയിൽ എത്രയേറെ തിരക്കുകളും ബദ്ധപ്പാടുകളുമുണ്ടായി

രുന്നെങ്കിലും ഏറ്റവും സ്വതസിദ്ധമായി മണിക്കൂറുകൾ ദേവാലയത്തിൽ ചിലവഴിക്കാൻ ഡൺസ്റ്റനച്ചന് കഴിയുമായിരുന്നു. കൂടാതെ, ശാരീരികമായി ഏറെ ക്ഷീണിപ്പിക്കുന്ന ജോലികളിലോ യാത്രയിലോ ആയിരുന്നാലും, ആ ക്ഷീണം വകവെക്കാതെ തന്റെ പ്രാണപ്രിയനായ ദൈവപിതാവിന്റെ സന്നിധിയിലായിരിക്കുന്നതിൽ നിർന്നിമേഷനായി മണിക്കൂറുകൾ ദിവ്യകാരുണ്യസന്നിധിയിൽ മുട്ടിന്മേൽ ആയിരിക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തിയിരുന്നു. നവാസന്ന്യാസഗുരുവായി യുവസന്ന്യാസികൾക്കു പരിശീലനം നൽകുന്ന നാളുകളിൽ നിശയുടെ നീണ്ടയാമങ്ങൾ ദിവ്യകാരുണ്യസന്നിധിയിൽ ഡൺസ്റ്റനച്ചൻ ചിലവഴിച്ചിരുന്നു എന്നതിന് ഞാനടങ്ങുന്ന അദ്ദേഹത്തിന്റെ ശിഷ്യസമൂഹം സാക്ഷി. അനുദിനജീവിതചര്യയിലെ നിരവധി സത്യത്തിന്റെ നേർരേഖയായും, നീതിബോധത്തിന്റെ കണ്ണാടിയായും, ജീവിതലാളിത്യത്തിന്റെ നേർക്കാഴ്ചയായും, ക്രിസ്തീയ വിശുദ്ധിയുടെ ഉത്തമ ഉദാഹരണമായും ജീവിതം കാഴ്ചവച്ച ഡൺസ്റ്റൻ ഒലക്കേങ്കലച്ചൻ (27 നവംബർ 1920 - 20 ഒക്ടോബർ 2006) സി.എം.ഐ. സന്ന്യാസസമൂഹത്തിന് ഒരു മാതൃകയും വെല്ലുവിളിയുമാണ്. ജന്മശതാബ്ദി വേളയിൽ ഡൺസ്റ്റനച്ചന്റെ ശിഷ്യരിൽ ഒരാളായ ഫാ. സാജു ചക്കാലക്കൽ തന്റെ നവസന്ന്യാസ ഗുരുവച്ചനെക്കുറിച്ചും അദ്ദേഹത്തിന്റെ വിശുദ്ധിയെക്കുറിച്ചും നമ്മെ ഓർമിപ്പിക്കുന്നു.

കാര്യങ്ങളിൽ മറവി അദ്ദേഹത്തെ വിഷമിപ്പിച്ചിരുന്നെങ്കിലും തന്റെ ദൈവസ്നേഹപരിശ്രമങ്ങളിൽ അത് വിനയായില്ല: “വലിയ മറവിക്കാരൻ, എന്നാൽ ഈശോയെ മറക്കാത്ത മഹായോഗി” എന്നാണ് അദ്ദേഹത്തെ അടുത്തറിയുന്നവർ വിശേഷിപ്പിച്ചിരുന്നത്.

താൻ ഏറ്റവും അധികമായി കാംക്ഷിക്കുന്ന ദൈവൈക്യജീവിതത്തിൽ കൂടുതൽ ആഴപ്പെടുന്നതിനുവേണ്ടി തന്റെ ദിനചര്യകളെ ഡൺസ്റ്റനച്ചൻ ക്രമീകരിക്കുമായിരുന്നു. തന്റെ സാഹസന്ന്യാസികളോടും ഇടപെട്ടിരുന്ന ഇതരവ്യക്തികളോടും ദൈവൈക്യശ്രമങ്ങളെക്കുറിച്ചു സംസാരിക്കുന്നതിന് അദ്ദേഹത്തിന് സ്വാഭാവിക താല്പര്യം ഉണ്ടായിരുന്നു. കൂടാതെ, ഈ നിതാന്ത പരിശ്രമത്തിനു ഉതകുന്നരീതിയിൽ ദൈവവചനപാരായണത്തിലും മറ്റു അദ്ധ്യാത്മീകഗ്രന്ഥങ്ങളുടെ പഠനത്തിലും നീണ്ടമണിക്കൂറുകൾ അദ്ദേഹം ചിലവിടുമായിരുന്നു. തന്റെ പരിശ്രമങ്ങളെ സുഗമമാക്കുവാൻ കഴിയുന്ന വ്യക്തികളുമായി താൻ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു പങ്കുവെക്കുകയും, അവരുടെ നിർ

ദേശങ്ങൾ അദ്ദേഹം തേടുകയും ചെയ്യുമായിരുന്നു. അങ്ങനെ, തന്റെ ആത്മാവിൽ സ്വീകരിച്ചിരുന്ന പരിശുദ്ധാത്മാവിന്റെ പ്രേരണകളോടൊപ്പം ഡൺസ്റ്റനച്ചൻ തന്റെ ദൈവൈക്യശ്രമങ്ങളിൽ അനുഭവസ്ഥരായ ഇതരവ്യക്തികളുടെ നിർദ്ദേശങ്ങൾക്കും തുറവിയുള്ളവനായിരുന്നു. ജീവിതത്തിൽ മനസ്സറിഞ്ഞുചെയ്യുന്ന പ്രവൃത്തികളെല്ലാംതന്നെ ദൈവസന്നിധിയിലേക്കു എത്തിക്കുന്നതാകണം എന്ന നിർബന്ധം ഡൺസ്റ്റനച്ചന് സ്വന്തമായിരുന്നു; അത്തരത്തിലുള്ള നിലപാട് സ്വന്തമാക്കാൻ മറ്റുള്ളവരെ അദ്ദേഹം പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു.

കർമ്മലീത്താ സന്ന്യാസജീവിതശൈലിയോട് ഡൺസ്റ്റനച്ചനുണ്ടായിരുന്ന ആഴത്തിലുള്ള അഭിനിവേശം അദ്ദേഹത്തിന്റെ ദൈവൈക്യശ്രമങ്ങളുടെ ഒരു സ്പഷ്ടമായ പ്രകാശനമായിരുന്നു. പ്രവാചകനായ ഏലിയായിലൂടെ കർമ്മലയുടെ അഗാധമായ നിശബ്ദതയിൽ സാധ്യമായ ദൈവാനുഭവം സ്വന്തമാക്കാൻ അദ്ദേഹം ഏറെ ആശിച്ചിരുന്നു. തികഞ്ഞ ഒരു മാതൃഭക്തനായിരുന്ന ഡൺസ്റ്റനച്ചന്, "എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചിരുന്ന" (ലൂക്ക 2:51) മറിയത്തിന്റെ ജീവിതമാതൃക സ്വായത്തമാക്കുവാനുള്ള ഏറ്റവും സുഗമമായ പാതയായിരുന്നു കർമ്മലസഭയിലെ തന്റെ സന്ന്യാസജീവിതം. കർമ്മലയിലെ വിശുദ്ധരും നിഷ്പാദുകകർമ്മലസഭയുടെ വിധാതാക്കളും പരക്കെ അറിയപ്പെടുന്ന മിസ്റ്റിക്കുകളുമായ അമ്മത്രേസ്യായുടെയും യോഹന്നാൻ ക്രൂസിന്റെയും അനുഭവങ്ങളും പാഠങ്ങളും ഏറെ പ്രചോദനാത്മകമായി സ്വീകരിക്കുകയും നിതാന്തപരിശ്രമത്തിലൂടെ അവ പ്രാവർത്തികമാക്കാൻ ബദ്ധശ്രദ്ധനുമായിരുന്നു ഡൺസ്റ്റനച്ചൻ. ഏറെ ആത്മാർഥമായി കർമ്മലസഭയിലെ ജീവിതശൈലി തന്റെ ദൈവൈക്യജീവിതത്തിനു തുണയായി ഭവിക്കും എന്ന് ഉറപ്പിച്ചു വിശ്വസിച്ചിരുന്ന അദ്ദേഹത്തിന്, ഈ ജീവിതരീതിയിൽനിന്നും വ്യതിചലിക്കാനോ, അതിന്റെ അനുദിനവ്യാപാരങ്ങളിൽ വെള്ളം ചേർക്കാൻ വേണ്ടിയോ നടത്തിയിരുന്ന ശ്രമങ്ങളെ ശക്തിയുക്തം എതിർക്കുവാനുള്ള ചങ്കൂറ്റവുമുണ്ടായിരുന്നു. ആയതിനാൽ, സി.എം.ഐ. സന്ന്യാസസമൂഹത്തിന്റെ ന്യായപ്രമാണങ്ങളുടെ പുനരവലോകനവും മാറ്റിയെഴുത്തും നടക്കുന്നവേളയിൽ ഈ സമൂഹം എത്രമാത്രം അതിന്റെ കർമ്മലീത്താസ്വഭാവം തുടരണം എന്നുള്ള ചർച്ചയിൽ വളരെ ശക്തമായി ഇടപെടുവാൻ ഡൺസ്റ്റനച്ചൻ സധൈര്യം മുന്നോട്ടുവരികയുണ്ടായി എന്നുള്ളതിന്

ചരിത്രം സാക്ഷി. കർമ്മലീത്താ സ്വഭാവം ഉപേക്ഷിക്കുന്നരീതിയിൽ തീരുമാനം എടുക്കുകയാണെങ്കിൽ, താൽപര്യമുള്ളവരെ ഉൾപ്പെടുത്തി കർമ്മലീത്താതനിമ നിലനിർത്തുന്ന മറ്റൊരു സന്ന്യാസസമൂഹം രൂപപ്പെടുത്തണമെന്നതിനും അദ്ദേഹം ഉറച്ചബോദ്ധ്യത്തോടെ നിലകൊണ്ടയാളാണ്. ഇതെല്ലം എടുത്തുകാണിക്കുന്നത് ഡൺസ്റ്റനച്ചന്റെ കറകളഞ്ഞ, ഉറച്ചബോദ്ധ്യമുള്ള ദൈവൈക്യജീവിതത്തിനുള്ള ത്വരയും അഭിനിവേശവുമാണ്.

ശാന്തമായി, മൗനമായി ദൈവസന്നിധിയിൽ മുറിയിൽ ആയിരുന്നാലും ദേവാലയത്തിൽ ആയിരുന്നാലും, ആശ്രമത്തിലായാലും യാത്രയിലായിരുന്നാലും, പഠനത്തിലായിരുന്നാലും കായികാദ്ധ്വാനത്തിലായിരുന്നാലും എത്ര സമയം വേണമെങ്കിലും ചിലവിടുവാൻ ഡൺസ്റ്റനച്ചന് എളുപ്പമായിരുന്നു. സമൂഹത്തോടൊപ്പമായിരിക്കുമ്പോൾ വാച്യപ്രാർത്ഥനക്ക് സ്വാഭാവികമായും പങ്കെടുത്തിരുന്ന അദ്ദേഹത്തിന്, തന്റെ വ്യക്തിപരമായി ചിലവിട്ടിരുന്ന ധ്യാനപ്രാർത്ഥനാസമയങ്ങളിൽ യാതൊരു രീതിയിലുള്ള പ്രാർത്ഥനാസഹായികളും ആവശ്യമായിരുന്നില്ല. മണിക്കൂറുകളോളം നിർന്നിമേഷനായി ദിവ്യകാരുണ്യസന്നിധിയിൽ മുട്ടിന്മേൽ ചിലവിട്ടിരുന്ന അദ്ദേഹത്തിന് വാക്കുകൾക്കും വാച്യപ്രാർത്ഥനകൾക്കുമപ്പുറമുള്ള ഒരു ദൈവാനുഭവം സ്വന്തമാക്കാൻ കഴിഞ്ഞിരുന്നു. തന്റെ ദിവ്യബലിയർപ്പണവും ഇതിന് ഇണങ്ങുന്നരീതിയിൽ ക്രമീകരിക്കുവാൻ ഡൺസ്റ്റനച്ചന് ഏറെ താല്പര്യമുണ്ടായിരുന്നു. എങ്കിലും തിരുസഭാനിയമങ്ങൾ അതിനുള്ള സ്വാതന്ത്ര്യം നൽകുന്നില്ല എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം, ഒരുവേള തന്റെ മെത്രാനായിരുന്ന മാർ ജോസഫ് ഇരിമ്പൻപിതാവിന്റെ അടുത്ത് നവാസന്ന്യാസികളോടൊത്തുള്ള ദിവ്യബലിമദ്ധ്യേ ദിവ്യകാരുണ്യസ്വീകരണാനന്തരം കുറച്ചുസമയം മൗനമായി കൃതജ്ഞതാപ്രകാശനത്തിന് ചിലവിടുവാൻ അനുവാദം തേടുകയുണ്ടായി. ആ അനുവാദം നിരാകരിക്കപ്പെട്ടെങ്കിലും യാതൊരു പരാതിയുമില്ലാതെ തന്റെ ദൈവൈക്യശ്രമങ്ങളിലും തിരുസഭാധികാരികളോടുള്ള വിധേയത്വത്തിലും അദ്ദേഹം കൂടുതൽ ബോധ്യത്തോടെ മുന്നോട്ടുപോയി. തനിക്കു അനുവാദം നിഷേധിച്ച ഈ വൈദികമേലദ്ധ്യക്ഷൻ ഡൺസ്റ്റനച്ചന്റെയരികിലാണ് സ്ഥിരമായി അനുരഞ്ജനകൂദാശക്ക് അണഞ്ഞിരുന്നത് എന്നതും ഇവിടെ അനുസ്മരണീയമാണ്.

ആഴമേറിയതും നിതാന്തവുമായ ഡൺസ്റ്റനച്ചന്റെ ദൈവൈക്യശ്രമ

ത്തിന്റെ മറുവശമാണ് തന്റെ സഹജീവികളോടും സഹസന്ന്യാസിക ളോടുമുണ്ടായിരുന്ന അദ്ദേഹത്തിന്റെ ഊഷ്മളമായ ബന്ധം. വ്യത്യസ് തമായ ആശയങ്ങളും അഭിപ്രായങ്ങളും പുലർത്തുന്നവരുമായി സാധാരണ കാണാറുള്ള അകൽച്ച ഡൺസ്റ്റനച്ചന് ആരുമായും ഉണ്ടാ യിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തിൽ വെറുപ്പിനും വിദ്വേഷത്തി നും യാതൊരു സാദ്ധ്യതയുമില്ലായിരുന്നു. ഔദ്യോഗിക വേദികളിൽ നടക്കുന്ന ചർച്ചകളിൽ ശക്തിയുക്തം തന്റെ ബോധ്യങ്ങൾക്കുവേണ്ടി വാദിച്ചിരുന്ന ഡൺസ്റ്റനച്ചന്, ആ ചർച്ചകൾക്കുശേഷം വളരെ സ്വാഭാ വികമായി തന്റെ എതിർപക്ഷത്തുനിന്ന് വാദിച്ചിരുന്നവരോട് സ്നേ ഹപൂർവ്വം ഇടപഴകുവാൻ കഴിയുമായിരുന്നു.

ഒരു കുഞ്ഞിനെപ്പോലും അറിഞ്ഞുകൊണ്ട് നോവിക്കാൻ കഴിയാ ത്ത ഡൺസ്റ്റനച്ചൻ തന്നെ നോവിച്ചിട്ടുള്ളവരോടുപോലും യാതൊരു ഈർഷ്യയും പ്രകടിപ്പിക്കാറില്ല. സ്വാധീനശക്തിയുള്ള ബന്ധങ്ങൾക്കു വേണ്ടി സ്വയം ആളാകാൻ ശ്രമിക്കുന്ന നിരവധിപേരുടെ സഹവാസം അദ്ദേഹത്തിനുണ്ടായിരുന്നെങ്കിലും, കൃത്രിമമായ മാർഗ്ഗങ്ങളിലൂടെ ബന്ധങ്ങൾ നേടുവാനോ വളർത്തുവാനോ ശ്രദ്ധവക്കാത്തവനായിരു ന്നു അദ്ദേഹം. തന്റെ ശിക്ഷണത്തിലായിരുന്ന യോഗാർത്ഥികളോടും നവസന്ന്യാസികളോടും, ആത്മീയോപദേശത്തിനായി തന്നെ സമീപി ച്ചിരുന്ന ഇതര വൈദികരോടും സന്ന്യാസിനികളോടും, പിതൃതുല്യ മായ ഒരു വാത്സല്യം അദ്ദേഹത്തിനുണ്ടായിരുന്നു. അവരുടെ ആവശ്യ ങ്ങളിൽ അവർക്ക് തുണയായും, അവരുടെ ന്യൂനതകളിൽ കരുത്തുറ്റ കൂട്ടായും, അവരുടെ തെറ്റുകളിൽ ക്ഷമാശീലനായും, ആവശ്യമുള്ള പ്പോൾ നിർബന്ധബുദ്ധിയുള്ള തിരുത്തൽശക്തിയായും ഡൺസ്റ്റനച്ചൻ അവരോടൊത്തുണ്ടായിരുന്നു. അസുഖമുള്ളവരോടും വേദന അനുഭ വിക്കുന്നവരോടും അദ്ദേഹത്തിനുണ്ടായിരുന്ന പ്രത്യേക ശ്രദ്ധ, അവ രെ പരിചരിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന വൈഭവം ദൈവ ദത്തവും മാതൃതുല്യവുമായിരുന്നു. നവസന്ന്യാസകാലത്ത് പതിവിൽ ക്കൂടുതലായി ചികിത്സാവിധികൾക്കായി വിധേയനാകേണ്ടിവന്ന എ നിക്ക് അദ്ദേഹം നൽകിയ കരുതലും, എന്റെ തുടർന്നുള്ള വളർച്ചയിൽ അദ്ദേഹത്തിൽനിന്നും കിട്ടിയ നിരന്തരമായ പ്രോത്സാഹനവും എന്റെ സന്ന്യാസവൈദിക പരിശീലനം പൂർത്തിയാക്കുന്നതിൽ നിർണായ കമായിരുന്നു എന്നുള്ളതിന് ഞാനും എന്റെ സഹപാഠികളും സാക്ഷി.

തന്റെ ബന്ധങ്ങൾ പവിത്രമായി സൂക്ഷിക്കുന്നതിൽ ഡൺസ്റ്റനച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പരിശീലനത്തിലിരിക്കുന്നവർ, തന്റെ സാ

ഹസന്ന്യാസികൾ, ആധ്യാത്മികനിർദേശങ്ങൾക്കായി തന്നെ സമീപിച്ചിരുന്നു വൈദികർ, സന്ന്യാസിനികൾ തുടങ്ങിയവരുടെയടുത്ത്, മറ്റുള്ളവരുടെ കുറ്റങ്ങളേയും കുറവുകളേയുംകുറിച്ചു അവരുടെ അസാന്നിധ്യത്തിൽ സംസാരിക്കുന്നത് അദ്ദേഹം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല, പ്രോത്സാഹിപ്പിച്ചിരുന്നുമില്ല. അതോടൊപ്പം, ചുരുങ്ങിയ വാക്കുകളിലാണെങ്കിലും കഴിവുറ്റ വ്യക്തികളെ സർഗാത്മകമായി പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹത്തിന് ശ്രദ്ധയുണ്ടായിരുന്നു; അതോടൊപ്പം മുൻനിരയിൽ സ്വാഭാവികമായി ഇടംനേടാത്തവരെ അവസരങ്ങൾ കൊടുത്ത് വളർത്തുന്നതിലും അദ്ദേഹത്തിന് പ്രത്യേക താല്പര്യമുണ്ടായിരുന്നു. എങ്കിലും, ആരുടെയെങ്കിലും അഹന്തയെ അടിസ്ഥാനരഹിതമായി ഊതിവീർപ്പിക്കുന്ന രീതിയിലുള്ള പ്രോത്സാഹനശൈലി അദ്ദേഹത്തിന് അന്യവുമായിരുന്നു. ഇത്തരത്തിലുള്ള കറയറ്റതും, അതേസമയം ആഴമേറിയ ആധ്യാത്മീകതയിൽ ഉറപ്പിക്കപ്പെട്ടതുമായ ഒരു ജീവിതശൈലി ഉണ്ടായിരുന്നതുകൊണ്ട് നിരവധി സന്ന്യാസിനീസന്ന്യാസിമാർക്ക് ഡൺസ്റ്റനച്ചനോട് ഏറെ സ്നേഹവും ബഹുമാനവും ആയിരുന്നു.

തന്റെ മനുഷ്യബന്ധങ്ങളെ ഒരു ദൈവികതലത്തിലേക്ക് ഉയർത്തുവാൻ ഒരു പ്രത്യേക പാടവം ഡൺസ്റ്റനച്ചന് സ്വന്തമായിരുന്നു. ചെറുപ്രായത്തിൽത്തന്നെ തന്റെ കുടുംബാംഗങ്ങളോടുള്ള ബന്ധം സന്ന്യാസത്തിന് തടസ്സമായേക്കാം എന്നുള്ള ചിന്തയും ഉണ്ടായിരുന്നതുകൊണ്ട് അവരോട് പലപ്പോഴും ഒരു അന്യനെപ്പോലെ പെരുമാറുവാൻ ശ്രമിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതം.

ആവശ്യങ്ങളിൽ തന്നെ സമീപിക്കുന്നവർക്ക് തന്റെ സാമീപ്യംകൊണ്ടും വാക്കുകൾകൊണ്ടും കരുത്തുപകർന്നിരുന്ന ഡൺസ്റ്റനച്ചന്, തന്റെ പരിമിതികളെക്കുറിച്ചു ബോധ്യമുണ്ടായിരുന്നതുകൊണ്ടുതന്നെ, അവരെയും അവരുടെ ആവശ്യങ്ങളെയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നത് വളരെ സ്വാഭാവികമായി സാധിക്കുമായിരുന്നു. കൂടാതെ, ഡൺസ്റ്റനച്ചനെ അടുത്തറിയാവുന്ന എല്ലാവരും, ഭൗതിക ആവശ്യങ്ങൾക്കായി അദ്ദേഹത്തിന്റെ സഹായം തേടുന്നതിലും ഉപരിയായി, അവരുടെ ആദ്ധ്യാത്മികജീവിതത്തിൽ ആശ്വാസം ലഭിക്കുന്നതിനായും വളർച്ചയുണ്ടാകുന്നതിനുമായിട്ടാണ് അദ്ദേഹത്തിന്റെയരികിൽ എത്തിയിരുന്നത്. അതുകൊണ്ടുതന്നെ, അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിൽ അവരുമായുള്ള സമ്പർക്കം കൂടുതൽ ദൈവികമാക്കാൻ എളുപ്പവുമായിരുന്നു. “ദൈവം തരും; ദൈവം സഹായിക്കും” എന്നുള്ള

ഉറപ്പായിരുന്നു ഡൺസ്റ്റനച്ചൻ ഏവർക്കും നൽകിയിരുന്നത്. നന്മയൂറുന്ന മനുഷ്യബന്ധങ്ങൾ വിശുദ്ധിയുടെ പാതയിൽ മുന്നേറുവാൻ ഉതകുന്നവയാണെന്നും ഡൺസ്റ്റനച്ചന് ബോദ്ധ്യമുണ്ടായിരുന്നു.

അങ്ങനെ ആഴമേറിയ ദൈവൈക്യവും ആത്മാർത്ഥമായ മനുഷ്യബന്ധങ്ങളും ഡൺസ്റ്റനച്ചന്റെ ജീവിതത്തെ ഒരേ സമയം ദൈവീകവും മാനുഷികവുമാക്കി. തന്റെ ദൈവൈക്യശ്രമങ്ങൾ അദ്ദേഹത്തിന്റെ മാനുഷികബന്ധങ്ങളെ കൂടുതൽ ഊഷ്മളവും അർത്ഥപൂർണവുമാക്കിയതുപോലെ, ഡൺസ്റ്റനച്ചൻ ജീവിതത്തിൽ വച്ചുപുലർത്തിയ മനുഷ്യബന്ധങ്ങൾ അദ്ദേഹത്തിന്റെ ദൈവൈക്യശ്രമങ്ങളെ കൂടുതൽ കരുത്തുറ്റതും ക്രിസ്തീയവുമാക്കി. ദൈവമനുഷ്യബന്ധങ്ങളെ സമഞ്ജസമായി സമ്മേളിപ്പിച്ച ഡൺസ്റ്റനച്ചന്റെ മഹനീയ ജീവിതമാതൃക ആധുനിക ക്രിസ്തീയജീവിതപാതയിൽ ഏറെ പ്രതീക്ഷാവഹവും വിശുദ്ധിയിലുള്ള വളർച്ചക്ക് പ്രോത്സാഹനജനകവുമാണ്. ഇനിയും ഏറെ മനുഷ്യജീവിതങ്ങളെ ദൈവൈക്യപാതയിൽ ചരിക്കുവാൻ കൂടുതൽ പ്രാപ്തമാക്കുവാൻ ഈ മാതൃകാസന്ന്യാസവൈദികന്റെ ദൈവസന്നിധിയിലുള്ള സാന്നിധ്യത്തിലൂടെ സാധ്യമാകട്ടെയെന്നാണ് എന്റെ പ്രാർത്ഥന.



ഡൺസ്റ്റൻ ഒലക്കേങ്കലച്ചനെക്കുറിച്ച്
**കൂടുതൽ വിവരങ്ങൾ അറിയാൻ:**

പ്രേഷിത പ്രൊവിൻഷ്യൽ ഹൗസ്
ലിറ്റിൽ ഫ്ളവർ മിഷൻ സെന്റർ
ഭാരതിയാർ യൂണിവേഴ്സിറ്റി പി.ഒ.
കോയമ്പത്തൂർ 641 046 തമിഴ്നാട്
ഫോൺ: +91 63809 90713
www.dunston.in